VOL NO: 05 | ISSUE 01
www.nerpatham.com
mail@nerpatham.com

2020 JANUARY 02 | ₹12

# നേർപഥം
## വാരിക

# രാജ്യം വിൽക്കപ്പെടുമ്പോൾ നാം എന്തെടുക്കുകയാണ്?



രാജ്യത്തിന്റെ ഭക്ഷണദാതാക്കളായ കർഷകർ മാസങ്ങളായി ഡൽഹിയിലെ കൊടുംതണുപ്പിൽ മരവിച്ച് സമരം ചെയ്യുമ്പോഴും അവശ വിഭാഗങ്ങളുടെ ദൈന്യതക്ക് നേരെ കൊഞ്ഞനംകുത്തി കോർപ്പറേറ്റുകൾക്ക് രാജ്യം തീറെഴുതിക്കൊടുക്കുന്ന ഭരണകൂട നിലപാടുകൾ അനാവരണം ചെയ്യപ്പെടുന്നു.

- ചെരിഞ്ഞ പാത്രം
- ചോരച്ചാലുകൾ കീറുന്നവരോട്

**പ്രവാസികളുടെ പേരിൽ ധൂർത്തടിക്കുന്ന പൊതുമുതൽ**

**ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം**

**ജമാഅത്തെഇസ്‌ലാമി: പേജിലും വെള്ളിത്തിരയിലും രാഷ്ട്രീയത്തിലും നൽകുന്ന സന്ദേശം**

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio
Search peace radio App
www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

# 0207
# നേർപഥം
വാരിക

2021 ജനുവരി 02
1442 ജുമാദൽ അവ്വൽ 18
പുസ്തകം 05 /ലക്കം 01

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly








## രാജ്യം വിൽക്കപ്പെടുമ്പോൾ നാം എന്തെടുക്കുകയാണ്? 10
റഷീദ് കുട്ടമ്പൂർ

**05**
**മുഖമൊഴി**
ചോരച്ചാലുകൾ കീറുന്നവരോട്
എഡിറ്റർ

**06**
**ജാലകം**
ചെരിഞ്ഞ പാത്രം
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

**07**
**ക്വുർആൻ ദർശനം**
സൂറഃ ക്വദ് സമിഅല്ലാഹു
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**15**
**ലേഖനം**
സ്രഷ്ടാവിന്റെ ഇഷ്ടം നേടാൻ
സമീർ മുണ്ടേരി

**18**
**ലേഖനം**
പ്രവാസികളുടെ പേരിൽ...
നബീൽ പയ്യോളി

**23**
**ചരിത്രപഥം**
മുഹമ്മദ് നബി(സ്വ)യുടെ ജനനം
ഹുസൈൻ സലഫി, ഷാർജ

**26**
**ലേഖനം**
ജമാഅത്തെഇസ്‌ലാമി: പേജിലും വെള്ളിത്തിരയിലും രാഷ്ട്രീയത്തിലും നൽകുന്ന സന്ദേശം
യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

**29**
**അനുഭവം**
ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം
പി.എൻ സോമൻ

**34**
**ബാലപഥം**
പൂക്കാലം വന്നേ...!
ഉസ്മാൻ പാലക്കാഴി

ചലനങ്ങൾ

# അറിവിന്റെ വസന്തം തീർത്ത് നേർപഥം മെഗാ ക്വിസ് മത്സരം അവസാനിച്ചു

കേരളത്തിലെ ഇസ്‌ലാമിക ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കിടയിൽ കേവലം നാലു വർഷത്തിനിടയിൽ ശ്രദ്ധേയമായ ഇടം നേടിക്കഴിഞ്ഞ ഒന്നാണ് 'നേർപഥം' വാരിക. ഒഴുക്കിനൊപ്പം നീന്തൽ എളുപ്പമുള്ള കാര്യമാണ്. എന്നാൽ ഒഴുക്കിനെതിരെ നീന്തൽ വളരെ പ്രയാസകരമാണ്. അതാണ് 'നേർപഥം' ചെയ്തുകൊണ്ടിരിക്കുന്നത്. മത, സാമൂഹിക, സാംസ്‌കാരിക, രാഷ്ട്രീയ, വൈയക്തിക രംഗങ്ങളിലെല്ലാമുള്ള അപചയങ്ങൾക്കെതിരെ 'നേർപഥം' ധീരമായി സംസാരിക്കാൻ തുടങ്ങിയിട്ട് 4 വർഷം തികഞ്ഞിരിക്കുന്നു. പൊതുസമൂഹത്തിനും മുസ്‌ലിം സമുദായത്തിനും ഒരുപോലെ ദിശാബോധം നൽകുവാൻ 'നേർപഥം' ശ്രമിച്ചുപോന്നിട്ടുണ്ട്. മറ്റു ചില ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങൾ പോലെ ലിബറൽ മുഖം ലഭിക്കുവാൻ വേണ്ടി ഇസ്‌ലാമിക ആശയാദർശങ്ങളിൽ മായം ചേർത്ത് അവതരിപ്പിക്കാൻ നേർപഥം ശ്രമിച്ചിട്ടില്ല. ഇസ്‌ലാമിക പ്രമാണങ്ങൾ എന്ത് പഠിപ്പിക്കുന്നുവോ അതാണ് നേർപഥം ജനസമക്ഷം അവതരിപ്പിക്കുന്നത്. രാഷ്ട്രീയ, സാമൂഹിക പ്രശ്‌നങ്ങളെ തികച്ചും സത്യസന്ധമായി വിശകലനം ചെയ്യുകയും പരിഹാരമാർഗം നിർദേശിക്കുകയും ചെയ്യുന്നതിൽ 'നേർപഥം' അമാന്തം കാണിക്കാറില്ല. ഇക്കാരണങ്ങളാൽ തന്നെ 'നേർപഥം' ഏറെ സ്വീകാര്യത നേടിക്കഴിഞ്ഞിട്ടുണ്ട്.

നേർപഥം കൂടുതൽ ആഴത്തിൽ വായിക്കപ്പെടാനും കൂടുതൽ ആളുകളിലേക്ക് എത്തിക്കാനുമായി ഒരു മെഗാ ക്വിസ് മൽസരം സംഘടിപ്പിക്കുകയുണ്ടായി. 2020 ആഗസ്റ്റ് 15 മുതൽ ഡിസംബർ 1 വരെ പുറത്തിറങ്ങിയ 19 ലക്കങ്ങളിൽ ഓരോ ലക്കത്തിലും 10 ചോദ്യങ്ങൾ അടങ്ങിയതായിരുന്നു പ്രാഥമിക മൽസരം. ഓരോ ആഴ്ചയിലുമുള്ള മത്സരത്തിൽ 2000ൽപരം ആളുകളാണ് പങ്കെടുത്തത്. ഓരോ ആഴ്ചയയിലും വിജയികളായ മൂന്നുപേർക്ക് സമ്മാനങ്ങൾ നൽകി.

ആദ്യാവസാനം മത്സരത്തിൽ പങ്കെടുത്തവരിൽ നിന്ന് 80%ൽ അധികം മാർക്കു നേടിയ 222 പേരെ തിരഞ്ഞെടുത്ത്, അവരെ മാത്രം പങ്കെടുപ്പിച്ച് ഒരു പ്രീക്വിസ് നടത്തി. അവരിൽനിന്ന് 13 പേർ മെഗാ ക്വിസിൽ പങ്കെടുക്കാൻ യോഗ്യത നേടി. മെഗാ മൽസരത്തിന്റെ പ്രിലിമിനറി റൗണ്ടിൽ 7 പേർ പുറത്തായി. ശേഷിച്ച ആറുപേരെ പങ്കെടുപ്പിച്ച് റിട്ടൺ, ബൗൺസ് ആന്റ് ബൗൺസ്, ക്വട്ടേഷൻ, ക്ലൂ എന്നിങ്ങനെ 4 റൗണ്ടുകളായാണ് മൽസരം നടന്നത്.

ഒന്നാം സ്ഥാനത്തെത്തി ലാപ്‌ടോപ് സമ്മാനമായി നേടിയത് അജ്‌വദ് അമീൻ. വി (മലപ്പുറം) എന്ന മിടുക്കനാണ്. രണ്ടാം സ്ഥാനത്തെത്തി റ്റാബ് സ്വന്തമാക്കിയത് റിസ്‌വാന ഫാത്വിമയും (ആലപ്പുഴ) മൂന്നാം സ്ഥാനത്തെത്തി മൊബൈൽ ഫോൺ സമ്മാനമായി നേടിയത് നജ്‌വ ജമാലും (പാലക്കാട്) ആണ്.

മെഗാ ക്വിസിൽ പങ്കെടുത്ത എല്ലാവർക്കും സമ്മാനവും പ്രീ മെഗാ ക്വിസിൽ എത്തിയ 222 പേർക്കും സർട്ടിഫിക്കറ്റും നൽകുന്നതാണ്.

മെഗാ ക്വിസ് വിജയകരമായി അവസാനിപ്പിക്കുന്നതിൽ ഐടി വിംഗ് നടത്തിയ കഠിനാധ്വാനം എടുത്തു പറയേണ്ടതാണ്. മൽസരിച്ച എല്ലാവർക്കും വിജയികൾക്കും അണിയറയിൽ പ്രവർത്തിച്ചവർക്കുമെല്ലാം നന്ദി.


**സ്കൂൾ ഓഫ് ഖുർആൻ പ്രാദേശിക സെന്ററുകൾ അനുവദിക്കുന്നു**

കേരളത്തിനകത്തും പുറത്തുമായി ഇരുപതിലധികം സെന്ററുകളുള്ള സ്‌കൂൾ ഓഫ് ഖുർആനിന്റെ പ്രാദേശിക സെന്ററുകൾക്ക് അപേക്ഷ ക്ഷണിച്ചു. 8089999597 എന്ന നമ്പറിലോ mail@schoolofqfuran.com എന്ന മെയിലിലോ ബന്ധപ്പെടുക.

Office: School of Qur'an, Jamia Al-Hind Al-Islamiyya, Jamia Campus, Mini Ootty - Oorakam

മുഖമൊഴി

# ചോരച്ചാലുകൾ കീറുന്നവരോട്

**കൊ**ലപാതക വാർത്ത നമ്മിൽ ഇപ്പോൾ ഒരു നടുക്കവും ഉണ്ടാക്കാറില്ല. കുറെ കാലമായി വ്യത്യസ്ത രൂപത്തിൽ വിഭിന്ന കാരണങ്ങളാൽ ആളുകളെ കൊല്ലുന്നത് പതിവായി മാറിയിട്ടുണ്ട് എന്നതുതന്നെ കാരണം. രാഷ്ട്രീയ കൊലപാതകം, വർഗീയ കൊലപാതകം, മുൻവൈരാഗ്യ കൊലപാതകം, മോഷണശ്രമത്തിനിടയിലെ കൊലപാതകം... ഇങ്ങനെ പോകുന്ന പട്ടികയിൽ അടുത്ത കാലത്തായി പുതിയ ഒരു പേര് കടന്നുവന്നിരിക്കുന്നു; 'ദുരഭിമാക്കൊല.' ഇത് നമ്മുടെ നാടിന് പരിചയമില്ലായിരുന്നു. ജാതീയത കൊടികുത്തിവാഴുന്ന പല സംസ്ഥാനങ്ങളിൽനിന്നും ഇത്തരം വാർത്തകൾ കേൾക്കുമ്പോൾ അത് നമ്മുടെ സംസ്ഥാനത്തില്ലല്ലോ എന്ന് ആശ്വസിച്ചിരുന്നു.

എന്നാൽ ആ അവസ്ഥയിലാണ് മാറ്റമുണ്ടായിരിക്കുന്നത്. കേരളത്തിലെ ആദ്യത്തെ ദുരഭിമാനക്കൊല എന്ന് കോടതി വിശേഷിപ്പിച്ച, കൊല്ലം ജില്ലയിലെ കെവിൻ വധത്തിലൂടെയാണ് ഇവിടെ ഇതിനു തുടക്കം കുറിച്ചത്. അത് 2018ലായിരുന്നു. ഇപ്പോഴിതാ പാലക്കാട് ജില്ലയിലെ കുഴൽമന്ദം തേങ്കുറിശിയിലും ഒരു യുവാവ് ദാരുണമായി ദുരഭിമാനക്കൊലയ്ക്ക് വിധേയനായിരിക്കുന്നു. കാസർക്കോട് ജില്ലയിൽ ഒരു യുവാവ് രാഷ്ട്രീയത്തിന്റെ മറവിൽ കൊല്ലപ്പെട്ടതിന്റെ അലയൊലികൾ മായും മുമ്പാണ് ഈ സംഭവം നടന്നിരിക്കുന്നത്. തമിഴ്നാട്ടിൽ മലയാളിയായ ഒരു യുവാവിനെ മോഷണശ്രമം നടത്തി എന്നുപറഞ്ഞ് നാട്ടുകാർ പിടികൂടി തല്ലിക്കൊന്നതും തന്റെ ഇരട്ടി പ്രായമുള്ള സ്ത്രീയെ വിവാഹം ചെയ്ത യുവാവ് വിവാഹം കഴിഞ്ഞ് നാളുകൾക്കകം ഭാര്യയെ ഷോക്കടിപ്പിച്ചു കൊന്നതും പുതിയ വാർത്തകളാണ്.

എന്തിന്റെ പേരിലായാലും ഒരു മനുഷ്യജീവനും മറ്റുള്ളവരുടെ കൈകളാൽ അന്യായമായി ഹനിക്കപ്പെട്ടുകൂടാ. അക്രമികൾ ആരായാലും ശിക്ഷിക്കപ്പെടുകതന്നെ വേണം.

അക്രമങ്ങളും കൊലപാതകങ്ങളും നിറഞ്ഞാടുന്നതാണ് വർത്തമാന കാലം. നമ്മുടെ നാട്ടിൽ മാത്രമല്ല, പൊതുവെ ലോകത്തിന്റെ അവസ്ഥ ഇതാണ്. മനുഷ്യജീവന് യാതൊരു വിലയുമില്ലാതായിരിക്കുന്നു.

അല്ലാഹുവിന്റെ സൃഷ്ടികളിൽ വിശേഷബുദ്ധിയാൽ അനുഗ്രഹിക്കപ്പെട്ട ഓരോ മനുഷ്യന്റെയും ജീവന് ഇസ്‌ലാം നൽകുന്ന വില വളരെ വലുതാണ്.

"മറ്റൊരാളെ കൊന്നതിന് പകരമായോ, ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിന്റെ പേരിലോ അല്ലാതെ വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ, അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു" (ക്വുർആൻ 5:32).

എതിരാളികളോടുള്ള വിദ്വേഷത്താൽ അവരെ വധിക്കാനുള്ള ഗൂഢനീക്കം നടത്തുന്നതും അതിനുവേണ്ടി ചാവേറാകുന്നതും ഇസ്‌ലാം അനുവദിക്കുന്നില്ല.

"അല്ലാഹു പവിത്രത നൽകിയിട്ടുള്ള ജീവനെ ന്യായപ്രകാരമല്ലാതെ നിങ്ങൾ ഹനിക്കരുത്" (ക്വുർആൻ 17:33).

ന്യായപ്രകാരമാണ് എന്നു പറഞ്ഞ് കൊലനടത്താനുള്ള സമ്മതം ഇസ്‌ലാം വ്യക്തികൾക്ക് നൽകുന്നില്ല. അഥവാ, വധശിക്ഷക്ക് വിധേയമാക്കാൻ തക്കവിധത്തിൽ കുറ്റകൃത്യം ചെയ്തയാളാണെങ്കിലും വധിക്കുവാൻ വ്യക്തികൾക്ക് ഇസ്‌ലാം അനുമതി നൽകുന്നില്ല. അത് കോടതിവിധി പ്രകാരം ഭരണകൂടമാണ് നിർവഹിക്കേണ്ടത്.

അന്യരെ വധിക്കാൻ പാടില്ല എന്നു മാത്രമല്ല, സ്വജീവനെ നശിപ്പിക്കുവാനും പാടില്ല എന്നതാണ് ഇസ്‌ലാമിന്റെ വിധി. "...നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു" (ക്വുർആൻ 4:29).

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com



# ചെരിഞ്ഞ പാത്രം

ചെരിഞ്ഞുകിടക്കുന്ന വെള്ളപ്പാത്രവും വെളുത്തുമിനുത്ത പാറയും തമ്മിൽ ഒറ്റനോട്ടത്തിൽ ബന്ധമില്ല. എന്നാൽ മനുഷ്യ ഹൃദയങ്ങളുടെ രണ്ടു അവസ്ഥയെ നബിﷺ ഉപമിച്ച പ്രതീകങ്ങളാണിതു രണ്ടും. ഉറച്ച നിലപാടും വിശുദ്ധിയുമുള്ള ഹൃദയം ഈ പാറക്കല്ലുപോലെയാണ്. അതിന്റെ വെൺമക്ക് മങ്ങലേൽപിക്കുന്നവണ്ണം പൊടിയും മറ്റും പറ്റിപ്പിടിച്ചാൽ തന്നെ ഒരു കാറ്റോ മഴയോ വന്നാൽ അവയങ്ങ് ഒലിച്ചുപോയി ശേഷം പാറ അതിന്റെ വെണ്മ നിലനിർത്തും. ഇതുപോലെ നല്ല ഹൃദയങ്ങൾ മാനുഷികമായ പാപങ്ങളാൽ മലിനമായാൽ വീണ്ടുവിചാരത്തിലേക്ക് പെട്ടെന്ന് തരിച്ചുവരും. ഹുദൈഫത്തുൽ യമാൻ‍ؓ നബിﷺയിൽ നിന്നുദ്ധരിച്ചതും മുസ്‌ലിം റിപ്പോർട്ട് ചെയ്തതുമായ ഒരു ഹദീഥിലാണ് മേൽകൊടുത്ത ഉപമയുള്ളത്.

അബദ്ധങ്ങളും വീഴ്ചകളും വരാത്തവരാരുമില്ല. അത് ബോധ്യപ്പെടുമ്പോൾ തിരുത്തുന്നതാണ് നല്ല ഹൃദയത്തിന്റെ ലക്ഷണം. മുൻഗാമികളിൽ എത്രയോ മാതൃകകൾ ഈ വിഷയത്തിൽ കാണാം.

അബൂ മസ്ഊദിൽഅൻസാരിؓ പറയുന്നു: "ഞാനൊരിക്കൽ എന്റെ ഒരടിമയെ അവൻ ചെയ്ത ഏതോ തെറ്റുമൂലം അടിക്കുകയായിരുന്നു. പെട്ടെന്ന് പിന്നിൽനിന്നൊരു ശബ്ദം കേട്ടു: 'അബൂമസ്ഊദ്! ആ അടിമയുടെ കാര്യത്തിൽ നിന്നെക്കാൾ കഴിവുള്ളവനാണ് അല്ലാഹു എന്നോർക്കണം.' തിരിഞ്ഞു നോക്കിയപ്പോൾ അത് റസൂൽﷺ ആയിരുന്നു! അബൂമസ്ഊദിന്ന് അബദ്ധം ബോധ്യപ്പെട്ടു. അദ്ദേഹം അപ്പോൾതന്നെ ആ അടിമയെ സ്വതന്ത്രനാക്കി. ന്യായം പറഞ്ഞ് കടിച്ചുതൂങ്ങാതെ തിരുത്താൻ തയ്യാറായ അബൂമസ്ഊദിؓനോട് നബിﷺ പറഞ്ഞു: 'നീയിത് ചെയ്തില്ലായിരുന്നുവെങ്കിൽ നരകം നിന്നെ കരിക്കുമായിരുന്നു!' വിശ്വാസിയായ ഒരു സ്വഹാബിയിൽനിന്ന് ഒരബദ്ധം വന്നു. ബോധ്യപ്പെട്ടപ്പോൾ തിരുത്തി. അതോടെ തന്റെ വിശ്വാസ വിശുദ്ധി അദ്ദേഹം വീണ്ടെടുത്തു.

മദീനയിലെ ബനൂനദീർ എന്ന ജൂതഗോത്രമായി ചില കാര്യങ്ങൾ സംസാരിക്കാൻ നബിﷺ അബൂലുബാബؓയെ പറഞ്ഞയച്ചു. ആ ഗോത്രവുമായി സൗഹൃദത്തിലായിരുന്നു അബൂലുബാബؓ. നബിﷺ പറയരുതെന്ന് കൽപിച്ച ഒരു കാര്യം അദ്ദേഹം അവരെ ആംഗ്യത്തിൽകൂടി അറിയിച്ചു. തിരിച്ചു നബിﷺയുടെ അടുത്തേക്ക് വരുമ്പോൾ അദ്ദേഹം ചിന്തിച്ചു; താൻ നബിﷺയെ വഞ്ചിച്ചിരിക്കുകയാണ്. ആ രഹസ്യവിവരം അവരോട് പറയാൻ പാടില്ലായിരുന്നു എന്ന്. തെറ്റ് ബോധ്യപ്പെട്ട ആ സ്വഹാബി പിന്നെ നബിﷺയെ അഭിമുഖീകരിച്ചില്ല. നേരെ പള്ളിയിൽ ചെന്ന് തന്നെ ഒരു തൂണിൽ അയാൾ സ്വയം ബന്ധിച്ചു. ആരുമറിയാതെ താൻ ചെയ്ത ഈ തെറ്റിന്ന് അല്ലാഹു മാപ്പുതരാതെ ഈ ബന്ധനം താൻ ഒഴിവാക്കുകയില്ലെന്ന് അദ്ദേഹം ശപഥം ചെയ്തു!

നബിﷺ വിവരം അറിഞ്ഞു. രാജ്യത്തിന്റെ രഹസ്യവിവരമാണ് ശത്രുക്കൾക്ക് നൽകിയത് എന്നതിനാൽ അബൂലുബാബത്തിന്റെ കാര്യത്തിൽ അല്ലാഹുവിന്റെ തീരുമാനം വരട്ടെ എന്ന് നബിﷺ പറഞ്ഞു. ആറു ദിവസം അദ്ദേഹം അതേ ബന്ധനത്തിൽ പശ്ചാത്തപിക്കുന്ന മനസ്സുമായി കഴിഞ്ഞുകൂടി. നമസ്കാര സമയത്ത് അദ്ദേഹത്തിന്റെ ഭാര്യ വന്ന് കെട്ടഴിച്ചുകൊടുക്കും. അത് കഴിഞ്ഞാൽ അവർ തന്നെ ഭർത്താവിനെ തൂണിൽകെട്ടി തിരിച്ചുപോകും! ആറാം ദിവസം രാത്രി നബിﷺ തന്റെ ഭാര്യ ഉമ്മു സലമؓയുടെ വീട്ടിലായിരിക്കെ, അബൂലുബാബത്തിന്റെ പശ്ചാത്താപം സ്വീകരിച്ചുകൊണ്ട് ദിവ്യബോധനം വന്നതായി അറിയിച്ചു. എല്ലാവരും സന്തോഷിച്ചു. സ്വഹാബികൾ കെട്ടഴിച്ചുകൊടുക്കാൻ ധൃതികൂട്ടിയപ്പോൾ അദ്ദേഹം പറഞ്ഞു: 'വേണ്ട, നബിﷺ തന്നെ സുബ്ഹിക്ക് മസ്ജിദിലേക്കു വന്ന് കെട്ടഴിച്ചാലേ എനിക്ക് മനഃസമാധാനമാവൂ.' അങ്ങനെ നബിﷺ ആ കെട്ടഴിച്ചുകൊടുത്തു. മനംമാറ്റത്തിന്റെ മഹിതമായ ഉപമകൾ ഇങ്ങനെ എത്രയോ ഉണ്ട് ചരിത്രത്തിൽ.

എന്നാൽ ചെരിഞ്ഞുകിടക്കുന്ന വെള്ളപ്പാത്രത്തോടുപമിച്ച മനസ്സുകൾ നോക്കുക. എത്രയെത്ര ഉപദേശങ്ങൾ കേട്ടാലും മാറ്റമില്ലാത്തവർ. എത്ര വെള്ളമൊഴിച്ചാലും ചെരിഞ്ഞുകിടക്കുന്ന കൂജയിലേക്ക് അത് കടക്കുകയില്ല. അതിൽ നേരത്തെയുള്ളത് പുറത്തേക്ക് ഒലിച്ചുപോവുകയുമില്ല. മാറാത്ത മനസ്സുകൾ! ഇവയെയാണ് നാം ഭയപ്പെടേണ്ടത്. മാറ്റത്തിന്ന് വഴങ്ങിക്കൊടുക്കുകയാണ് വേണ്ടത്.

"വല്ല നീചകൃത്യവും ചെയ്താൽ, അഥവാ സ്വന്തത്തോടുതന്നെ വല്ല ദ്രോഹവും ചെയ്തുപോയാൽ അല്ലാഹുവെ ഓർക്കുകയും വന്നുപോയ പാപങ്ങൾക്കു മാപ്പിരക്കുകയും ചെയ്യുന്നവർ"(ക്വുർആൻ 3:135). "സത്യനിഷേധികളെ സംബന്ധിച്ചിടത്തോളം നീ അവർക്കു താക്കീതു നൽകിയാലും ഇല്ലെങ്കിലും സമമായിരിക്കും. അവർ വിശ്വസിക്കുന്നതല്ല തന്നെ" (ക്വുർആൻ 2:6). ഇതാണ് രണ്ടുതരം മനസ്സിന്റെ ഉടമകൾ. ഇതിൽ നാം ഏതു വിഭാഗത്തിലാണെന്ന് ആത്മപരിശോധന നടത്തുക.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

ക്വുർആൻ ദർശനം

അധ്യായം: 58, ഭാഗം 1

# സൂറഃ ക്വദ് സമിഅല്ലാഹു

(മദീനയിൽ അവതരിച്ചത്)

بسم الله الرحمن الرحيم
قَدْ سَمِعَ ٱللَّهُ قَوْلَ ٱلَّتِى تُجَٰدِلُكَ فِى
زَوْجِهَا وَتَشْتَكِىٓ إِلَى ٱللَّهِ وَٱللَّهُ يَسْمَعُ
تَحَاوُرَكُمَآ ۚ إِنَّ ٱللَّهَ سَمِيعٌۢ بَصِيرٌ ﴿١﴾
ٱلَّذِينَ يُظَٰهِرُونَ مِنكُم مِّن نِّسَآئِهِم مَّا
هُنَّ أُمَّهَٰتِهِمْ ۖ إِنْ أُمَّهَٰتُهُمْ إِلَّا ٱلَّٰٓـِٔى
وَلَدْنَهُمْ ۚ وَإِنَّهُمْ لَيَقُولُونَ مُنكَرًا مِّنَ
ٱلْقَوْلِ وَزُورًا ۚ وَإِنَّ ٱللَّهَ لَعَفُوٌّ غَفُورٌ ﴿٢﴾
وَٱلَّذِينَ يُظَٰهِرُونَ مِن نِّسَآئِهِمْ ثُمَّ يَعُودُونَ
لِمَا قَالُوا۟ فَتَحْرِيرُ رَقَبَةٍ مِّن قَبْلِ أَن
يَتَمَآسَّا ۚ ذَٰلِكُمْ تُوعَظُونَ بِهِۦ ۚ وَٱللَّهُ بِمَا
تَعْمَلُونَ خَبِيرٌ ﴿٣﴾
فَمَن لَّمْ يَجِدْ فَصِيَامُ شَهْرَيْنِ مُتَتَابِعَيْنِ
مِن قَبْلِ أَن يَتَمَآسَّا ۖ فَمَن لَّمْ يَسْتَطِعْ
فَإِطْعَامُ سِتِّينَ مِسْكِينًا ۚ ذَٰلِكَ لِتُؤْمِنُوا۟
بِٱللَّهِ وَرَسُولِهِۦ ۚ وَتِلْكَ حُدُودُ ٱللَّهِ ۗ
وَلِلْكَٰفِرِينَ عَذَابٌ أَلِيمٌ ﴿٤﴾

1. (നബിയേ,) തന്റെ ഭർത്താവിന്റെ കാര്യത്തിൽ നിന്നോട് തർക്കിക്കുകയും അല്ലാഹുവിങ്കലേക്ക് സങ്കടം ബോധിപ്പിക്കുകയും ചെയ്യുന്നവളുടെ വാക്ക് അല്ലാഹു കേട്ടിട്ടുണ്ട്. അല്ലാഹു നിങ്ങൾ രണ്ടു പേരുടെയും സംഭാഷണം കേട്ടുകൊണ്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ്.
2. നിങ്ങളുടെ കൂട്ടത്തിൽ തങ്ങളുടെ ഭാര്യമാരെ മാതാക്കൾക്ക് തുല്യമായി പ്രഖ്യാപിക്കുന്നവർ (അബദ്ധമാകുന്നു ചെയ്യുന്നത്). അവർ (ഭാര്യമാർ) അവരുടെ മാതാക്കളല്ല. അവരുടെ മാതാക്കൾ അവരെ പ്രസവിച്ച സ്ത്രീകൾ അല്ലാതെ മറ്റാരുമല്ല. തീർച്ചയായും അവർ നിഷിദ്ധമായ വാക്കും അസത്യവുമാണ് പറയുന്നത്. തീർച്ചയായും അല്ലാഹു അധികം മാപ്പുനൽകുന്നവനും പൊറുക്കുന്നവനുമാണ്.
3. തങ്ങളുടെ ഭാര്യമാരെ മാതാക്കൾക്ക് തുല്യമായി പ്രഖ്യാപിക്കുകയും പിന്നീട് തങ്ങൾ പറഞ്ഞതിൽനിന്ന് മടങ്ങുകയും ചെയ്യുന്നവർ, അവർ പരസ്പരം സ്പർശിക്കുന്നതിനു മുമ്പായി ഒരു അടിമയെ മോചിപ്പിക്കേണ്ടതാണ്. അത് നിങ്ങൾക്കു നൽകപ്പെടുന്ന ഉപദേശമാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു.
4. ഇനി വല്ലവന്നും (അടിമയെ) ലഭിക്കാത്ത പക്ഷം, അവർ പരസ്പരം സ്പർശിക്കുന്നതിനു മുമ്പായി തുടർച്ചയായി രണ്ടുമാസക്കാലം നോമ്പനുഷ്ഠിക്കേണ്ടതാണ്. വല്ലവന്നും (അത്) സാധ്യമാകാത്ത പക്ഷം അറുപതു അഗതികൾക്ക് ആഹാരം നൽകേണ്ടതാണ്. അത് അല്ലാഹുവിലും അവന്റെ ദൂതനിലും നിങ്ങൾ വിശ്വസിക്കാൻ വേണ്ടിയത്രെ. അവ അല്ലാഹുവിന്റെ പരിധികളാകുന്നു. സത്യനിഷേധികൾക്ക് വേദനയേറിയ ശിക്ഷയുണ്ട്.

1) അൻസ്വാറുകളിൽ പെട്ട ഒരാളെക്കുറിച്ചാണ് ഈ വചനങ്ങൾ അവതരിച്ചത്. നീണ്ടകാലം ഭർത്താവിനൊപ്പം ജീവിക്കുകയും സന്താനങ്ങൾ ഉണ്ടാവുകയും ചെയ്ത ശേഷം ഭാര്യയെ സ്വയം നിഷിദ്ധമാക്കിയ ഒരാളെക്കുറിച്ച്. ഈ സംഭവത്തെക്കുറിച്ച് ഈ സ്ത്രീ അല്ലാഹുവോട് സങ്കടം ബോധിപ്പിക്കുകയാണ്. അവന്റെ ദൂതനോട് തർക്കിക്കുകയും ചെയ്തു. വളരെയധികം പ്രായമായ ഒരാളായിരിക്കും അദ്ദേഹം. അങ്ങനെ അവർ അവരുടെ അവസ്ഥയെക്കുറിച്ചും ഭർത്താവിന്റെ സാഹചര്യത്തെക്കുറിച്ചും അല്ലാഹുവോട് സങ്കടപ്പെട്ടു. നബിﷺയോട് ആവർത്തിച്ചുപറയുകയും ചെയ്തു. അത് അവർ ആവർത്തിച്ചു വ്യക്തമാക്കിക്കൊണ്ടിരുന്നു. അപ്പോൾ അല്ലാഹു പറഞ്ഞു: നിങ്ങൾക്കിടയിലുണ്ടായ സംഭാഷണവും വ്യത്യസ്ത ആവശ്യങ്ങൾക്കായി എല്ലാ സമയങ്ങളിലുമുള്ള മുഴുവൻ ശബ്ദങ്ങളും (തീർച്ചയായും അല്ലാഹു കേൾക്കുന്നവനാണ്). ഇരുണ്ട രാത്രിയിൽ ഉറച്ച പാറയിലൂടെ കറുത്ത ഉറുമ്പ് അരിക്കുന്നതുപോലും അവൻ കാണുന്നു. അവന്റെ കേൾവിയെയും കാഴ്ചയുടെയും സമ്പൂർണതയാണ് ഇവിടെ അറിയിക്കുന്നത്; സൂക്ഷ്മവും അല്ലാത്തതുമായ എല്ലാ കാര്യത്തിലും അവന്റെ അറിവ് ബന്ധപ്പെട്ടുനിൽക്കുന്നു എന്ന കാര്യവും. അതിനാൽ അവളുടെ ദുഃഖവും സങ്കടവും തീർക്കാൻ അവനു കഴിയുമെന്ന സൂചന ഇതിലുണ്ട്. അതിനാൽ അവൾക്കും അല്ലാത്തവർക്കുമുള്ള പൊതുനിയമം ഇവിടെ പ്രതിപാദിക്കുന്നു.

(2). (നിങ്ങളുടെ കൂട്ടത്തിൽ തങ്ങളുടെ ഭാര്യമാരെ മാതാക്കൾക്ക് തുല്യമായി പ്രഖ്യാപിക്കുന്നവർ. അവർ അവരുടെ മാതാക്കളല്ല. അവരുടെ മാതാക്കൾ അവരെ പ്രസവിച്ച സ്ത്രീകളല്ലാതെ മറ്റാരുമല്ല).

ഭാര്യമാരെ مظاهرة ചെയ്യൽ, അഥവാ (മാതാക്കൾക്ക് തുല്യമാക്കുക) എന്നാൽ; ഒരാൾ തന്റെ ഭാര്യയോട് 'നീ എന്റെമേൽ എന്റെ മാതാവിന്റെ മുതുകുപോലെയാകുന്നു' എന്ന് പറയലാണ്. ഉമ്മയല്ലാത്ത, വിവാഹം നിഷിദ്ധമാക്കപ്പെട്ട മറ്റുള്ളവരോടുമാകാം. അല്ലെങ്കിൽ 'നീ എനിക്ക് നിഷിദ്ധമാണ്' എന്ന് പറയുകയുമാവാം. (ظهر) 'മുതുക്' എന്ന പദം ഇതിൽ ഉള്ളതുകൊണ്ടാണ് ഇതിനെ ظهار (ളിഹാർ) എന്ന് പേരുവിളിച്ചത്.

(നിങ്ങളുടെ കൂട്ടത്തിൽ തങ്ങളുടെ ഭാര്യമാരെ മാതാക്കൾക്ക് തുല്യമായി പ്രഖ്യാപിക്കുന്നവർ (അബദ്ധമാകുന്നു ചെയ്യുന്നത്). അവർ (ഭാര്യമാർ) അവരുടെ മാതാക്കളല്ല) ഇതല്ല യാഥാർഥ്യമെന്ന് മനസ്സിലാക്കിയിട്ടും ഇതെങ്ങനെയാണ് അവർ പറയുന്നത്? അവരെ പ്രസവിച്ച ഉമ്മമാരുമായി ഭാര്യമാരെ സാദൃശ്യപ്പെടുത്തുന്നതെങ്ങനെയാണ്? അതിനാൽ അല്ലാഹു ഇതിനെ ഗുരുതരമായ കാര്യമായും മോശമായും കാണുന്നു.

(അവർ നിഷിദ്ധമായ വാക്കും അസത്യവുമാണ് പറയുന്നത്) നീചവും കളവുമായ വാക്ക്. ഇത്തരം അനുസരണക്കേടുകൾ ചെയ്യുന്നവർ തിരിച്ചറിവുണ്ടായി ആത്മാർഥമായ പശ്ചാത്താപംകൊണ്ട് മടങ്ങണം.

(3). (തങ്ങളുടെ ഭാര്യമാരെ മാതാക്കൾക്ക് തുല്യമായി പ്രഖ്യാപിക്കുകയും പിന്നീട് തങ്ങൾ പറഞ്ഞതിൽനിന്ന് മടങ്ങുകയും ചെയ്യുന്നവർ) ഇവിടെ 'മടങ്ങുക' എന്നു പറഞ്ഞതിന്റെ ആശയത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായഭിന്നതയുണ്ട്. ളിഹാർ ചെയ്ത സ്ത്രീയുമായി ശാരീരികബന്ധം പുലർത്തുകയില്ലെന്ന് പറഞ്ഞ തീരുമാനത്തിൽനിന്ന് മടങ്ങുക എന്നാണ് അർഥമെന്ന് അഭിപ്രായമുണ്ട്. തീരുമാനത്തിൽ നിന്ന് മടങ്ങുന്നവന്റെമേൽ നിർദിഷ്ട പ്രായച്ഛിത്തം നിർബന്ധമാണ്. ഈ പ്രായച്ഛിത്തം പരസ്പര സ്പർശനത്തിന് മുമ്പായിരിക്കണം. തീരുമാനമെടുത്തതിനുള്ളതാണിത്. ശാരീരിക ബന്ധത്തെക്കുറിച്ചാണെന്നതാണ് മറ്റൊരു അഭിപ്രായം. അതാണ് അല്ലാഹു പറഞ്ഞത്: (തങ്ങൾ പറഞ്ഞതിൽനിന്ന് മടങ്ങുകയും ചെയ്യുന്നവർ) പറഞ്ഞവർ എന്നത് ശാരീരിക ബന്ധത്തെക്കുറിച്ച് മാത്രമാണ്. രണ്ടഭിപ്രായം സ്വീകരിച്ചാലും മടങ്ങിയാൽ ഈ നിഷിദ്ധം പ്രവർത്തിച്ചതിന് പ്രായച്ഛിത്തം നൽകണം.

സത്യവിശ്വാസിയായ (ഒരടിമയെ) മോചിപ്പിക്കലാണത്. വിശ്വാസിയായിരിക്കുക എന്ന നിബന്ധന കൊലപാതകത്തെക്കുറിച്ചുള്ള വചനത്തിലുമുണ്ട്. ആണോ പെണ്ണോ എന്നത് പ്രശ്നമല്ല. തൊഴിൽ ചെയ്യാൻ ബുദ്ധിമുട്ടുണ്ടാക്കുന്ന വൈകല്യങ്ങളിൽനിന്ന് ആ അടിമ സുരക്ഷിതനായിരിക്കണം എന്ന നിബന്ധനയുണ്ട്. (പരസ്പരം സ്പർശിക്കുന്നതിനു മുമ്പായി) അതായത് ളിഹാർ നടത്തിയ വ്യക്തി തന്റെ ഭാര്യയുമായി ശാരീരികബന്ധത്തിൽ ഏർപ്പെടുന്നതിന് മുമ്പായി ഒരടിമയെ പ്രായച്ഛിത്തമായി നൽകണം. (അത് നിങ്ങൾക്ക്) നിങ്ങളോട് പറഞ്ഞതായ ഒരു വിധി. (നിങ്ങൾക്ക് നൽകപ്പെടുന്ന ഉപദേശമാണ്) ശിക്ഷ ലഭിക്കുമെന്ന താക്കീതോടുകൂടിയാണ് ഈ വിധി നിങ്ങൾക്ക് വിശദീകരിച്ചുതരുന്നത്.

( الوعظ) ഉപദേശമെന്നത് ളിഹാർ ചെയ്യാൻ ഉദ്ദേശിക്കുന്നവർക്ക് താക്കീതും വിട്ടുനിൽക്കാനുള്ള പ്രേരണയോടുകൂടി വിധിപറയുമ്പോഴാണ്. ഒരു അടിമയെ മോചിപ്പിക്കൽ അവന് ബാധ്യതയുണ്ടെന്ന് പറയുമ്പോൾ അതിലൂടെ അവനെ ശിക്ഷയിൽനിന്ന് തടുക്കാം എന്നർഥം. (അല്ലാഹു നിങ്ങൾ പ്രവർത്തി

ക്കുന്നതിനെ പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു) എല്ലാവർക്കും അവരവരുടെ പ്രവർത്തനമനുസരിച്ച് പ്രതിഫലം ലഭിക്കും.

(4). (ഇനി വല്ലവനും ലഭിക്കാത്ത പക്ഷം) ഒരടിമയെ മോചിപ്പിക്കാൻ. അടിമയെ കിട്ടാതെ വരികയോ അല്ലെങ്കിൽ അതിനുള്ള തുക ലഭിക്കാതെ വരികയോ ചെയ്താൽ അവൻ നോമ്പ് നോൽക്കണം. (അവർ പരസ്പരം സ്പർശിക്കുന്നതിന് മുമ്പായി തുടർച്ചയായി രണ്ടു മാസക്കാലം നോമ്പനുഷ്ഠിക്കേണ്ടതാണ്. അത് സാധ്യമാകാത്ത പക്ഷം) നോമ്പിന്. (അറുപത് അഗതികൾക്ക് ആഹാരം നൽകേണ്ടതാണ്) ഒന്നുകിൽ നാട്ടിൽ പതിവുള്ളതും അവർക്ക് മതിയാകത്തക്ക വിധത്തിലുമുള്ള ഭക്ഷണം നൽകുക. ഇതാണ് അധിക വ്യാഖ്യാതാക്കളും പറഞ്ഞത്. അല്ലെങ്കിൽ ഓരോ സാധുവിനും ഒരു മുദ്ദ് ഗോതമ്പോ പകുതി സാഅ് മറ്റു ഭക്ഷണ സാധനങ്ങളോ നോമ്പുതുറക്കാൻ മതിയാകുന്ന വിധത്തിൽ നൽകുക. അതാണ് മറ്റൊരു വിഭാഗം പണ്ഡിതന്മാർ അഭിപ്രായപ്പെട്ടത്. (അത്) നാം നിങ്ങൾക്ക് വ്യക്തമാക്കിത്തന്നതും വിശദീകരിച്ചു തന്നതുമായ ഈ വിധി. (അല്ലാഹുവിലും അവന്റെ ദൂതനിലും നിങ്ങൾ വിശ്വസിക്കാൻ വേണ്ടിയത്രെ) ഇതും ഇതല്ലാത്തതുമായ മതവിധികൾ നിങ്ങൾ പ്രവർത്തിക്കുന്നതും മുറുകെപ്പിടിക്കുന്നതും വിശ്വാസത്തിൽ പെട്ടതാണ്. മാത്രവുമല്ല, അത് വിശ്വാസത്തിന്റെ ലക്ഷ്യം കൂടിയാണ്. അതുമൂലം വിശ്വാസം പൂർണമാവുകയും വർധിക്കുകയും വളരുകയും ചെയ്യുന്നു. (അവ അല്ലാഹുവിന്റെ പരിധികളാകുന്നു) വിട്ടുപോകാൻ പറ്റാത്ത പരിധികൾ. അത് വിട്ടുകടക്കാതിരിക്കലും വീഴ്ചവരുത്താതിരിക്കലും നിർബന്ധമാണ്. (സത്യനിഷേധികൾക്ക് വേദനയേറിയ ശിക്ഷയുണ്ട്) ഈ വചനങ്ങളിൽ ധാരാളം വിധികളുണ്ട്. അതിൽ പെട്ടതാണ്: അല്ലാഹു തന്റെ അടിമകളെ പരിഗണിക്കുകയും അവരോട് കനിവുകാണിക്കുകയും ചെയ്തു. അതായത് വിഷമിച്ച ഈ സ്ത്രീയുടെ പരാതിയെ പരാമർശിക്കുകയും അത് പരിഹരിക്കുകയും ചെയ്തു. ആ പരീക്ഷണത്തിൽ നിന്ന് അവരെ മോചിതയാക്കുകയും ചെയ്തു. മാത്രമല്ല, ഇത്തരം പരീക്ഷണം അനുഭവിക്കുന്ന എല്ലാവർക്കും പൊതുവായ ഒരു വിധി ഇവിടെ ഉണ്ടായി.

മറ്റൊന്ന്; ളിഹാർ എന്നത് ഭാര്യയെ തനിക്ക് നിഷിദ്ധമാക്കൽ മാത്രമാണ്. കാരണം അല്ലാഹു പറഞ്ഞത് 'തങ്ങളുടെ ഭാര്യമാരെ' എന്നാണ്. തന്റെ അടിമസ്ത്രീയെ നിഷിദ്ധമാക്കുന്നത് ളിഹാർ ആവുകയില്ല. അത് ഭക്ഷണ പാനീയങ്ങളെയും നല്ല വസ്തുക്കളെയും നിഷിദ്ധമാക്കുന്ന ഗണത്തിലാണ് ഉൾപ്പെടുക. അതിൽ സത്യം ചെയ്തത് ലംഘിക്കുന്നതിന്റെ പ്രായച്ഛിത്തം മാത്രമെ നിർബന്ധമാകൂ.

മറ്റൊന്ന്; വിവാഹത്തിനുമുമ്പ് ഒരു സ്ത്രീയെ ളിഹാർ ചെയ്യുക എന്നത് സാധുവാകുകയില്ല. കാരണം ളിഹാറിന്റെ സമയത്ത് അവൾ തന്റെ ഭാര്യമാരിൽ ഉൾപ്പെടുന്നില്ല. വിവാഹമോചനം സാധുവാകാത്തതുപോലെ തന്നെ.

മറ്റൊന്ന്; ളിഹാർ നിഷിദ്ധമാണ്. കാരണം അല്ലാഹു അതിനെ വിളിച്ചത് (നിഷിദ്ധമായ വാക്കും അസത്യവും എന്നാണ്).

മറ്റൊന്ന്; അല്ലാഹു മതനിയമങ്ങൾ പറയുന്നതിലെ യുക്തികൂടി ഇവിടെ വ്യക്തമാക്കുന്നു. അല്ലാഹു പറയുന്നു: (അവർ അവരുടെ മാതാക്കളല്ല).

മറ്റൊന്ന്; തനിക്ക് വിവാഹം നിഷിദ്ധമാക്കപ്പെട്ടവരെ വിളിക്കുന്ന അതേ പേരിൽ ഒരു പുരുഷന് തന്റെ ഭാര്യയെ വിളിക്കാവതല്ല. എന്റെ ഉമ്മാ, സഹോദരീ എന്നൊക്കെ വിളിക്കുന്നതു പോലെ. കാരണം അത് മഹ്റമാണെന്ന് തോന്നിപ്പിക്കുന്നു.

മറ്റൊന്ന്: മടങ്ങാൻ പ്രായച്ഛിത്തം നിർബന്ധമാണ്. ളിഹാർ ചെയ്തത് കൊണ്ടുമാത്രമായില്ല.

മറ്റൊന്ന്; പ്രായച്ഛിത്തമായി നൽകുന്ന അടിമ ചെറുതോ വലുതോ ആണോ പെണ്ണോ എന്നത് പ്രശ്നമല്ല. കാരണം ക്വുർആൻ വചനത്തിൽ നിബന്ധനയില്ലാതെയാണ് പറഞ്ഞത്.

മറ്റൊന്ന്; പ്രായച്ഛിത്തമായി അടിമയെ മോചിപ്പിക്കുകയോ നോമ്പ് നോൽക്കുകയോ ആണെങ്കിൽ അത് ശാരീരിക ബന്ധത്തിനു മുമ്പ് വേണം. അല്ലാഹു നിബന്ധനവെച്ചപോലെ തന്നെ.

ഭക്ഷണം നൽകലാണെങ്കിൽ ഈ നിബന്ധന ഇല്ല. അത് നൽകുന്നതിനിടയിൽ ബന്ധപ്പെടൽ അനുവദനീയമാണ്.

മറ്റൊന്ന്; ശാരീരികബന്ധം നടക്കുന്നതിന് മുമ്പുതന്നെ പ്രായച്ഛിത്തം നൽകണമെന്ന് നിർബന്ധമാക്കിയതിലെ യുക്തി ഒരുപക്ഷേ, അത് നൽകപ്പെടാൻ ഏറ്റവും നല്ലത് അതായിരിക്കും എന്ന നിലയ്ക്കാണ്. കാരണം ശാരീരിക ബന്ധത്തിനുള്ള താൽപര്യം അത് വേഗത്തിൽ നൽകാൻ പ്രേരിപ്പിക്കും; അല്ലാതെ സാധിക്കില്ലല്ലോ എന്നറിയുന്നതുകൊണ്ട്.

മറ്റൊന്ന്; അറുപത് സാധുക്കൾക്കു തന്നെ ഭക്ഷണം നൽകണം. അറുപത് സാധുക്കളെ ഒരു സമയത്ത് ഒരുമിച്ചുകൂട്ടി നൽകുന്നതിനും വിരോധമില്ല. എന്നാൽ ഒരാൾക്കോ ഒന്നിലധികം ആളുകൾക്കോ അറുപതുപേരുടെ ഭക്ഷണം ഒന്നിച്ച് നൽകിയാൽ മതിയാകുന്നതല്ല. കാരണം അല്ലാഹു പറഞ്ഞത് 'അറുപത് അഗതികൾക്ക് ആഹാരം നൽകേണ്ടതാണ്' എന്നാണ്. **(തുടരും)**

കവർ സ്റ്റോറി

റശീദ് കുട്ടമ്പൂർ
rasheedkuttambur@gmail.com



# രാജ്യം വിൽക്കപ്പെടുമ്പോൾ നാം എന്തെടുക്കുകയാണ്?

> രാജ്യത്തിന്റെ ഭക്ഷണദാതാക്കളായ കർഷകർ മാസങ്ങളായി ഡൽഹിയിലെ കൊടുംതണുപ്പിൽ മരവിച്ച് സമരം ചെയ്യുമ്പോഴും അവശ വിഭാഗങ്ങളുടെ ദൈന്യതക്ക് നേരെ കൊഞ്ഞനംകുത്തി കോർപ്പറേറ്റുകൾക്ക് രാജ്യം തീറെഴുതിക്കൊടുക്കുന്ന ഭരണകൂട നിലപാടുകൾ അനാവരണം ചെയ്യപ്പെടുന്നു.

ഇന്ത്യ എന്നത് വൈവിധ്യങ്ങളെ സമന്വയിപ്പിച്ച്, ജനാധിപത്യത്തിന്റെ മഹത്തായ മാതൃക ലോകത്തിനു മുമ്പിൽ കാഴ്ചവച്ച നാടാണ്. അതികഠിനമായ പോരാട്ടങ്ങളിലൂടെ വൈദേശികാധിപത്യത്തെ തൂത്തെറിഞ്ഞ് ധീരദേശാഭിമാനികൾ ജീവരക്തം നൽകി സൃഷ്ടിച്ചെടുത്ത രാജ്യം. ലോകത്തിലെ പ്രധാന മതങ്ങളെല്ലാം ഇവിടെയുണ്ട്. നൂറുകണക്കിന് ജാതികളും ഉപജാതികളും വേറെയും. ഒട്ടേറെ ഭാഷകൾ. വൈവിധ്യമാർന്ന സംസ്കാരങ്ങൾ! ഇന്ത്യയുടെ

ഏതൊരു ഖണ്ഡവും ഈ വൈവിധ്യങ്ങളുടെ സംയോജനത്തിന്റെ നേർസാക്ഷ്യമാണ്. മതപരവും സാംസ്കാരികവുമായ വൈവിധ്യങ്ങളെ നിലനിർത്തിക്കൊണ്ട് ഇന്ത്യയെന്ന വികാരത്തിലൂടെ ഐക്യപ്പെട്ടതാണ് അത്ഭുതകരമായ ഈ രാജ്യത്തിന്റെ സാംസ്കാരിക-ദേശീയ സ്വത്വം. ഈ സവിശേഷതകൾ കൊണ്ടുതന്നെ രാഷ്ട്രം നേരിടുന്ന ഏതൊരു പ്രശ്നവും മുഴുവൻ ഇന്ത്യക്കാരും ഒന്നിച്ചനുഭവിക്കേണ്ടി വരുമെന്നതും ഒരു സത്യമാണ്.

### ഫാഷിസത്തിന്റെ കടന്നുവരവ്

രാജ്യത്തെ ജനത ഒന്നിച്ച് വൈദേശികാധിപത്യത്തിന്നെതിരെ പൊരുതുമ്പോഴും അതിന്നെതിരെ പുറം തിരിഞ്ഞുനിൽക്കുകയും സാമ്രാജ്യത്വത്തിന് പാദസേവനടത്തുകയും ചെയ്ത ഒരു വിഭാഗം ഇവിടെ ഉണ്ടായിരുന്നു. 1925ൽ രൂപീകരിക്കപ്പെട്ട, വംശവെറിയും അപര വിദ്വേഷവും ഒരു സിദ്ധാന്തമായി സ്വീകരിച്ച് രാഷ്ട്രഗാത്രത്തിൽ ഒരു കാൻസർ കണക്കെ പടർന്നുകയറിയ ഇന്ത്യൻ ഫാഷിസം. അതിന്റെ താത്വികാടിത്തറ പാകിയ ആർ.എസ്.എസ്. എം.എസ് ഗോൾവാൾക്കറും ഹെഡ്ഗേവാറും സവർക്കറും നേതൃത്വം നൽകിയ ഈ ഭീകര സംഘടന, ഹിറ്റ്ലറുടെ വംശശുദ്ധി സിദ്ധാന്തത്തിന്റെ ഇന്ത്യൻ പ്രയോക്താക്കളാണ്. ഹിന്ദുമതത്തോടോ അതിന്റെ സനാതന തത്ത്വങ്ങളോടോ തരിമ്പും പ്രതിബദ്ധതയില്ലാത്ത ഈ സംഘം അധികാര രാഷ്ട്രീയത്തിലേക്കുള്ള എളുപ്പവഴിയായി ഹിന്ദുത്വം എന്ന മതവികാരത്തെ ദുരുപയോഗം ചെയ്തു പോരുകയാണുണ്ടായിട്ടുള്ളത്. അതിന് തടസ്സമായവരെ നിഷ്കരുണം നിഷ്കാസനം ചെയ്യാനും ഇവർ ഒരിക്കലും മടികാണിച്ചിട്ടില്ല.

അഹിംസയും സത്യഗ്രഹവും സഹനസമരവും ഏറ്റവും വലിയ സമരായുധങ്ങളായി ലോകത്തെ പരിചയപ്പെടുത്തിയ രാഷ്ട്ര പിതാവായ മഹാത്മാ ഗാന്ധിയുടെ വിരിമാറിലേക്ക് വെടിയുതിർത്തവർ ഇന്ത്യൻ ജനാധിപത്യത്തോടോ മതേതര മൂല്യങ്ങളോടോ പ്രതിബദ്ധത വെച്ചുപുലർത്തിയിട്ടില്ലെന്നു മാത്രമല്ല, ഈ ആശയങ്ങളോട് തരിമ്പും യോജിപ്പില്ലാത്തവരാണെന്ന് ആയിരം വട്ടം തെളിയിച്ചിട്ടുണ്ട്. സ്വാതന്ത്ര്യത്തിനു മുമ്പും ശേഷവും ഇവർ ആസൂത്രണം ചെയ്തു നടത്തിയ വർഗീയ കലാപങ്ങളിൽ ആയിരങ്ങൾക്കാണ് ജീവൻ നഷ്ടമായിട്ടുള്ളത്. ഗാന്ധിജി വിഭാവനം ചെയ്ത സമത്വ ഭാവനയുടെ രാമരാജ്യത്തിനു പകരം ഗോഡ്സെയുടെ വിദ്വേഷത്തിലധിഷ്ഠിതമായ രാമരാജ്യം പണിയാനുള്ള വഴിയിലെ ഓരോ രഥയാത്രയും രാജ്യത്തിന്റെ വിരിമാറിൽ ചുടുനിണം ഒഴുക്കിയാണ് കടന്നു പോയത്. രാമനും ഹൈന്ദവതയുമൊക്കെ ഇവർക്ക് അധികാരത്തിലേക്കുള്ള കുറുക്കു വഴികൾ മാത്രം!

പാർലിമെന്റിലെ രണ്ടു സീറ്റുകളിൽനിന്ന് രാജ്യാധികാരത്തിലേക്കുള്ള പ്രയാണം എളുപ്പമാക്കിയത് 'രാമ ജന്മഭൂമി' എന്ന പേരിൽ ജ്വലിപ്പിച്ചു നിർത്തിയ വൈകാരികതയാണെന്നത് വർഗീയ രാഷ്ട്രീയത്തിന് കൂടുതൽ കരുത്തുനൽകുകയും ചെയ്തു. നാനൂറ്റി അൻപതിലേറെ വർഷം മുസ്ലിംകൾ ആരാധന നടത്തിയ ഒരു പള്ളിയുടെ ധ്വംസനം മാത്രമല്ല, ഇന്ത്യൻ മതേതരത്വത്തിന്റെ താഴികക്കുടങ്ങൾ ഇടിച്ചു തകർക്കപ്പെടുകയായിരുന്നു 1992 ഡിസംബർ ആറിന്. വർഗീയതയുടെ കൃഷിയിറക്കി ഹ്രസ്വമായൊരു കാലയളവുകൊണ്ട് അധികാര സോപാനത്തിലേറാൻ സംഘപരിവാറിന് സാധ്യമായി. ന്യൂനപക്ഷ വേട്ടയുടെയും വിദ്വേഷ രാഷ്ട്രീയത്തിന്റെയും നാളുകൾക്കാണ് പിന്നീട് രാജ്യം സാക്ഷ്യം വഹിച്ചത്. ഭരണ പരാജയത്തെയും തൽഫലമായി നേരിടേണ്ടി വരുന്ന വിമർശനങ്ങളെയും വർഗീയ കാർഡിറക്കി അതിൽനിന്ന് പൊതുജന ശ്രദ്ധ തിരിച്ചുവിടാനുള്ള ശ്രമങ്ങളാണ് സംഘപരിവാർ എന്നും നടത്തിപ്പോന്നിട്ടുള്ളത്.

രാജ്യത്ത് ഗൗരവതരമായ വിഷയങ്ങൾ ഉണ്ടാവുകയും കേന്ദ്ര ഗവൺമെന്റിനുനേരെ വിമർശനം ഉയരുകയും ചെ

> **"അഹിംസയും സത്യഗ്രഹവും സഹനസമരവും ഏറ്റവും വലിയ സമരായുധങ്ങളായി ലോകത്തെ പരിചയപ്പെടുത്തിയ രാഷ്ട്ര പിതാവായ മഹാത്മാ ഗാന്ധിയുടെ വിരിമാറിലേക്ക് വെടിയുതിർത്തവർ ഇന്ത്യൻ ജനാധിപത്യത്തോടോ മതേതര മൂല്യങ്ങളോടോ പ്രതിബദ്ധത വെച്ചുപുലർത്തിയിട്ടില്ലെന്നു മാത്രമല്ല, ഈ ആശയങ്ങളോട് തരിമ്പും യോജിപ്പില്ലാത്തവരാണെന്ന് ആയിരം വട്ടം തെളിയിച്ചിട്ടുണ്ട്. സ്വാതന്ത്ര്യത്തിനു മുമ്പും ശേഷവും ഇവർ ആസൂത്രണം ചെയ്തു നടത്തിയ വർഗീയ കലാപങ്ങളിൽ ആയിരങ്ങൾക്കാണ് ജീവൻ നഷ്ടമായിട്ടുള്ളത്. സ്വാതന്ത്ര്യത്തിനു മുമ്പും ശേഷവും ഇവർ ആസൂത്രണം ചെയ്തു നടത്തിയ വർഗീയ കലാപങ്ങളിൽ ആയിരങ്ങൾക്കാണ് ജീവൻ നഷ്ടമായത്."**



യ്യുമ്പോഴെല്ലാം അതിർത്തിയിൽ 'പാക്ക് നുഴഞ്ഞു കയറ്റം' നിത്യസംഭവമായി! ഇന്ത്യൻ മണ്ണിലേക്ക് ചൈന നുഴഞ്ഞു കയറി ഭൂമി സ്വന്തമാക്കിയപ്പോഴും, രാജ്യത്തെ പ്രമുഖ ന്യൂനപക്ഷ വിഭാഗങ്ങളെ പുറത്താക്കുന്നതിനുള്ള പൗരത്വ ഭേദഗതി നിയമം അവതരിപ്പിച്ച് ജനശ്രദ്ധ തിരിച്ചുവിടുകയായിരുന്നു ഇവർ. ശ്രീ നഗറിലും ഖത്റാസിലും മറ്റു നിരവധിയിടങ്ങളിലും ബാലികമാർ ക്രൂരമായി പീഡിപ്പിക്കപ്പെട്ട് കൊല്ലപ്പെട്ടപ്പോൾ മുസ്‌ലിം സ്ത്രീയുടെ പേരിൽ മുതലക്കണ്ണീരൊഴുക്കി മുത്ത്വലാക് ബില്ല് ചുട്ടെടുത്ത സംഘനേതൃത്വം ഇസ്‌ലാം സ്ത്രീയെ പീഡിപ്പിക്കുന്ന പ്രാകൃത മതമാണെന്ന പൊതുബോധം സൃഷ്ടിക്കുകയുമായിരുന്നു. നോട്ടുനിരോധനമെന്ന ഭ്രാന്തൻ തീരുമാനം രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലൊടിച്ചു. ജി.ഡി.പി നെഗറ്റീവിലേക്ക് കൂപ്പുകുത്തി. തൊഴിലില്ലായ്മ കഴിഞ്ഞ നാൽപതു വർഷത്തിനിടയിൽ ഏറ്റവും കൂടിയ നിരക്കിലെത്തി. പക്ഷേ, അപ്പോഴും അയോധ്യയിൽ ക്ഷേത്രം പണിയുന്നതിന്റെ പേരിൽ ഹിന്ദു വികാരം ജ്വലിപ്പിച്ചു നിർത്തി രക്ഷപ്പെടാനുള്ള തന്ത്രമാണിവർ കാണിച്ചു കൊണ്ടിരിക്കുന്നത്.

### നിയമനിർമാണസഭകളുടെ ദുരുപയോഗം

ജനാധിപത്യ പ്രക്രിയയിലെ ഏറ്റവും പ്രധാന ഘടകങ്ങളിലൊന്നാണ് 'ലജിസ്ലേറ്റീവ്' അഥവാ നിയമനിർമാണസഭ. അധികാരം ലഭിച്ചശേഷം പാർലിമെന്റിലെ ഭൂരിപക്ഷം ഉപയോഗിച്ച് തങ്ങളുടെ ഏകപക്ഷീയമായ താൽപര്യങ്ങൾ നടപ്പാക്കുക എന്നതാണ് ബി.ജെ.പി നേതൃത്വം നൽകുന്ന ഭരണകൂടം ചെയ്തുകൊണ്ടിരിക്കുന്നത്. രാജ്യത്ത് നൂറുകൂട്ടം നീറുന്ന പ്രശ്നങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ചേർന്ന പാർലിമെന്റ് സമ്മേളനത്തിൽ ചോദ്യോത്തരങ്ങൾ ഒഴിവാക്കി വിമർശനങ്ങൾക്കുള്ള പഴുതടച്ചു! ഇപ്പോൾ നടക്കേണ്ട ശീതകാലസമ്മേളനം കോവിഡിന്റെ പേരുപറഞ്ഞ് മാറ്റിവച്ചിരിക്കുകയാണ്. അല്ലെങ്കിലും ജനാധിപത്യ സംവിധാനങ്ങളോട് ഫാഷിസത്തിന് എന്ത് താൽപര്യമാണുള്ളത്?!

### വിൽപനയുടെ വഴിയിൽ

ഫാഷിസത്തിന്റെ നേതാക്കൾ കോർപറേറ്റുകളുമായി എന്നും ചങ്ങാത്തം കാത്തുസൂക്ഷിച്ചു പോന്നിട്ടുണ്ട്. അവർക്ക് അനുകൂലമായി ഓരോ മേഖലയിലും നിയമനിർമാണങ്ങൾ നടത്തി ആ ലാഭത്തിന്റെ പങ്കുപറ്റി തങ്ങളുടെ പാർട്ടി വളർത്തുന്ന രീതിയാണ് അവർ സ്വീകരിച്ചുവരുന്നത്. ഇന്ത്യയിൽ നോട്ടുനിരോധനത്തിലൂടെ സാധാരണക്കാരന്റെ നടുവൊടിയുംവിധം സാമ്പത്തിക പ്രതിസന്ധി സംജാതമായപ്പോഴും അദാനി, അംബാനി തുടങ്ങിയ കുത്തകകളുടെ വരുമാനം കഴിഞ്ഞ ആറുവർഷത്തിനിടയിൽ നിരവധി മടങ്ങുകളായാണ് വർധിച്ചിട്ടുള്ളത്. രാജ്യം അരപ്പട്ടിണിയിൽനിന്ന് മുഴുപ്പട്ടിണിയിലേക്ക് തള്ളിവിടപ്പെടുമ്പോഴും 'ഇന്ത്യ തിളങ്ങുന്നു' എന്ന് വിളിച്ചുപറയുന്നത് ഇതേ കോർപറേറ്റുകളുടെ ഉടമസ്ഥതയിലുള്ള മാധ്യമങ്ങളാണ്. രാജ്യത്തിന് വൻ റവന്യൂ നൽകിയിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നായി ഈ കുത്തകകൾക്ക് വിറ്റുകൊണ്ടിരിക്കുകയാണ്. കടയിലെ അവസാന ഇനവും വിറ്റുപോകുന്നതിലാണല്ലോ ഒരു കച്ചവടക്കാരന്റെ മനഃസംതൃപ്തി! ഈ കച്ചവടങ്ങൾക്ക് വേണ്ടി നിലമൊരുക്കുന്ന ബില്ലുകൾ ചുട്ടെടുക്കാനുള്ള കേന്ദ്രം മാത്രമായി രാജ്യത്തെ പരമോന്നത നിയമനിർമാണസഭ തരം താഴ്ന്നിരിക്കുകയാണ്.

### ടെലി കമ്യൂണിക്കേഷൻ മേഖല

ഇന്ത്യയിൽ ഏറ്റവും വേഗത്തിൽ തഴച്ചുവളരുന്ന മേഖലയാണ് ടെലി കമ്യൂണിക്കേഷൻ മേഖല. ഇത് ഇന്ന് ഏറെക്കുറെ പൂർണമായും സ്വകാര്യ കുത്തകകളുടെ കൈയിൽ അമർന്നുകഴിഞ്ഞു. 2021ൽ ഇന്ത്യയിൽ ഇന്റർനെറ്റ് ഉപയോഗം ഇപ്പോഴത്തേതിന്റെ

ഇരട്ടിയാവുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. Telecom Regulatory Authortiy of India (TRAI)യുടെ 2020 സെപ്റ്റംബറിലെ കണക്കു പ്രകാരം ടെലിക്കോം മാർക്കറ്റിന്റെ 35.19%വുമായി Reliance Jioയുടെ മേധാവിത്വമാണുള്ളത്. Airtel (28.44%), Vodafone Idea (25.73%) എന്നിവയാണ് പിറകിലുള്ളത്. സർക്കാർ ഉടമസ്ഥതയിലുള്ള BSNLന്റെ മാർക്കറ്റ് വിഹിതം 10.36% മാത്രമാണ്. മുകേഷ് അംബാനിയുടെ Jio അസൂയാർഹമായ വളർച്ചയാണ് നടപ്പു സാമ്പത്തി കവർഷം നേടിയത് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

### പെട്രോളിയം മേഖല

രാജ്യത്തിന്റെ നാഡീ സ്പന്ദനമാണ് പെട്രോളിയം മേഖല. 2019ൽ ലോകത്ത് എണ്ണയുടെ ഉപയോഗത്തിൽ മൂന്നാം സ്ഥാനമുള്ള രാജ്യമാണ് ഇന്ത്യ. പ്രതിദിനം 5.16 മില്യൻ ബാരൽ എന്ന നിരക്കിൽ എണ്ണ ഉപയോഗം നടക്കുന്ന രാജ്യത്ത് സർക്കാർ ഉടമസ്ഥതയിലുള്ള Bharat Petroleum Corporation Limited (BPCL) ആണ് ഈ മേഖലയുടെ നിയന്ത്രണം നടത്തിയിരുന്നത്. എന്നാൽ ഇതും വിൽപനക്കു വച്ചിരിക്കുകയാണ്. BPCLന്റെ 54% ഷെയർ വിൽപന നടത്താനുള്ള BID ക്ഷണിച്ചു കൊണ്ട് പെട്രോളിയം മന്ത്രാലയം മുന്നോട്ടുവച്ച വ്യവസ്ഥകൾ, ആർക്കാണ് സർക്കാർ ഇതെല്ലാം വിൽപന നടത്താൻ ഉദ്ദേശിച്ചതെന്ന് സുതരാം വ്യക്തമാക്കുന്നു. 10 ബില്യൻ USD ആസ്തിയുള്ള കമ്പനിയാവണം. സർക്കാർ നിയന്ത്രിത കമ്പനിയാവരുത് തുടങ്ങിയവയാണ് പ്രധാന വ്യവസ്ഥകൾ. സർക്കാർ നിയന്ത്രിത കമ്പനികൾ ഖജനാവിലേക്ക് പ്രതിമാസം ശരാശരി 2050 കോടിയുടെ ലാഭം നേടിത്തരുന്ന BPCLന്റെ ഓഹരി വിൽപനക്ക് ശരിയായ ന്യായീകരണങ്ങളില്ല എന്നതാണ് വസ്തുത. ഓഹരി വിൽപനയെ കുറിച്ച് പറഞ്ഞുകൊണ്ട് കേന്ദ്ര പെട്രോളിയം വകുപ്പു മന്ത്രി തുറന്നുപറഞ്ഞ വാചകമാണ് നിലവിൽ എന്തു നടക്കുന്നു എന്നതിന്റെ വ്യക്തമായ വ്യാഖ്യാനം. അദ്ദേഹം പറഞ്ഞത്, ഇപ്രകാരമാണ്: ''The Government has no business to be in business.''

### ഇന്ത്യൻ റെയിൽവെ

ഇന്ത്യയുടെ റവന്യൂവിലേക്ക് വലിയ മുതൽക്കൂട്ട് നൽകുന്ന ഇന്ത്യൻ റെയിൽവെയും ഇപ്പോൾ 'വിൽപന'യുടെ ഭീഷണിയിലാണ്. ബ്രിട്ടീഷുകാർ രൂപകൽപനചെയ്ത, ഇന്ന് രാജ്യത്തിന്റെ നാഡീവ്യവസ്ഥ പോലെ രാഷ്ട്രത്തിലെ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇന്ത്യൻ റെയിൽവെ വലിപ്പത്തിന്റെ കാര്യത്തിൽ ലോകത്ത് നാലാം സ്ഥാനം നേടിയിട്ടുള്ളതാണ്. ഈ വകുപ്പിന്റെ 2019ലെ റവന്യൂ 1.9 ട്രില്യൻ രൂപയാണ്. ശരാശരി 6000 കോടിയിലേറെ പൊതുഖജനാവിലേക്ക് ലാഭം നേടിത്തരുന്ന റയിൽവെയുടെ വിവിധ സെക്ടറുകളിൽ സ്വകാര്യ ട്രെയിനുകൾക്ക് അനുമതി നൽകിക്കൊണ്ട് ആരംഭിച്ച സ്വകാര്യവൽകരണ പ്രക്രിയ ആ പൊതുമേഖലയെയും പൂർണമായി വിൽപന നടത്തിക്കൊണ്ടു മാത്രമെ അവസാനിക്കാനിടയുള്ളൂ. 109 ജോടി റൂട്ടുകളിലായി 151 ട്രെയിനുകൾ സ്വകാര്യ മേഖലക്കായി അനുമതി നൽകുമെന്നാണ് റയിൽവെ മന്ത്രാലയം 2020 ജൂലായ് 1ന് പുറപ്പെടുവിച്ച നോട്ടിഫിക്കേഷനിൽ വ്യക്തമാക്കിയത്. ട്രെയിനുകളും അനുബന്ധ വസ്തുക്കളും തെരഞ്ഞെടുക്കാൻ സ്വകാര്യ കമ്പനികൾക്ക് പൂർണ സ്വാതന്ത്ര്യമുണ്ടാവുമെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

### വ്യോമയാന മേഖല

GDPയുടെ ഏകദേശം 5% സംഭാവന ചെയ്യുകയും നാലു ദശലക്ഷത്തോളം പേർക്ക് തൊഴിൽ നൽകുകയും ചെയ്ത വ്യോമയാന മേഖലയും ഇന്ന് ഏറെ പ്രതിസന്ധികളിലൂടെയാണ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. ഇതര രാഷ്ട്രങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വൻനിരക്കാണ് ഇന്ത്യൻ വിമാനക്കമ്പനികൾ ഈടാക്കുന്നത്. എന്നിട്ടും നഷ്ടത്തിന്റെ കണക്കുകളാണ് അവർക്ക് പറയാനുള്ളത്! ഇന്ത്യയിലെ ആഭ്യന്തര, അന്താരാഷ്ട്ര വിമാനത്താവളങ്ങളെല്ലാം ഈടാക്കുന്ന എയർപോർട്ട് ചാർജ് മറ്റു ഏഷ്യൻ രാഷ്ട്രങ്ങളിലെയും മിഡിൽ ഈസ്റ്റിലെയും തുകകളുമായി താരതമ്യം

> **"രാജ്യത്തെ ജനങ്ങളെ തീറ്റിപ്പോറ്റുന്ന കർഷക ജനത ഇന്ന് വലിയ ആശങ്കയിലാണ്. തളരാതെ പോരാടുന്ന ഉത്തരേന്ത്യൻ കർഷകന് പോരാട്ട വീര്യം നൽകുന്നത്, സർക്കാർ നിലനിൽപ് ചോദ്യം ചെയ്യപ്പെടുമെന്ന തികഞ്ഞ ബോധ്യമാണ്. വർഷങ്ങളായി നിരവധി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു പകരം ആ മേഖലയിൽ കൂടി കുത്തകകൾക്ക് ആധിപത്യം നേടാനുള്ള വഴിതുറക്കുകയാണ് പുതിയ നിയമത്തിലൂടെ സർക്കാർ ചെയ്യുന്നതെന്ന് തെളിവുകൾ സഹിതം കർഷകർ വ്യക്തമാക്കിയിട്ടും അല്ലെന്ന് സമർഥിക്കാൻ ഉത്തരവാദപ്പെട്ടവർക്ക് സാധിച്ചിട്ടില്ല."**

ചെയ്യുമ്പോൾ ഏറെ കൂടുതലാണെന്നും ഇതാണ് നഷ്ടത്തിന്റെ അടിസ്ഥാന കാരണമെന്നുമാണ് വിമാനക്കമ്പനികൾ പറയുന്ന കാരണം. കൃത്യമായ ആസൂത്രണം ഉണ്ടെങ്കിൽ രാജ്യത്ത് ഏറെ ഭാവിയുള്ള ഒരു വ്യാവസായിക മേഖലയാണ് സിവിൽ ഏവിയേഷൻ എന്നാണ് ഈ രംഗത്തെ വിദഗ്ധർ അഭിപ്രായപ്പെടുന്നത്.

എന്നാൽ കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ എയർപോർട്ടുകൾ വിൽക്കുന്ന തിരക്കിലാണ്. 2019 ഫെബ്രുവരിയിലാണ് ഇന്ത്യയിൽ ആറു പ്രമുഖ വിമാനത്താവളങ്ങൾ കൂടി സ്വകാര്യവൽകരിക്കാൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്തത്. ലക്നോ, അഹമ്മദാബാദ്, ജയ്പൂർ, മംഗളൂർ, തിരുവനന്തപുരം എന്നീ ഏറെ ലാഭകരമായ വിമാനത്താവളങ്ങളുടെ കാര്യത്തിലാണ് ധൃതിപിടിച്ച ഈ തീരുമാനം എന്നതും സവിശേഷതയാണ്. രാഷ്ട്രീയ കൂട്ടുകച്ചവടത്തിലെ പങ്കാളിയാണ് ഉത്തർപ്രദേശിന്റെ ഭരണ സ്ഥാനത്തുള്ളത് എന്നതുകൊണ്ടു തന്നെ ലക്നോ ഇന്റർ നാഷനൽ എയർപോർട്ട് നാളുകൾക്കകം ഗൗതം അദാനിയുടെ ഉടമസ്ഥതയിലുള്ള കമ്പനിക്ക് അൻപതു വർഷത്തേക്ക് വാടകക്ക് നൽകാൻ ഒരു തടസ്സവുമുണ്ടായില്ല. കേരളത്തിൽ, സംസ്ഥാന ഗവൺമെന്റിനെ മറികടന്ന് തിരുവനന്തപുരം വിമാനത്താവളം അദാനി ഗ്രൂപ്പിന് ലഭിക്കുന്നതിനുവേണ്ടി നടന്ന കളികൾക്ക് കേരളം സാക്ഷിയായതാണല്ലോ. വിമാനത്താവളങ്ങൾ മാത്രമല്ല, എയർഇന്ത്യ അറുപതിനായിരം കോടിയോളം രൂപ നഷ്ടത്തിലാണെന്നു പറഞ്ഞ്, അതിന്റെ സ്വകാര്യവൽകരണത്തിനും തകൃതിയായ നീക്കങ്ങൾ നടന്നുവരികയാണ്.

## ഷിപ്പിങ് കോർപ്പറേഷൻ

പൊതുമേഖലാസ്ഥാപനമായ ഷിപ്പിങ് കോർപറേഷനും വിൽക്കാനുള്ള നടപടികൾ കേന്ദ്രസർക്കാർ സജീവമാക്കിയിട്ടുണ്ട്. ഉടൻതന്നെ താൽപര്യപത്രം ക്ഷണിച്ചേക്കുമെന്നാണ് പത്രമാധ്യമങ്ങൾ പറയുന്നത്. നടപ്പുസാമ്പത്തിക വർഷംതന്നെ നടപടികൾ പൂർത്തിയാക്കി വിൽപന നടത്താനാണ് ഡിപ്പാർട്ട്മെന്റ് ഓഫ് ഡിസ്ഇൻവെസ്റ്റ്മെന്റ് ആന്റ് പബ്ലിക് അസെറ്റ് മാനേജ്മെന്റിന്റെ ശ്രമം.

ഷിപ്പിങ് കോർപറേഷനിലെ 63:75 ശതമാനം ഓഹരികൾ വിൽക്കാനാണ് പദ്ധതി. പുറമെ കോർപറേഷന്റെ നിയന്ത്രണാവകാശവും കൈമാറുമെന്ന് നേരത്തെ കേന്ദ്രം വ്യക്തമാക്കിയിട്ടുമുണ്ട്. നിലവിലെ വിപണിമൂല്യം അനുസരിച്ച് കോർപറേഷനിൽ 2500 കോടിയോളം രൂപയുടെ ഓഹരി അവകാശം സർക്കാരിനുണ്ട്.

ബിപിസിഎൽ, ഷിപ്പിങ് കോർപ്പറേഷൻ, കണ്ടയ്നർ കോർപറേഷൻ, തെഹ്‌രി ഹൈഡ്രോ ഡെവലപ്മെന്റ് കോർപറേഷൻ, നോർത്ത് ഈസ്റ്റേൺ ഇലക്ട്രിക് പവർ കോർപറേഷൻ എന്നിങ്ങനെ 5 പൊതുമേഖല സ്ഥാപനങ്ങൾ വിൽക്കാൻ കഴിഞ്ഞ നവംബറിൽ മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ട്. ഇനി എന്താണു വിൽക്കാൻ ബാക്കിയുള്ളത് എന്നാണ് ഓരോ ഇന്ത്യക്കാരനും ചോദിക്കേണ്ടത്.


## കർഷകർക്കുമെതിരെ

രാജ്യത്തെ ജനങ്ങളെ തീറ്റിപ്പോറ്റുന്ന കർഷക ജനത ഇന്ന് വലിയ ആശങ്കയിലാണ്. ഡൽഹിയിലെ കൊടും തണുപ്പിനെ അവഗണിച്ച് ദിവസങ്ങളായി തളരാതെ പോരാടുന്ന ഉത്തരേന്ത്യൻ കർഷകന് പോരാട്ട വീര്യം നൽകുന്നത്, സർക്കാർ അവതരിപ്പിച്ച പുതിയ നിയമങ്ങളിലൂടെ സ്വന്തം നിലനിൽപ് ചോദ്യംചെയ്യപ്പെടുമെന്ന തികഞ്ഞ ബോധ്യമാണ്. വർഷങ്ങളായി നിരവധി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു പകരം ആ മേഖലയിൽ കൂടി കുത്തകകൾക്ക് ആധിപത്യം നേടാനുള്ള വഴിതുറക്കുകയാണ് പുതിയ നിയമത്തിലൂടെ സർക്കാർ ചെയ്യുന്നതെന്ന് തെളിവുകൾ സഹിതം കർഷക നേതാക്കൾ വ്യക്തമാക്കിയിട്ടും അല്ലെന്ന് സമർഥിക്കാൻ ഉത്തരവാദപ്പെട്ടവർക്ക് സാധിച്ചിട്ടില്ല. മാത്രവുമല്ല, രാഷ്ട്രീയ ഭേദമന്യെ കർഷകർ ഒന്നിച്ച് ഒരു നിയമത്തെ എതിർക്കുമ്പോൾ, കർഷക ക്ഷേമമാണ് സർക്കാറിന്റെ ലക്ഷ്യമെങ്കിൽ നിയമത്തെ പുനഃപരിശോധിക്കുകയല്ലേ വേണ്ടത്? അതിനു പകരം ബലം പ്രയോഗിച്ചും തീവ്രവാദ ആരോപണം ഉന്നയിച്ചുമൊക്കെ അതിനെ നേരിടുന്നതിൽനിന്നു തന്നെ സർക്കാറിന് നിക്ഷിപ്ത താൽപര്യമുണ്ടെന്നു വ്യക്തമാണ്. തങ്ങളുടെ കൃഷിഭൂമി പോലും നാളെ കുത്തകകളുടെ കൈയിലെത്തിക്കാനുള്ള ശ്രമമാണ് എല്ലാം കുത്തകകൾക്ക് വിറ്റു കൊണ്ടിരിക്കുന്ന ബി.ജെ.പി ഗവൺമെന്റിന്റെ നീക്കത്തിന് പിന്നിലുള്ളതെന്ന തിരിച്ചറിവാണ് ഈ ജീവൻമരണ പോരാട്ടത്തിന് കർഷകരെ പ്രേരിപ്പിച്ചിട്ടുള്ളത്. മത, രാഷ്ട്രീയ നേതൃത്വങ്ങളുടെ ആഹ്വാനമില്ലാതെ, കർഷകജനത നടത്തുന്ന ഈ പോരാട്ടത്തിൽ രാജ്യത്തെ വിൽക്കുന്നവർക്കെതിരിലുള്ള പ്രതിഷേധ ശബ്ദമാണുള്ളത്.

നമ്മളും ഉണരണം. ഇത് നമ്മുടെ രാജ്യത്തിന്റെ നിലനിൽപിന്റെ പ്രശ്നമാണ്. കുത്തകകളുടെ തോളിൽ കൈയിട്ട് രാജ്യത്തിന്റെ പൊതുസ്വത്തെല്ലാം അവർക്ക് വിൽക്കുന്ന ഫാഷിസത്തിന്റെ ഈ കടുംകൈക്കെതിരെ നമ്മുടെ പ്രതിഷേധം ഉയരണം. കാലം നമ്മോട് ചോദിക്കുന്നുണ്ട്; രാജ്യം വിൽക്കപ്പെടുമ്പോൾ നിങ്ങൾ എന്തെടുക്കുകയാണ് എന്ന്.

ലേഖനം

സമീർ മുണ്ടേരി
mundery@gmail.com



# സ്രഷ്ടാവിന്റെ ഇഷ്ടം നേടാൻ

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങളിൽ ആരെങ്കിലും തന്റെ മതത്തിൽനിന്ന് പിന്തിരിഞ്ഞ് കളയുന്ന പക്ഷം അല്ലാഹു ഇഷ്ടപ്പെടുന്നവരും അല്ലാഹുവെ ഇഷ്ടപ്പെടുന്നവരുമായ മറ്റൊരു ജനവിഭാഗത്തെ അല്ലാഹു പകരം കൊണ്ടുവരുന്നതാണ്..." (ക്വുർആൻ 5:54).

അല്ലാഹുവിന്റെ ഇഷ്ടം നേടുക എന്നത് ഏറെ പ്രധാന്യമുള്ള കാര്യമാണ്. മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ സ്നേഹം ലഭിക്കാൻ വേണ്ടി പ്രാർഥിച്ചിരുന്നു എന്ന് ഹദീഥുകളിൽ കാണാം:

"അല്ലാഹുവേ, ഞാൻ നിന്നോട് നിന്റെ ഇഷ്ടത്തെ തേടുന്നു. നീ ഇഷ്ടപ്പെടുന്നവരുടെ ഇഷ്ടത്തെയും" (അഹ്മദ്).

അല്ലാഹു ഒരു അടിമയെ ഇഷ്ടപ്പെട്ടാൽ അവനിൽ ചില അടയാളങ്ങൾ ഉണ്ടാകും.

### 1) ഇഹലോക പ്രമത്തതയിൽനിന്ന് അവനെ സംരക്ഷിക്കും:

നബിﷺ പറഞ്ഞു: "അല്ലാഹു ഒരു അടിമയെ ഇഷ്ടപ്പെട്ടാൽ അവനെ ദുനിയാവിൽനിന്നും സംരക്ഷിക്കും. രോഗിയെ വെള്ളത്തിൽനിന്നും നിങ്ങൾ സംരക്ഷിക്കുന്നതു പോലെ" (തിർമിദി).

ഒരു രോഗിക്ക് വെള്ളം കൊടുക്കരുത് എന്ന് ഡോക്ടർ പറഞ്ഞിട്ടുണ്ടെങ്കിൽ നമ്മൾ അയാൾക്ക് വെള്ളം കൊടുക്കാതെ അയാളെ സംരക്ഷിക്കും. ശരീരത്തിൽ വെള്ളം തൊടാൻ പാടില്ല എന്നു പറഞ്ഞാൽ അതും അനുസരിക്കും. അതുപോലെ, അല്ലാഹു നമ്മെ ഇഷ്ടപ്പെട്ടാൽ ദുനിയാവിൽനിന്നും സംരക്ഷിക്കും. അതിനർഥം ഈ ദുനിയാവിലെ സൗകര്യങ്ങളെല്ലാം നിഷേധിക്കും എന്നോ ദാരിദ്ര്യം നൽകും എന്നോ അല്ല. പരലോകത്തെ മറന്നു ഇഹലോകത്തിൽ മുഴുകിപ്പോകുന്ന അവസ്ഥയിൽനിന്നും നമ്മെ സംരക്ഷിക്കും എന്നാണ്.

### 2) പരീക്ഷിക്കും

ഈ ജീവിതം ഒരു പരീക്ഷണമാണ്. അല്ലാഹു പറഞ്ഞു: "നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു" (ക്വുർആൻ 67:2).

പലതരത്തിലുള്ള പരീക്ഷണങ്ങളെയും ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവരും. രോഗം, സാമ്പത്തിക പ്രയാസങ്ങൾ, കുടുംബത്തിലെ പ്രശ്നങ്ങൾ, വേണ്ടപ്പെട്ടവരുടെ മരണം...ഇങ്ങനെ പലതും പരീക്ഷണമായി കടന്നുവരും. ഈ പരീക്ഷണം ഒന്നുകിൽ അല്ലാഹുവിന്റെ സ്നേഹം കാരണമാകാം. അല്ലെങ്കിൽ അവനിൽ നിന്നുള്ള ശിക്ഷയാകാം.

നബിﷺ പറഞ്ഞു: "പ്രതിഫലം കൂടുന്നത് പരീക്ഷണം കൂടുന്നതിനനുസരിച്ചാണ്. അല്ലാഹു ഒരു ജനതയെ ഇഷ്ടപ്പെട്ടാൽ അവരെ പരീക്ഷിക്കും. ആരെങ്കിലും തൃപ്തിപ്പെട്ടാൽ അവന് തൃപ്തിയുണ്ട്. ആരെങ്കിലും കോപിച്ചാൽ അവന് കോപവുമുണ്ട്" (തിർമിദി)

### 3. ഭൂമിയിൽ സ്വീകാര്യത നൽകും

അല്ലാഹു ഒരു അടിമയെ ഇഷ്ടപ്പെട്ടാൽ, ജിബ്‌രീലിനെ വിളിക്കും: 'നാം ഇന്ന ദാസനെ ഇഷ്ടപ്പെട്ടിരിക്കുന്നു. അതിനാൽ താങ്കൾ അയാളെ ഇഷ്ടപ്പെടുക.' അപ്പോൾ ജിബ്‌രീൽ അയാളെ ഇഷ്ടപ്പെടും. പിന്നീട് ജിബ്‌രീൽ ആകാശത്തിൽ വിളിച്ചുപറയും: 'അല്ലാഹു ഇന്ന ദാസനെ ഇഷ്ടപ്പെട്ടിരിക്കുന്നു. അതിനാൽ നിങ്ങളും അയാളെ ഇഷ്ടപ്പെടുക. അപ്പോൾ ആകാശത്തിലുള്ളവരും അയാളെ ഇഷ്ടപ്പെടും. അയാൾക്ക് ഭൂമിയിലുള്ളവരിൽ സ്വീകാര്യത നിശ്ചയിക്കപ്പെടുകയും ചെയ്യും' (ബുഖാരി, മുസ്‌ലിം).

നമ്മുടെ പേര് ആകാശലോകത്ത് ഏതെങ്കിലും സന്ദർഭത്തിൽ വിളിച്ചുപറഞ്ഞിട്ടുണ്ടാകുമോ? അല്ലാഹുവിന്റെ കൽപനകൾ ലംഘിക്കാത്ത മലക്കുകൾ നമ്മെ ഇഷ്ടമാണെന്ന് പറഞ്ഞിട്ടുണ്ടാകുമോ? ആർക്കുമറയില്ല. അവന്റെ ഇഷ്ടം നേടാനുള്ള കാര്യങ്ങൾ ചെയ്തുകൊണ്ടേയിരിക്കുക.

### 4) അവനെ നേർവഴിക്ക് നടത്തും

ഒരു മനുഷ്യന് ലഭിക്കുന്ന ഏറ്റവും വലിയ സൗഭാഗ്യം സൻമാർഗം (ഹിദായത്ത്) ലഭിക്കുക എന്നതാണ്. വിശ്വാസികൾ നിർബന്ധ നമസ്കാരങ്ങളിലൂടെ പതിനേഴ് തവണ 'അല്ലഹുവേ, എന്നെ നീ നേർവഴിയിലൂടെ നടത്തണേ' എന്നു പ്രാർഥിക്കാറുണ്ട്. അല്ലാഹുവിന് നമ്മെ ഇഷ്ടമായാൽ നമ്മുടെ കാഴ്ച, കേൾവി എല്ലാം നേരായ മാർഗത്തിൽ സഞ്ചരിക്കും എന്ന് നബിﷺ പഠിപ്പിച്ചത് ഹദീഥുകളിൽ കാണാം.

'എന്റെ അടിമ ഐച്ഛികമായ കർമങ്ങൾകൊണ്ട് എന്നിലേക്ക് അടുത്തുകൊണ്ടേയിരിക്കും. അങ്ങനെ ഞാൻ അവനെ ഇഷ്ടപ്പെടും. ഞാൻ അവനെ ഇഷ്ടപ്പെട്ടാൽ അവൻ കേൾക്കുന്ന കാതും കാണുന്ന കണ്ണും പിടിക്കുന്ന കയ്യും നടക്കുന്ന കാലും ഞാനാകും. അവൻ എന്നോട് ചോദിച്ചാൽ ഞാൻ നൽകും" (ബുഖാരി).

അല്ലാഹു ഇഷ്ടപ്പെട്ടാലുള്ള ഈ അടയാളങ്ങൾ നമ്മുടെ ജീവിതത്തിലുണ്ടോ എന്നു പരിശോധിക്കുക. കാണുന്ന കണ്ണും കേൾക്കുന്ന കാതും ഞാനാകും എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം നമ്മൾ അല്ലാഹുവാകുമെന്നോ അവന്റെ കഴിവുകൾ നമുക്ക് ലഭിക്കുമെന്നോ അല്ല. അവന്റെ ഇഷ്ടം നേടുന്ന കാര്യങ്ങൾ മാത്രമെ അവകൊണ്ട് ചെയ്യൂ എന്നാണ്. നിഷിദ്ധ മാർഗങ്ങളിലൂടെ അവയെ വിനിയോഗിക്കില്ല എന്നാണ്.

ഈ ജിവിതം നമുക്ക് സമ്മാനിച്ച സർവലോക രക്ഷിതാവിന്റെ ഇഷ്ടം നേടിയെടുക്കാൻ ആത്മാർഥമായി പരിശ്രമിക്കുക. വിശുദ്ധ ക്വുർആനിലും തിരുസുന്നത്തിലും അല്ലാഹുവിന് ഇഷ്ടമാണ് എന്ന് പഠിപ്പിച്ച കാര്യങ്ങൾ സാധിക്കുന്നവിധത്തിൽ ജീവിതത്തിൽ കൊണ്ടുവരിക. അതിലൂടെ അല്ലാഹുവിന്റെ ഇഷ്ടവും പരലോകത്തെ വിജയം നേടിയെടുക്കാൻ ശ്രമിക്കുക.

സാദിഖലി. പി, ജാമിഅ അൽഹിന്ദ്
mail@nerpatham.com





# നന്മകളിൽ മുന്നേറുക

മുസ്‌ലിമായ ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം പരലോകവിജയമാണ് ആത്യന്തികലക്ഷ്യം. അവിടെ പരാജയപ്പെടുക എന്നു പറയുന്നത് നരകാവകാശിയാകലാണ്. പരലോക വിജയത്തിന് ഇഹലോകത്ത് നാം ചെയ്യുന്ന സത്യവിശ്വാസത്തിലധിഷ്ഠിതമായ സൽപ്രവർത്തനങ്ങളാണ് നമ്മെ സജ്ജരാക്കുന്നത്. അല്ലാഹു പറഞ്ഞു: "അപ്പോൾ ആർ ഒരു അണുത്തൂക്കം നന്മ ചെയ്തിരുന്നുവോ അവനത് കാണും. ആർ ഒരു അണുത്തൂക്കം തിന്മ ചെയ്തിരുന്നുവോ അവൻ അതും കാണും" (ക്വുർആൻ 99:7,8).

നാം ചെയ്തത് എത്ര ചെറിയ നന്മയാണെങ്കിലും അത് ആത്മാർഥമായിട്ടാണെങ്കിൽ അല്ലാഹുവിന്റെ അടുക്കൽ അതിന് സ്വീകാര്യതയുണ്ട്. ചെറുതെന്നു കരുതി ഒരു നല്ലപ്രവർത്തനത്തെയും അവഗണിച്ചുകൂടാ. ചെറുതെന്നു കരുതി ഒരു തിന്മയും ചെയ്തുകൂടാ. കാരണം അവയെല്ലാം നമ്മുടെ വിജയത്തിനോ പരാജയത്തിനോ കാരണമായിത്തീർന്നേക്കാം. 'ഒരു കാരക്കയുടെ ചീന്തുകൊണ്ടെങ്കിലും നീ നരകത്തെ സൂക്ഷിക്കുക' (ബുഖാരി) എന്ന് നബിﷺ പറഞ്ഞത് നിസ്സാരമെന്ന് തോന്നുന്ന സൽകർമമാണെങ്കിലും അത് ചെയ്യുന്നതിന്റെ പ്രാധാന്യം സൂചിപ്പിക്കുന്നു. അതിനാൽ നന്മയിൽ മുന്നേറുവാനാണ് വിശ്വാസികൾ ശ്രമിക്കേണ്ടത്.

നന്മകളിൽ ധൃതിപ്പെട്ടു മുന്നേറുന്നവരുടെ ഗുണങ്ങൾ അല്ലാഹു വിവരിക്കുന്നതു കാണുക: "തീർച്ചയായും തങ്ങളുടെ രക്ഷിതാവിനെപ്പറ്റിയുള്ള ഭയത്താൽ നടുങ്ങുന്നവരും, തങ്ങളുടെ രക്ഷിതാവിൻെറ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവരും, തങ്ങളുടെ രക്ഷിതാവിനോട് പങ്കുചേർക്കാത്തവരും, രക്ഷിതാവിങ്കലേക്ക് തങ്ങൾ മടങ്ങിച്ചെല്ലേണ്ടവരാണല്ലോ എന്ന് മനസ്സിൽ ഭയമുള്ളതോടുകൂടി തങ്ങൾ ദാനം ചെയ്യുന്നതെല്ലാം ദാനം ചെയ്യുന്നവരും ആരോ അവരത്രെ നന്മകളിൽ ധൃതിപ്പെട്ടു മുന്നേറുന്നവർ. അവരത്രെ അവയിൽ മുമ്പേ ചെന്നെത്തുന്നവരും" (ക്വുർആൻ 23: 57-61).

ചെറിയ നന്മകളെ നിസ്സാരമായി കാണരുതെന്ന് പറഞ്ഞശേഷം റസൂൽﷺ പറഞ്ഞു: 'അത് ഒരാൾക്ക് വെള്ളം കോരി കൊടുക്കലായാലും നിന്റെ സഹോദരനോട് മുഖപ്രസന്നതയോടുകൂടി സംസാരിക്കലായാലും ശരി' (അഹ്മദ്).


പണക്കാരനും പണിക്കാരനും രാജാവിനും പ്രജക്കുമെല്ലാം സ്വർഗത്തിൽ പ്രവേശിക്കാൻ സാധിക്കുന്ന വിധം അതിനുള്ള മാർഗങ്ങൾ ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. അവിടെ വർഗ, വർണ വ്യത്യാസങ്ങളില്ല. തൊഴിലാളി, മുതലാളി ഭേദമില്ല. സത്യവിശ്വാസം ഉൾക്കൊണ്ട്, ഇസ്‌ലാം പഠിപ്പിക്കുന്ന സൽകർമങ്ങൾ ചെയ്തു ജീവിച്ച ഏതൊരാൾക്കും സ്വർഗപ്രവേശം സാധ്യമാണെന്ന് പ്രമാണങ്ങൾ പഠിപ്പിക്കുന്നു.

വൻപാപങ്ങൾ നിഷിദ്ധമാണെന്ന് മുന്നറിയിപ്പു നൽകിയ പോലെ ചെറുപാപങ്ങളെക്കുറിച്ചും നബിﷺ നമുക്ക് മുന്നറിയിപ്പു നൽകിയിട്ടുണ്ട്. ഏതൊരു തെറ്റും ചെയ്യുന്നതിലൂടെ നാം സ്രഷ്ടാവിനെയും അവന്റെ പ്രവാചകനെയും ധിക്കരിക്കുകയാണല്ലോ ചെയ്യുന്നത്.

"വല്ലവനും ഒരു നന്മ കൊണ്ടുവന്നാൽ അവന്ന് അതിന്റെ പതിന്മടങ്ങ് ലഭിക്കുന്നതാണ്. വല്ലവനും ഒരു തിന്മ കൊണ്ടുവന്നാൽ അതിനു തുല്യമായ പ്രതിഫലം മാത്രമെ അവന്ന് നൽകപ്പെടുകയുള്ളൂ. അവരോട് യാതൊരു അനീതിയും കാണിക്കപ്പെടുകയില്ല" (ക്വുർആൻ 6:161).

നബീൽ പയ്യോളി
nabeelpayyoly@gmail.com

ലേഖനം



# പ്രവാസികളുടെ പേരിൽ ധൂർത്തടിക്കുന്ന പൊതുമുതൽ

ഏതാനും ആഴ്ചകൾക്കു മുമ്പ് സുഹൃത്തുക്കളോടോപ്പം സുഊദി തലസ്ഥാനമായ റിയാദ് നഗരത്തിൽ നിന്നും അൽപം ദൂരെ ഒരിടംവരെ പോയി. തിരിച്ചുവരുമ്പോൾ പെട്രോൾ അടിക്കാൻ പമ്പിൽ കയറി. അവിടെ ജോലിചെയ്യുന്നത് അമ്പതു വയസ്സിന് മുകളിൽ പ്രായമുള്ള ഒരു ആലപ്പുഴക്കാരൻ. ഞങ്ങളെ കണ്ടപ്പോൾ അദ്ദേഹത്തിന്റെ മുഖത്ത് എന്തെന്നില്ലാത്ത സന്തോഷം. ജോലിയൊക്കെ എങ്ങനെയുണ്ട് എന്ന് ചോദിച്ചപ്പോൾ 'രണ്ടു വർഷത്തോളമായി നാട്ടിൽ പോയിട്ടില്ല, കോവിഡ് കാലത്താണ് ഉപ്പ മരിച്ചത്. അതിനാൽ അവസാനമായി ഒന്നു കാണുവാൻ പോലും സാധിച്ചില്ല. ഉമ്മയും സുഖമില്ലാതെ കിടക്കുകയാണ്. ജോലി മതിയാക്കി നാട്ടിൽ പോകാനാണ് തീരുമാനം. ഇനിയും ഇവിടെ നിന്നാൽ ഉമ്മയെയും കാണാൻ

സാധിച്ചില്ലെങ്കിലോ എന്നാണ് പേടി' എന്നായിരുന്നു മറുപടി. പെട്രോളടിച്ചു കഴിഞ്ഞിട്ടും അദ്ദേഹം സംസാരം നിർത്തിയില്ല. വേദനകൾ പങ്കുവയ്ക്കാൻ മലയാളിയെ കിട്ടിയതിന്റെ ആശ്വാസം അദ്ദേഹത്തിൽ പ്രകടമായിരുന്നു. തണുത്ത രാത്രിയിൽ മനസ്സിൽ തീകോരിയിട്ട ആ സംസാരം വല്ലാതെ വേദനിപ്പിച്ചു. പ്രവാസ ലോകത്തെ ബഹുഭൂരിപക്ഷം വരുന്ന പാവങ്ങളുടെ മനസ്സ് സങ്കടക്കടലാണ്. അവരുടെ കണ്ണുനീർ കാണാതെ പോവുകയാണ് അധികാരികൾ.

കേരള നിയമസഭാ സ്പീക്കറുമായി ബന്ധപ്പെട്ട വിവാദങ്ങളിൽ 'ലോക കേരളസഭ'യും പ്രവാസികളും ചർച്ചയായ പശ്ചാത്തലത്തിൽ പ്രവാസികൾ ആര്, അവർക്കുവേണ്ടി ഭരണകൂടങ്ങൾ എന്ത് ചെയ്യുന്നു എന്നത് ചർച്ച ചെയ്യപ്പെടേണ്ടതുതന്നെയാണ്. പത്തിൽ ഒരു മലയാളി പ്രവാസലോകത്താണ് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം മുതൽ മലയാളികൾ അയൽ രാജ്യങ്ങളിലും മറ്റും തൊഴിൽതേടി കുടിയേറിപ്പാർക്കാൻ തുടങ്ങിയിരുന്നു. അന്ന് മുതൽ കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക മേഖലകളിൽ വലിയ പങ്ക് പ്രവാസിസമൂഹം നിർവഹിച്ചു പോരുന്നുണ്ട്. 1970 കാലഘട്ടങ്ങളിൽ ഗൾഫ് മേഖലയിലേക്കുള്ള കുടിയേറ്റമാണ് പ്രധാനപ്പെട്ട ഒരു വഴിത്തിരിവായി മാറിയത്. അന്നംതേടി മണലാരണ്യത്തിലേക്കെത്തിയ മലയാളികളെ ഇരുകയ്യും നീട്ടി സ്വീകരിച്ച അറേബ്യൻ ജനതയുടെ സ്നേഹവും സഹകരണവും പ്രവാസി സമൂഹത്തെ (പ്രത്യേകിച്ച് മലയാളികളെ) സാമ്പത്തികമായും സാമൂഹികമായും പുതിയ തലങ്ങളിലേക്ക് കൈപിടിച്ചുയർത്തുന്നതിന് സഹായകമായി.

പ്രവാസികൾ സഹിച്ച ത്യാഗത്തിന്റെ പ്രതിഫലനമാണ് നമ്മുടെ നാട് അനുഭവിക്കുന്ന നന്മകൾ എന്നത് ആർക്കും നിഷേധിക്കാനാവാത്ത യാഥാർഥ്യമാണ്. തങ്ങളുടെ വരുമാനത്തിന്റെ ബഹുഭൂരിഭാഗവും കുടുംബത്തിനും നാടിനും വേണ്ടി വിനിയോഗിക്കുക എന്നതായിരുന്നു പ്രവാസികൾ സ്വീകരിച്ചു പോന്ന നിലപാട്. സ്വയം ഉരുകിത്തീർന്നാലും തങ്ങളുടെ കുടുംബവും ചുറ്റുമുള്ളവരും സന്തോഷത്തോടെയും സമൃദ്ധിയോടെയും ജീവിക്കുന്നത് കാണുമ്പോഴുണ്ടാകുന്ന മാനസിക സംതൃപ്തിയും സന്തോഷവും വേദനകൾ മറക്കാൻ എന്നും പ്രവാസികളെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു.

കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് നിർണായകമായ സംഭാവന നൽകുന്നവരാണ് വിദേശത്ത് ജോലിചെയ്യുന്ന മലയാളി സഹോദരങ്ങൾ. കേരളത്തിലെ ജിഡിപിയുടെ 20 ശതമാനത്തോളം പ്രവാസികൾ അയക്കുന്ന പണമാണ്. ആളോഹരി വരുമാനം കേരളത്തിൽ ഉയർന്നു നിൽക്കുന്നതിന്റെ പ്രധാനകാരണം പ്രവാസി മലയാളികളുടെ വിയർപ്പിന്റെ പ്രതിഫലനമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. 2018ലെ സർവെ പ്രകാരം ഒരു വർഷം പ്രവാസികൾ നാട്ടിലേക്ക് അയക്കുന്നത് 85,000 കോടി രൂപയാണ്. ഇപ്പോൾ അത് ഒരു ലക്ഷം കോടി രൂപയിൽ അധികമായിരിക്കും. 2018ലെ കണക്കു പ്രകാരം (സാമ്പത്തിക അവലോകനം) കേരളത്തിലെ ബാങ്കുകളിലെ പ്രവാസി നിക്ഷേപം 1,69,94400 കോടി രൂപയാണ്.

നോർക്കയുടെ ഔദ്യോഗിക കണക്കുപ്രകാരം നാൽപത് ലക്ഷത്തിലധികം പ്രവാസി മലയാളികളാണുള്ളത്. കേരളത്തിനു പുറത്ത് ജോലിചെയ്യുന്ന 14 ലക്ഷത്തോളം മലയാളികളുമുണ്ട്. ഭരണ കൂടങ്ങളും സമൂഹവും പലപ്പോഴും സാമ്പത്തികമായി ഭേദപ്പെട്ട നിലയിൽ ഉള്ളവരെയാണ് പ്രവാസികളായി കാണാറുള്ളതും പരിഗണിക്കാറുള്ളതും. പ്രവാസലോകത്ത് വന്ന പലരും പണക്കാരായി എന്നത് ശരിയാണ്. എന്നാൽ ജീവിക്കാൻ വേണ്ടി പ്രവാസം തെരഞ്ഞെടുത്ത ബഹുഭൂരിപക്ഷം വരുന്ന പാവങ്ങളെ പരിഗണിക്കാതിരിക്കാൻ അത് കാരണമാവരുത്. ലേബർ ക്യാമ്പുകളിൽ കഴിയുന്ന തൊഴിലാളികളും ശുചീകരണ തൊഴിലാളികളും പ്രയാസകരമായ സാഹചര്യത്തിലും ചുറ്റുപാടുകളിലുമാ

> **പ്രവാസികൾ സഹിച്ച ത്യാഗത്തിന്റെ പ്രതിഫലനമാണ് നമ്മുടെ നാട് അനുഭവിക്കുന്ന നന്മകൾ എന്നത് ആർക്കും നിഷേധിക്കാനാവാത്ത യാഥാർഥ്യമാണ്. തങ്ങളുടെ വരുമാനത്തിന്റെ ബഹുഭൂരിഭാഗവും കുടുംബത്തിനും നാടിനും വേണ്ടി വിനിയോഗിക്കുക എന്നതായിരുന്നു പ്രവാസികൾ സ്വീകരിച്ചുപോന്ന നിലപാട്. സ്വയം ഉരുകിത്തീർന്നാലും തങ്ങളുടെ കുടുംബവും ചുറ്റുമുള്ളവരും സന്തോഷത്തോടെയും സമൃദ്ധിയോടെയും ജീവിക്കുന്നത് കാണുമ്പോഴുണ്ടാകുന്ന മാനസിക സംതൃപ്തിയും സന്തോഷവും വേദനകൾ മറക്കാൻ എന്നും പ്രവാസികളെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു.**

ണ് ജീവിതം തള്ളി നീക്കുന്നത്. തൊഴിൽ മേഖലയിലെ ചൂഷണങ്ങളും മറ്റും പലരുടെയും ജീവൻതന്നെ കവർന്നെടുക്കുവാൻ കാരണമായിട്ടുണ്ട്.

പ്രവാസികളെ പണം കായ്ക്കുന്ന മരങ്ങളായി മാത്രം കാണുന്നത് ഒരിക്കലും അംഗീകരിക്കാവതല്ല. ഭരണകൂടം പ്രത്യേകിച്ചും പ്രവാസികളിലെ സാധാരണക്കാരെയാണ് കൂടുതൽ പരിഗണിക്കേണ്ടത്. അവരുടെ കണ്ണുനീർ കണ്ടില്ലെന്ന് നടിക്കുകയും പണക്കാരായ പ്രവാസികളെ മാത്രം പ്രവാസികളുടെ പ്രതീകമായി അവതരിപ്പിക്കുകയും ചെയ്യുന്നത് ശരിയല്ല. മത, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്തുള്ളവരിൽ പലരും 'ഉള്ള' പ്രവാസികളെ മാത്രമാണ് പരിഗണിക്കാറുള്ളത് എന്നത് ഒരു യാഥാർഥ്യമാണ്. അത് ഇനിയെങ്കിലും മാറിയേ മതിയാവൂ. പ്രവാസലോകത്ത് വൻകിട സ്ഥാപനങ്ങൾ നടത്തുന്നവരും മറ്റും തങ്ങളുടെ കീഴിൽ ജോലി ചെയ്യുന്നവർക്ക് തുഛമായ ശമ്പളം നൽകുകയും പിരിവിനു വരുന്നവർക്ക് ധാരാളം സംഭാവനകൾ നൽകുകയും ചെയ്യുന്നത് വലിയ വിരോധാഭാസം തന്നെയാണ്. കോടിക്കണക്കിന് രൂപ സംഭാവന നൽകുന്നതിനെക്കാൾ പ്രധാനം തങ്ങളുടെ കീഴിൽ ജോലി ചെയ്യുന്നവർക്ക് മാന്യമായ പ്രതിഫലം നൽകുകയും അവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യുക എന്നതാണ്. അതാണ് മനുഷ്യത്വവും മാനവികതയും ഉദ്ഘോഷിക്കുന്ന വിശാലമനസ്കർ ചെയ്യേണ്ടതും.

ലോക പ്രവാസി മലയാളികളുടെ പൊതുവേദി എന്ന നിലയിൽ അവരുടെ ക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനു വേണ്ടിയാണ് 'ലോക കേരളസഭ' നിലവിൽ വന്നത്. കേരളത്തിന് പൊതുവിലും പ്രവാസി സമൂഹത്തിന് പ്രത്യേകിച്ചും വികസന, ക്ഷേമ പദ്ധതികളിൽ സംഭാവനകൾ നൽകാൻ സാധിക്കുന്നവരുടെയും ജനപ്രതിനിധികളുടെയും ഒരു കമ്മിറ്റിയാണ് ലോക കേരളസഭ. എന്നാൽ തുടക്കം മുതലേ ചില തെറ്റിദ്ധരിപ്പിക്കലുകൾ ഈ സഭയുമായി ബന്ധപ്പെട്ട് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായതായി പ്രതിപക്ഷം ആരോപിക്കുകയും അതിനെത്തുടർന്ന് പ്രതിപക്ഷ പ്രതിനിധികൾ ലോക കേരളസഭയിൽനിന്നും വിട്ടുനിൽക്കുകയും ചെയ്തു. ലോക കേരളസഭ കേരള നിയമസഭാ സ്പീക്കറുടെ അധ്യക്ഷതയിൽ ചേരുന്നതും അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്യാനുള്ള നീക്കവും അടക്കമുള്ള കാര്യങ്ങളിലെ അനൗചിത്യമാണ് പ്രതിപക്ഷം ചൂണ്ടിക്കാണിച്ചത്. ജനങ്ങൾ തെരഞ്ഞെടുത്ത ജന പ്രതിനിധി സഭയ്ക്ക് തുല്യമായ പരിഗണനയും പദവിയും ലോക കേരളസഭയ്ക്ക് കൽപിക്കുന്നത് ജനാധിപത്യത്തോടുള്ള വെല്ലുവിളിയാണ്. ഭരണാധികാരികളും രാഷ്ട്രീയ പാർട്ടികളും തങ്ങളുടെ ഇഷ്ടാനുസരണം തെരഞ്ഞെടുത്തവരെ ജനാധിപത്യ പ്രക്രിയയിലൂടെ തെരഞ്ഞെടുത്തവർക്ക് തുല്യമാക്കാൻ ഒരു ന്യായവുമില്ല. അത് അംഗീകരിക്കാവതുമല്ല.

കഴിഞ്ഞ ഫെബ്രുവരിയിൽ നടന്ന ലോക കേരളസഭയുടെ ഭക്ഷണ ചെലവുമായി ബന്ധപ്പെട്ട് വലിയ വിവാദങ്ങൾ ഉണ്ടായി. പ്രതിനിധി ഒന്നിന്റെ ഭക്ഷണ ചെലവ് ഇങ്ങനെ: അത്താഴത്തിന് 1700 രൂപയും ടാക്സും, ഉച്ച ഭക്ഷണത്തിന് 1900 രൂപയും ടാക്സും, പ്രഭാത ഭക്ഷണത്തിന് 550 രൂപയും ടാക്സും, രണ്ടു നേരത്തെ റിഫ്രഷ്മെന്റിനായി 250 രൂപയും ടാക്സും അടക്കം കോവളത്തെ ഹോട്ടൽ റാവിസിന് സർക്കാർ നൽകേണ്ടിയിരുന്നത് 59,82,600 രൂപ! ലോക കേരളസഭയിലെ അംഗങ്ങളുടെ ആകെ എണ്ണം 351 ആണ്. ഇതിൽ 177 പേർ പ്രവാസി പ്രതിനിധികളും ബാക്കി ജനപ്രതിനിധികളുമാണ്. എംഎൽഎമാരും എംപിമാരുമായ 69 യുഡിഎഫ് പ്രതിനിധികൾ സഭയിൽനിന്ന് വിട്ടുനിന്നു. സഭയിൽ ആകെ പങ്കെടുത്തത് 282 അംഗങ്ങൾ മാത്രമാണെന്നിരിക്കെ ഉച്ചഭക്ഷണത്തിനായി 700 പേർക്കും അത്താഴത്തിനായി 600 പേർക്കും പ്രഭാതഭക്ഷണത്തിനായി 400 പേർക്കുമാണ് പണം ചെലവഴിച്ചിരിക്കുന്നത്! സർക്കാർ ഗസ്റ്റ് ഹൗസും റസ്റ്റ് ഹൗസും കൂടാതെ, പ്രതിനിധികൾക്ക് ഏഴോളം ആഡംബര ഹോട്ടലുകളിലെ താമസത്തിനായി 23,42,725 രൂപയും സർക്കാർ ചെലവാക്കി. ഡ്രൈവർമാർ, സെക്യൂരിറ്റി സ്റ്റാഫ് എന്നിവരുടെ ഭക്ഷണ ചെലവായി 4,56,324 രൂപയുടെ മറ്റൊരു ബില്ലും പാസ്സാക്കിയിട്ടുണ്ട്. ആർക്കും ഒറ്റനോട്ടത്തിൽ മനസ്സിലാക്കാവുന്ന ധൂർത്താണ് കഴിഞ്ഞ ലോകകേരളസഭയുമായി ബന്ധപ്പെട്ട കണക്കുകൾ കാണിക്കുന്നത്. ഭക്ഷണവുമായി ബന്ധപ്പെട്ട വിവാദം ഉണ്ടായപ്പോൾ ആ പണം വേണ്ടെന്നുവച്ച് വിവാദത്തിൽനിന്നും തലയൂരി റാവിസ് ഹോട്ടലുടമയും മാതൃകയായി. സമ്പന്നരായ പ്രവാസികൾക്കുവേണ്ടി സംഘടിപ്പിച്ച സമ്മേളനത്തിന് പൊതുഖജനാവിൽനിന്നും കോടികൾ ധൂർത്തടിക്കുന്നത് ന്യായീകരിക്കാവതല്ല. ഇത്തരം പരിപാടികൾക്ക് അംഗങ്ങളിൽനിന്നും ഫീസ് ഈടാക്കുകയാണ് ചെയ്യേണ്ടത്. നാടിനെ സേവിക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി ഒത്തുചേരുമ്പോൾ അത് പാവങ്ങളുടെ പണം ധൂർത്തടിച്ചാവരുതെന്ന കരുതൽ ലോക കേരളസഭാ അംഗങ്ങൾക്ക് ഇനിയുമെങ്കിലും ഉണ്ടാവണം.

ലോക കേരളസഭയുമായി ബന്ധപ്പെട്ട് ചെലവഴിച്ച കോടികളുടെ കണക്ക് പ്രതിപക്ഷ നേതാവ് പുറത്തു വിടുകയും അത് ശരിയാണെന്ന് സ്പീക്കർ സമ്മതിക്കുകയും ചെയ്തു. 2018ൽ ഒന്നാം കേരളസഭ ചേരുമ്പോൾ ശങ്കരൻതമ്പി ഹാളിലെ ഇരിപ്പിടങ്ങൾ മാറ്റാൻ 1.84 കോടി രൂപ ചെലവാക്കിയിരുന്നു. ഊരാളുങ്കൽ സൊസൈറ്റിയാണ് ഇത് നടത്തിയത്. രണ്ടു ദിവസത്തേക്ക് മാത്രമാണ് സഭ ചേർന്നത്. 2020ൽ ലോക കേരളസഭ ചേർന്നപ്പോൾ ഈ ഹാളിലെ കസേരകളെല്ലാം പൊളിച്ചുമാറ്റിയെന്നും മാത്രമല്ല ഹാൾ മൊത്തമായി 16.65 കോടി രൂപ എസ്റ്റിമേറ്റിട്ട് നവീകരിച്ചു എന്നുമാണ് പ്രതിപക്ഷ ആരോപണം. ഇതിന്റെ ബില്ലിൽ ഇതിനകം 12 കോടി രൂപ ഊരാളുങ്കലിന് നൽകിക്കഴിഞ്ഞു എന്ന് രമേശ് ചെന്നിത്തല പറയുകയുണ്ടായി. 9 കോടി എന്നും പറയുന്നുണ്ട്. എന്തായാലും ഒന്നോ രണ്ടോ ദിവസം മാത്രം ചേരുന്ന ഒരു സമ്മേളനത്തിന്റെ വേദിക്ക് എന്തിനിത്ര ആഡംബരം എന്നത് ഇപ്പോഴും ചോദ്യചിഹ്നമായി നിൽക്കുകയാണ്. നിയമസഭാ മന്ദിരത്തിലെ ഹാൾ പുറത്തുള്ള പരിപാടികൾക്ക് വാടകക്കയ്ക്ക് നൽകാൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല എന്നറിഞ്ഞുകൊണ്ട് തന്നെയാണ് പുറത്ത് വാടകയ്ക്ക് നൽകുന്നതും ആലോചിക്കാം എന്ന് സ്പീക്കർ പറഞ്ഞത്. പൊതുമുതൽ ചെലവഴിക്കേണ്ടിടത്ത് കാണിക്കേണ്ട ജാഗ്രതയും സൂക്ഷ്മതും ഒട്ടും പാലിച്ചില്ലെന്നത് വ്യക്തം. എല്ലാം ഓൺലൈനായി നടക്കുന്ന ഇന്ന് 'ഇ ടെണ്ടർ' സംവിധാനം അഭിമാനമായി പറയുന്ന സർക്കാരിന്റെ കാലത്താണ് ഒരു ടെണ്ടറും ഇല്ലാതെ സ്വന്തക്കാർക്ക് ടോട്ടൽ സർവീസ് പ്രൊവൈഡർ എന്ന പേരിൽ പദ്ധതികൾ ഏൽപിക്കുന്നത്. ഇതും അഴിമതിയാണ്. രണ്ട് പ്രളയങ്ങളും ഓഖി ദുരന്തവും തീർത്ത പ്രതിസന്ധയിൽ കഴിയുമ്പോൾ മുണ്ടുമുറുക്കിയുടുക്കാൻ മലയാളികളോട് ആഹ്വാനം ചെയ്ത് വായ്മൂടും മുമ്പാണ് ഈ ധൂർത്തുകൾ എന്നതും ശ്രദ്ധേയമാണ്.

പ്രവാസ ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയാണ് കോവിഡ് കാലം. കഴിഞ്ഞ മാർച്ചിൽ ആരംഭിച്ച പ്രതിസന്ധിയിൽ ആയിരത്തിലധികം മലയാളികളിലാണ് പ്രവാസലോകത്ത് മരിച്ചത്. ഫെബ്രുവരിയിൽ കോടികൾ ചെലവഴിച്ച് നടത്തിയ ലോക കേരളസഭ ഈ പ്രതിസന്ധി ഘട്ടത്തിൽ എന്ത് ചെയ്തു എന്നതുകൂടി കൂട്ടിവായിക്കുമ്പോഴാണ് ഒരു ഉപകാരവുമില്ലാതെ പ്രവാസികളുടെ പേരിൽ കോടികൾ ധൂർത്തടിക്കുന്നതിനെ വിമർശിക്കേണ്ടി വരുന്നത്. വിദേശ രാജ്യങ്ങളിൽ ജീവനുവേണ്ടി കേണ പ്രവാസികളോട് തികച്ചും നിരുത്തരവാദപരമായ സമീപനമായിരുന്നു കേന്ദ്ര, സംസ്ഥാന സർക്കാരുകൾ കാണിച്ചത്. ഭക്ഷണം, ചികിത്സ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ മുറവിളികൂട്ടിയിട്ടും സർക്കാർ സംവിധാനങ്ങൾ അനങ്ങിയില്ല. പ്രവാസലോകത്തെ സന്മനസ്സുകളും മത, രാഷ്ട്രീയ, സാമൂഹിക രംഗത്തെ സേവനമനസ്കരും സ്വയം മറന്ന് പ്രവർത്തനരംഗത്ത് സാമ്പത്തികമായും ശാരീരികമായും അശ്രാന്ത പരിശ്രമങ്ങൾ നടത്തിയാണ് പ്രവാസി സമൂഹത്തിന് ആശ്വാസം സമ്മാനിച്ചത്. അതാത് രാജ്യത്തെ ഭരണകൂടങ്ങളുടെ അതിരുകളില്ലാത്ത സഹായവും പ്രവാസലോകത്തിന് തുണയായി.

കൂടെപ്പിറപ്പുകൾ മരിച്ചുവീഴുന്നത് കണ്ടുനിൽക്കേണ്ടിവന്ന വിറങ്ങലിച്ച നാളുകൾ ഇന്നും പ്രവാസികളുടെ മനസ്സിൽ മായാതെ കിടപ്പുണ്ട്. പ്രവാസികൾ രോഗവാഹകരാണെന്നും ഇങ്ങോട്ട് വരേണ്ടെന്നും പ്രത്യക്ഷമായും പരോക്ഷമായും ഭരണകൂടങ്ങൾ പറഞ്ഞുകൊണ്ടേയിരുന്നു. അനാവശ്യ വ്യവസ്ഥകൾവച്ച് യാത്രകൾക്ക് തടസ്സം സൃഷ്ടിച്ചു. രണ്ടര ലക്ഷം പേർക്ക് ക്വാറന്റൈൻ സൗകര്യങ്ങൾ ഒരുക്കുന്നെണ്ടെന്നു പറഞ്ഞും പ്രവാസികളെ വഞ്ചിച്ചു. ഓരോ ഘട്ടത്തിലും ശക്തമായ പ്രതിഷേധങ്ങൾ ഉയർത്തി പ്രവാസലോകം ഈ ക്രൂരതക്കെതിരെ പ്രതികരിച്ചാണ് മുന്നോട്ടുനീങ്ങിയത്. നാട്ടിൽ വരുന്ന പ്രവാസികൾ കോവിഡ് ടെസ്റ്റ് നടത്തി നെഗറ്റീവ് ആയാൽ ക്വാറന്റൈൻ വേണ്ടെന്ന കേന്ദ്ര നിർദേശത്തോട് പുറംതിരിഞ്ഞുനിന്ന് പ്രവാസികളെ പ്രയാസപ്പെടുത്തുകയാണ് ഇപ്പോഴും കേരള സർക്കാർ. പ്രതിഷേധിക്കാൻ ആർക്കും സമയമില്ല താനും. നാട്ടിൽനിന്നും വിദേശ രാജ്യങ്ങളിലേക്ക് തിരിച്ചുപോകാൻ കഴിയാതെ ധാരാളം



പേർ ഇന്നും പ്രയാസപ്പെടുന്നു. ഇന്ത്യയടക്കമുള്ള ഏതാനും രാജ്യങ്ങളിൽനിന്നുള്ളവർക്ക് മാത്രമാണ് ചില ഗൾഫ് രാജ്യങ്ങളിൽ വിലക്ക് നിലനിൽക്കുന്നത്. ഈ കാര്യത്തിൽ നയതന്ത്രതലത്തിലടക്കം ഉള്ള ഇടപെടലുകൾ നടത്തി പരിഹാരം കാണാൻ നമ്മുടെ ഭരണകൂടങ്ങൾക്ക് ഇനിയും നേരമായിട്ടില്ലെന്നത് പ്രതിഷേധാർഹമാണ്. ലക്ഷത്തോളം രൂപ ചെലവാക്കിയാണ് പലരും ദുബായ് വഴി സുഊദി, കുവൈറ്റ് തുടങ്ങിയ രാജ്യങ്ങളിലേക്ക് മടങ്ങുന്നത്. ഇതൊന്നും കണ്ടില്ലെന്ന് നടിക്കുകയാണ് നമ്മുടെ ഭരണകൂടങ്ങൾ.

ധൂർത്തടിച്ച കോടികൾ ഉണ്ടായിരുന്നെങ്കിൽ പതിനായിരക്കണക്കിന് പ്രവാസികളെ നാട്ടിലേക്ക് തിരിച്ചു കൊണ്ടുവരാൻ സാധിക്കുമായിരുന്നു. നാടിന്റെ പ്രതിസന്ധിഘട്ടങ്ങളിൽ കൈമെയ് മറന്ന് സഹായിച്ച പ്രവാസി സമൂഹത്തെ കോവിഡ് കാലത്ത് അവഗണിച്ചതും അനാവശ്യ നിബന്ധനകൾവച്ച് ദ്രോഹിച്ചതും പ്രവാസലോകം മറന്നിട്ടില്ല. വിദേശ രാജ്യങ്ങളിൽ കോവിഡ് മൂലം മരണപ്പെട്ട പ്രവാസികളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം, അല്ലെങ്കിൽ സഹായധനം നൽകാനുള്ള ആവശ്യം ഇപ്പോഴും പരിഗണിക്കാതെ കിടക്കുകയാണ്. ജോലി നഷ്ടപ്പെട്ടു മടങ്ങിയെത്തിയവർക്ക് വാഗ്ദാനം ചെയ്ത അയ്യായിരം രൂപ പോലും പൂർണമായും വിതരണം ചെയ്യാൻ സംസ്ഥാനം ശ്രമിച്ചിട്ടില്ല. കേരള സർക്കാർ ഒരു വിമാനം പോലും പ്രവാസികൾക്കുവേണ്ടി ഒരുക്കിയില്ല. മരണത്തെ മുഖാമുഖം കണ്ടവർ ജീവനുംകൊണ്ട് നാട്ടിലേക്ക് ഓടുമ്പോൾ അവരുടെ പോക്കറ്റടിക്കാനാണ് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ശ്രമിച്ചത്. അവർക്ക് ഭക്ഷണവും ചികിത്സയും വിശ്രമകേന്ദ്രവും ലഭ്യമാക്കിയതിനപ്പുറം ടിക്കറ്റുകൂടി ഏർപ്പാട് ചെയ്യേണ്ട ചുമതല പ്രവാസ ലോകത്തിനു തന്നെ നൽകി ഭരണാധികാരികൾ അവരെ വഞ്ചിച്ചു. ഇതെല്ലാം യാഥാർഥ്യമാണെന്നിരിക്കെ പ്രവാസികളുടെ പേരിൽ കോടികൾ ഒഴുക്കുന്ന സർക്കാർ സംവിധാനങ്ങൾ യഥാർഥത്തിൽ ആർക്കുവേണ്ടിയാണ് പ്രവർത്തിക്കുന്നത്?

പ്രതിസന്ധികാലത്ത് മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസവും സംസ്ഥാനത്തിന്റെ സമഗ്രവികസനവും ലക്ഷ്യമിട്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത് എന്ന് പ്രഖ്യാപിച്ച ഡ്രീം കേരള പദ്ധതി വിവാദങ്ങളിൽ അപ്രത്യക്ഷമായി. 2020 നവംബർ 15ന് മുമ്പ് പൂർത്തിയാക്കണം എന്ന് തീരുമാനിച്ച പദ്ധതി എങ്ങും എത്താതെ കിടക്കുന്നു. ലോക കേരളസഭകൊണ്ട് കേരളത്തിനുണ്ടായ നേട്ടം എന്തെന്നതും ഉത്തരമില്ലാതെ കിടക്കുകയാണ്. 30,000 കോടിയുടെ നിക്ഷേപം കൊണ്ടുവരുമെന്ന് ധനമന്ത്രി വീമ്പിളക്കിയെങ്കിലും 362 കോടി രൂപ മാത്രമാണ് ലഭിച്ചത്! ഭരണകൂട ക്രൂരതയുടെ ഇരകളായി ആത്മഹത്യ ചെയ്ത ആന്തൂരിലെ സാജൻ അടക്കമുള്ള പ്രവാസി സംരംഭകരോട് നമ്മുടെ നാട്ടിലെ അധികാര കേന്ദ്രങ്ങൾ വെച്ച് പുലർത്തുന്ന മനോഭാവത്തിൽ ഇനിയും മാറ്റം വന്നിട്ടില്ലെന്നാണ് പല നടപടികളും സൂചിപ്പിക്കുന്നത്. ചാവക്കാട് ഒരു സംരംഭം തുടങ്ങാനുള്ള ശ്രമം ഉപേക്ഷിക്കുന്നു എന്നറിയിച്ചുകൊണ്ട് പ്രവാസി മലയാളി കഴിഞ്ഞ ദിവസം ഇട്ട ഫേസ്ബുക്ക് കുറിപ്പിന്റെ തുടക്കം ഇങ്ങനെയാണ്:

'സുഹൃത്തുക്കളെ, വളരെ വിഷമത്തോടെയുള്ള ഒരു തീരുമാനമാണ് ഞാനും എന്റെ കുടുംബവും എടുക്കുന്നത്. എന്റെ ജീവിതത്തിലെ ഏറ്റവും വലിയ സ്വപ്നമായിരുന്നു ചാവക്കാട്ടെ ബിസിനസ് സംരംഭം. മരുഭൂമിയിൽ എത്ര വെയിലേറ്റാലും പ്രവാസി തളരില്ല. കാരണം അവന്റെ മനസ്സിൽ നാടെന്ന പ്രതീക്ഷയുണ്ടാകും. നാട്ടിൽ ബിസിനസ് തുടങ്ങാമെന്ന പ്രതീക്ഷയോടെ നാട്ടിലേക്ക് വരുന്ന പ്രവാസികളിൽ ഭൂരിഭാഗവും നാട്ടിലെ ചിലയാളുകളുടെ ക്രൂരത കാരണം തന്റെ സ്വപ്നങ്ങൾ പാതിവഴിയിൽ ഉപേക്ഷിക്കുകയോ ആത്മഹത്യ ചെയ്യുകയോ ചെയ്യും. എല്ലാം നഷ്ടപ്പെട്ട ചിലർ ശിഷ്ടകാലം മറ്റാരുടെയെങ്കിലും തണലിൽ തള്ളിനീക്കും. എന്നാൽ ചാവക്കാട് ബിസിനസ് തുടങ്ങി രക്ഷപ്പെടാമെന്ന് കരുതി ഒരു പ്രവാസിയും ചാവക്കാട്ടേക്ക് വരരുത്, അപേക്ഷയാണ്.'

ഒരുപാട് സ്വപ്നങ്ങളുമായി, പിറന്നമണ്ണിൽ ജീവിതത്തിന്റെ ശിഷ്ടകാലം ചെലവഴിക്കണം എന്നാഗ്രഹിച്ചു വരുന്നവർക്ക് കുരുക്കുകൾ തീർക്കുന്ന പരിപാടി ഇനിയെങ്കിലും മാറണം. പ്രവാസികളെ പുനധിവസിപ്പിക്കാനും അവർക്ക് നന്നായി ജീവിക്കാൻ ആവശ്യമായ ഭൗതിക സാഹചര്യങ്ങളും അത്താണി നഷ്ടപ്പെട്ടവർക്ക് ആശ്വാസ പദ്ധതികളും അടക്കം നടപ്പിലാക്കി പ്രവാസലോകത്തോട് അൽപമെങ്കിലും നീതികാണിക്കാനുമുള്ള മനസ്സ് കേരളം ഇനിയെങ്കിലും പ്രകടിപ്പിക്കും എന്ന് കരുതാം. ജോലി നഷ്ടപ്പെട്ടും മറ്റും നാട്ടിൽ തന്നെയുള്ള പ്രവാസികളുടെ വോട്ടുകൾ നിർണായകമായ ഒരു നിയമസഭാ തെരഞ്ഞെടുപ്പാണ് വരാനിരിക്കുന്നത്. അതിൽ പ്രവാസലോകം തങ്ങളുടെ വോട്ടവകാശം ശരിയായ ദിശയിൽ വിനിയോഗിക്കുമെന്ന തിരിച്ചറിവ് രാഷ്ട്രീയ നേതാക്കൾക്ക് ഉണ്ടാവും എന്ന് പ്രത്യാശിക്കാം.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം

മുഹമ്മദ് നബിﷺ 3




# മുഹമ്മദ് നബിﷺയുടെ ജനനം

മുഹമ്മദ് നബിﷺ ജനിച്ചത് ആനക്കലഹ വർഷത്തിലെ ഒരു തിങ്കളാഴ്ചയായിരുന്നു. സാധാരണയായി ഏതെങ്കിലും ഒരു കാര്യത്തെ ഒരു പ്രധാനപ്പെട്ട സംഭവം നടന്ന കാലത്തിലേക്ക് ചേർത്തിപ്പറയാറുണ്ടല്ലോ. അതുപോലെ അബ്റഹത്ത് രാജാവ് കഅ്ബ പൊളിക്കാൻ വന്ന സംഭവം നടന്ന കാലത്തായിരുന്നു നബിﷺ ജനിച്ചത്. അതിനാൽ നബിﷺയുടെ ജനനത്തെ ആനക്കലഹ വർഷത്തിലേക്ക് ചേർത്തിപ്പറയുന്നു.

നബിﷺ ജനിച്ചത് ആനക്കലഹ വർഷത്തിൽ ഏതു മാസത്തിൽ ഏതു തീയതിയിൽ എന്നതിൽ ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഉറപ്പിച്ചു പറയാൻ മാത്രം മതിയായ രേഖയില്ലാത്തതുതന്നെ കാരണം. റബീഉൽ അവ്വൽ മാസത്തിലെ 2,8,10,12,17,18,22 എന്നിങ്ങനെയെല്ലാം അഭിപ്രായമുള്ളതായി ചരിത്രത്തിൽ നമുക്ക് കാണാവുന്നതാണ്. നബിﷺയുടെ ജനന തീയതിയെ സംബന്ധിച്ചുള്ള അഭിപ്രായ വ്യത്യാസങ്ങൾ പറയുമ്പോൾ ചിലർ ഇപ്രകാരം ഒരു പ്രചരണം നടത്താറുണ്ട്: 'നിങ്ങൾക്ക് നബിﷺയുടെ ജന്മദിനം ആഘോ

ഷിക്കാതിരിക്കാനായി നിങ്ങൾ ഉണ്ടാക്കിയ ഒരു കാരണമാകുന്നു ഇത്. നബിﷺയുടെ ജനന തീയതിയിൽ യാതൊരു അഭിപ്രായ വ്യത്യാസവും ഇല്ല.' ഇത് ശരിയല്ല. നബിﷺയുടെ ജന്മദിനം നമ്മൾ ആഘോഷിക്കാതിരിക്കാൻ കാരണം നബിﷺയോടുള്ള ഇഷ്ടക്കുറവോ ബഹുമാനക്കുറവോ അല്ല. പ്രമാണങ്ങൾ അത് പഠിപ്പിക്കാത്തതിനാൽ മാത്രമാണ്. ലോകത്ത് എത്രയെത്ര നബിമാർ കഴിഞ്ഞുപോയിട്ടുണ്ട്! ഈ പ്രവാചകന്മാരുടെയെല്ലാം ജന്മദിനം ഇക്കൂട്ടർ ആഘോഷിക്കുന്നുണ്ടോ? ഇല്ലല്ലോ! അവരോട് ഇക്കൂട്ടർക്ക് സ്നേഹവും ബഹുമാനവും ആദരവും ഇല്ലാത്തതുകൊണ്ടാണ് ആഘോഷിക്കാത്തത് എന്നു പറഞ്ഞാൽ എന്തായിരിക്കും പ്രതികരണം?

ബർസഞ്ചി മൗലിദിൽ നബിﷺയുടെ ജനന തീയതിയെ സംബന്ധിച്ച് പറയുന്നത് കാണുക:

"നബിﷺയുടെ ജനന വർഷത്തിലും അതിന്റെ മാസത്തിലും അതിന്റെ ദിവസത്തിലും പണ്ഡിതന്മാരുടെ പല വാക്കുകളിലുമായി വന്ന റിപ്പോർട്ടുകളിൽ അഭിപ്രായ വ്യത്യാസം ഉണ്ടായിട്ടുണ്ട്."

ഇവരുടെ സ്വന്തം മൗലിദ് കിതാബിൽ തന്നെ ഈ കാര്യം വ്യക്തമാക്കുമ്പോൾ എന്തിന് സലഫികൾ ഈ കാര്യം പറയുമ്പോൾ ഇക്കൂട്ടർ ദുഷ്പ്രചാരണം നടത്തുന്നു? റബീഉൽ അവ്വൽ 12ന് നമ്മുടെ നാടുകളിലടക്കം പല ഭാഗങ്ങളിലും ഏതാനും കാലങ്ങളായി മുസ്‌ലിംകൾ നബിﷺയുടെ ജന്മദിനം ആഘോഷിക്കുന്നതായി നമുക്കറിയാം. എന്നാൽ റബീഉൽ അവ്വൽ 12നാണ് നബിﷺ ജനിച്ചത് എന്ന് ഉറപ്പിച്ചു പറയാൻ മാത്രം പ്രാമാണികമായ ഒരു രേഖയും ഇല്ല.

റബീഉൽ അവ്വൽ 12ന് മീലാദുന്നബി എന്ന പേരിൽ വലിയ ഒരു ആഘോഷം നബിﷺയുടെയും സ്വഹാബത്തിന്റെയും കാലശേഷം ഉണ്ടാകാൻ കാരണമെന്താണ്? യഥാർഥത്തിൽ റബീഉൽ അവ്വൽ 12 എന്നത് മുസ്‌ലിംകൾക്ക് ആഘോഷിക്കാൻ മാത്രം ഒരു സന്തോഷമുള്ള ദിനമാണോ, അപ്രകാരം ആഘോഷിക്കാൻ റബീഉൽ അവ്വൽ 12 നമുക്ക് ഒരു സന്ദേശം നൽകുന്നുണ്ടോ എന്നതെല്ലാം നാം ഗൗരവത്തിൽ ചിന്തിക്കേണ്ടതുണ്ട്. ഒരു സംഭവം കാണുക:

അബൂദുഐബ്ؓ പറഞ്ഞു: "ഞാൻ മദീനയിൽ ചെന്നു. ഹാജിമാർ ഇഹ്റാമിൽ ആയിരിക്കുമ്പോൾ (എല്ലാവരും) ഒരുമിച്ച് തൽബിയത്ത് ചൊല്ലിയാൽ ഉണ്ടാകുന്ന ഒരു വലിയ ശബ്ദം പോലെ മദീനക്കാർ കരഞ്ഞുകൊണ്ടിരിക്കുന്നു. അപ്പോൾ ഞാൻ ചോദിച്ചു: 'എന്തു പറ്റി?' അപ്പോൾ അവർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂൽ മരണപ്പെട്ടിരിക്കുന്നു."

നബിﷺ മരണപ്പെട്ട ദിവസത്തിൽ മദീനയുടെ അവസ്ഥയാണ് നമുക്ക് ഇതിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നത്. മദീനക്കാരുടെ എല്ലാമെല്ലാമായ മുഹമ്മദ് നബിﷺയുടെ മരണം അവർക്ക് ഉണ്ടാക്കിയ പ്രയാസം ചെറുതൊന്നുമല്ലായിരുന്നു.

ഹിജ്റ വർഷം 11, റബീഉൽ അവ്വൽ 12ന് രാവിലെ പൂർവാഹ്നം പിന്നിടുമ്പോഴായിരുന്നു അവിടുത്തെ വിയോഗം സംഭവിച്ചത് എന്നത് അഭിപ്രായ വ്യത്യാസമില്ലാത്ത കാര്യമാണ്.

അബൂദുഐബ്ؓ മദീനയിലേക്ക് വരുന്നതിന് മുമ്പായി അദ്ദേഹത്തിന് മറ്റൊരു ആപത്ത് സംഭവിച്ചിരുന്നു. അതായത്, അദ്ദേഹത്തിന്റെ നാട്ടിൽ പ്ലേഗ് വ്യാപിച്ചിരുന്നു. അതിലൂടെ അദ്ദേഹത്തിന്റെ അഞ്ച് മക്കൾ മരണപ്പെടുകയുണ്ടായി. ഈ ദുഃഖഭാരവുമായാണ് അദ്ദേഹം മദീനയിൽ എത്തുന്നത്. അപ്പോഴാണ് അതിനെക്കാൾ വലിയ ഒരു ആപത്തിനെക്കുറിച്ച് അദ്ദേഹം കേൾക്കുന്നത്.

റസൂൽﷺ വഫാത്തായ റബീഉൽ അവ്വൽ 12ന് സ്വഹാബിമാരുടെ അവസ്ഥ എപ്രകാരമായിരുന്നു എന്നത് മുകളിലെ സംഭവത്തിൽനിന്ന് ആർക്കും ഗ്രഹിക്കാവുന്നതാണ്. ഈ അവസ്ഥയിലാണോ ഇന്ന് മുസ്‌ലിംകൾ റബീഉൽ അവ്വൽ 12 ദിവസത്തിൽ ഉള്ളത്? ഈ ചരിത്രസത്യം അറിയുന്നവർ റബീഉൽ അവ്വൽ 12 ആഘോഷിക്കുമോ?

സ്വഹാബിമാർ റബീഉൽ അവ്വൽ 12നെ ആടാനും പാടാനും തുള്ളിച്ചാടാനും അഭിനയിക്കാനും റാലി നടത്താനും അന്നദാനം നടത്താനും മുദ്രാവാക്യം മുഴക്കാനും മാജിക് കാണിക്കാനുമല്ല ഉപയോഗിച്ചത്. അവർക്ക് ആ ദിനം ചിന്തിക്കാനേ കഴിയാത്തവിധം ഭാരമേറിയതായിരുന്നു. ഞങ്ങൾ ഏറ്റവും കൂടുതൽ സന്തോഷിച്ചത് നബിﷺ മദീനയിൽ എത്തിയ ദിവസവും ഞങ്ങൾ ഏറ്റവും കൂടുതൽ വിഷമിച്ചത് നബിﷺ ഞങ്ങളിൽ നിന്ന് വിടചൊല്ലിയ ദിവസവുമായിരുന്നു എന്ന് അൻസ്വാരിയായ അനസ്ؓ പറഞ്ഞത് നമുക്ക് കാണാൻ കഴിയും.

പൂർവികരും സച്ചരിതരുമായ സ്വഹാബിമാർ ആരും തന്നെ റബീഉൽ അവ്വൽ 12നെ ആഘോഷിക്കാനുള്ള ഒരു ദിനമായി സ്വീകരിച്ചില്ല. ഇത്തരം ആഘോഷക്കാർക്ക് അവരുടെയൊന്നും പിന്തുണയുമില്ല. എന്നാൽ ആരാണ് ഈ ഏർപ്പാട് മുസ്‌ലിം സമൂഹത്തിലേക്ക് കൊണ്ടുവന്നത് എന്ന് മനസ്സിലാക്കുമ്പോൾ ഇതിലെ ചതി എത്ര ഗുരുതരമാണ് എന്നതും മനസ്സിലാകും.

ഹിജ്‌റ 362ൽ ഫാത്വിമിയ്യ പ്രസ്ഥാനത്തിന്റെ വക്താക്കളായ ഫാത്വിമികൾ ഇസ്‌ലാമിന്റെ മേൽക്കുപ്പായമണിഞ്ഞ് ഇസ്‌ലാമിലേക്ക് നുഴഞ്ഞുകയറുകയുണ്ടായി. ഹിജ്‌റ 362ൽ ഈജിപ്ത് ദേശത്തിന്റെ ഭരണത്തിൽ ഇടംകണ്ട ഇവർ തങ്ങളുടെ ശിർക്കും കുഫ്‌റും നിഷിദ്ധമായ ധാരാളം ചെയ്തികളുമെല്ലാം കാരണം ജനങ്ങൾക്കിടയിൽ തീരെ സ്വാധീനം ഇല്ലാത്തവരായിരുന്നു. അവരാണ് ഇത്തരം ആചാരങ്ങൾ മുസ്‌ലിംകൾക്കിടയിലേക്ക് കൊണ്ടുവന്നത് എന്ന് നമുക്ക് കാണാൻ സാധിക്കും.

ഫാത്വിമിയ്യ ഭരണാധികാരികൾക്ക് ചില ഉത്സവങ്ങളും ആഘോഷങ്ങളും ഉണ്ടായിരുന്നു. പുതുവർഷോത്സവം, ആശൂറാഅ് ദിനം, നബിﷺയുടെ ജന്മദിനം, അലി(റ)യുടെ ജന്മദിനം, ഹസൻ(റ), ഹുസൈൻ(റ) എന്നിവരുടെ ജന്മദിനം, ഫാത്വിമ(റ)യുടെ ജന്മദിനം, ഖലീഫ അൽഹാദിറിന്റെ ജന്മദിനം, റജബിലെ ആദ്യത്തെ രാത്രി, അതിലെ പകുതിയുടെ രാവ്, ശഅ്ബാൻ ആദ്യരാവ്...ഇങ്ങനെ ഒട്ടേറെ!

'മീലാദുന്നബി' ആരുടെ സൃഷ്ടിയാണ് എന്നത് നാം ചിന്തിക്കുക. ഇത് വർജിക്കുകയാണോ സ്വീകരിക്കുകയാണോ മുസ്‌ലിംകൾ ചെയ്യേണ്ടത്?

ഫാത്വിമിയ്യ എന്നോ ഉബയ്ദികൾ എന്നോ കേൾക്കുമ്പോൾ ചിലർക്കെങ്കിലും ഒരു മുസ്‌ലിം ബന്ധം ഉള്ളതായി തോന്നിയേക്കാം. ഈജിപ്തിലെ ചില ഭരണാധികാരികളാണ് ഇവർ. അവരുടെ തലവൻ ഉബയ്ദ് ബ്‌നു സഅദ് ആണ്. അതിനാലാണ് ഉബയ്ദികൾ എന്നും ഇവർ അറിയപ്പെടുന്നത്. ഫാത്വിമ(റ)യിലേക്ക് അവർ അവരുടെ ബന്ധം ചേർത്തി പറയുകയാണ് ചെയ്യുന്നത്. ജനങ്ങളിൽ സ്വീകാര്യത ലഭിക്കുന്നതിനു വേണ്ടിയാകാം അവർ അപ്രകാരം ചെയ്തത്. ആരാണ് ഈ ഫാത്വിമികൾ എന്ന് അക്കാലത്തെ മുസ്‌ലിം പണ്ഡിതർ നമ്മെ അറിയിച്ചിട്ടുണ്ട്. ഇസ്‌ലാമിക നാടുകളെ അടക്കിഭരിച്ച ഇക്കൂട്ടർ അവരുടെ ക്രൂരതകളും ദുഷ്ചെയ്തികളും തുടർന്നപ്പോൾ ഇസ്‌ലാമിക നാടുകളിലുള്ള, നബികുടുംബത്തിലേക്ക് ചേർത്തപ്പെടുന്നവരും പണ്ഡിതന്മാരും ക്വാദിമാരും അടക്കമുള്ളവർ ഒരു സമ്മേളനം നടത്തുകയുണ്ടായി. ഹിജ്‌റ 402ൽ നടന്ന സമ്മേളനത്തിൽ ആരാണ് ഫാത്വിമികൾ എന്ന് പണ്ഡിതന്മാർ വ്യക്തമാക്കിയത് കാണുക:

'ഈജിപ്തിലെ ഈ ഭരണാധികാരിയും അയാളുടെ പൂർവികരുമെല്ലാം കാഫിറുകളും അധർമകാരികളും ദൈവനിഷേധികളും നിർമതവാദികളും ഇസ്‌ലാമിനോട് തർക്കിക്കുന്നവരും മജൂസികളുടെയും വിഗ്രഹാരാധകരുടെയും മാർഗത്തിൽ വിശ്വാസമുള്ളവരും ആകുന്നു. അവർ (ഇസ്‌ലാമിലെ) ശിക്ഷാ നിയമങ്ങളെ നിഷേധിക്കുകയും വ്യഭിചാരത്തെ അനുവദിക്കുകയും മദ്യപാനവും രക്തംചിന്തലും അനുവദനീയമാക്കുകയും ചെയ്തു. അവർ നബിമാരെ ചീത്തവിളിച്ചു, പൂർവസൂരികളെ അവർ ശപിച്ചു. അവരുടെ ഇമാമുകളിൽ അവർ തൗഹീദുർറുബൂബിയ്യത്ത് വാദിക്കുകയും ചെയ്തു.

> **പൂർവികരും സച്ചരിതരുമായ സ്വഹാബിമാർ ആരുംതന്നെ റബീഉൽ അവ്വൽ 12നെ ആഘോഷിക്കാനുള്ള ഒരു ദിനമായി സ്വീകരിച്ചില്ല. ഇത്തരം ആഘോഷക്കാർക്ക് അവരുടെയൊന്നും പിന്തുണയുമില്ല. എന്നാൽ ആരാണ് ഈ ഏർപ്പാട് മുസ്‌ലിം സമൂഹത്തിലേക്ക് കൊണ്ടുവന്നത് എന്ന് മനസ്സിലാക്കുമ്പോൾ ഇതിലെ ചതി എത്ര ഗുരുതരമാണ് എന്നതും മനസ്സിലാകും.**


ഫാത്വിമിയ്യാക്കൾ നബികുടുംബത്തിലേക്ക് ചേർത്തിയാണ് ഈ വൃത്തികേടുകൾ ചെയ്തത്. അതിനാൽ തന്നെ നബികുടുംബത്തിലേക്ക് ചേർക്കപ്പെടുന്ന പണ്ഡിതന്മാരും നേതാക്കളും ക്വാദിമാരും എല്ലാവരും ഉൾപ്പെട്ട സംഗമത്തിൽ ആരാണ് ഈ ഫാത്വിമിയ്യാക്കൾ എന്നത് വെളിപ്പെടുത്തിയ കാര്യമാണ് ഇബ്‌നു കഥീർ(റ) ഇവിടെ കുറിച്ചത്.

ഇനി പറയൂ; നബിദിനാഘോഷത്തിന് അവർ തുടക്കം കുറിച്ചത് നബിയോടുള്ള സ്നേഹംകൊണ്ടാണോ വെറുപ്പ് കൊണ്ടാണോ? ഇത് സ്ഥാപിക്കുവാൻ വേണ്ടി ക്വുർആൻ വചനങ്ങളും ഹദീഥുകളും ദുർവ്യാഖ്യാനിച്ച് തെളിവുണ്ടാക്കുന്ന ഇന്നത്തെ ചില പണ്ഡിതന്മാരുടെ അവസ്ഥ ഖേദകരം തന്നെ.

നബിﷺയുടെ ജന്മദിനം ആഘോഷിക്കുന്നവർ ജനിച്ച വർഷം, മാസം, തീയതി തുടങ്ങിയവയിൽ പല അഭിപ്രായ വ്യത്യാസങ്ങളുണ്ടെങ്കിലും റബീഉൽ അവ്വൽ 12ന് പുലരിയുടെ തൊട്ടുമുമ്പായിരുന്നു അവിടത്തെ ജനനം എന്നതിന് കൂടുതൽ ശക്തി നൽകുന്നത് കാണാം. റബീഉൽ അവ്വൽ 9ന് ആയിരുന്നു അവിടുത്തെ ജനനം എന്ന അഭിപ്രായവും ഏറെ ബലമുള്ളതാണ്. (തുടരും)

യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
ynadwi@gmail.com

ലേഖനം



# ജമാഅത്തെഇസ്‌ലാമി: പേജിലും വെള്ളിത്തിരയിലും രാഷ്ട്രീയത്തിലും നൽകുന്ന സന്ദേശം

ഇഖ്‌വാനുൽ മുസ്‌ലിമൂൻ, ജമാഅത്തെ ഇസ്‌ലാമി എന്നീ രണ്ടു സംഘടനകൾ ആശയപരമായി ഒരു പരിധി വരെ ഒരേസന്ദേശം പ്രചരിപ്പിച്ചുവരുന്ന, ഒരമ്മയുടെ ഇരട്ടമക്കളാണെന്നത് സുവ്യക്തമാണ്. അറബ്‌സമൂഹത്തിലെ പണ്ഡിത പ്രമുഖന്മാരുമായുള്ള ബന്ധവും സഹകരണവും കാരണം കേരളത്തിലെ ജമാഅത്തുകാരെക്കാളും പ്രാമാണികമായി അറിവ് സമ്പാദിക്കുകയും ഗവേഷണ പ്രചാരണങ്ങളിൽ മുഴുകുകയും ചെയ്യുന്നതിൽ ഇഖ്‌വാൻ നേതാക്കളും പ്രവർത്തകരും ഒരുപടി മുന്നിലാണെന്ന് കാണാം.

ഇസ്‌ലാമിൽ സുസ്ഥിരമായും പ്രാമാണികമായും സ്ഥിരപ്രതിഷ്ഠനേടിയ പലതും വിവരക്കേടുകൊണ്ടും സമൂഹത്തിന്റെ കയ്യടിയും ഗുഡ്‌സർട്ട്ഫിക്കറ്റും പ്രതീക്ഷിച്ചുകൊണ്ടും മൂടിവെക്കുകയും ദുർവ്യാഖ്യാനിക്കുകയും ചെയ്യുന്നവരാണ് കേരളത്തിലെ ജമാഅത്തുകാർ. എന്നാൽ അതേസമയംതന്നെ അറബ്‌ലോകത്തെ ഇഖ്‌വാൻ നേ

താക്കൾ ഇതേവിഷയത്തിൽ കൃത്യവും പ്രാമാണികവുമായ നിലപാടുകൾ വ്യക്തമാക്കുകയും ചെയ്യുന്നു. കേരളം ഒഴികെയുള്ള ഇതരസംസ്ഥാനങ്ങളിലും മറ്റ് ഏഷ്യൻ രാജ്യങ്ങളിലും ജമാഅത്ത് നേതാക്കളും പ്രവർത്തകരും ഒരുപരിധിവരെയും ഇതേനിലപാട് തുടർന്നുവരുന്നു. ചിലരംഗങ്ങളിൽ മറിച്ചും കാണാവുന്നതാണ്.

കേരളത്തിലെ മുൻകാല തലമുറയിൽപെട്ട പ്രമുഖസലഫി പണ്ഡിതന്മാരുടെ ഗുരുശിഷ്യബന്ധം കാരണം ചില ജമാഅത്തുകാർ നമസ്കാരത്തിൽ നെഞ്ചിന്മേൽ കൈകെട്ടുന്നു. എന്നാൽ കേരളം ഒഴികെയുള്ള ഇതര ഇന്ത്യൻ/ഏഷ്യൻ രാജ്യങ്ങളിൽ ശക്തമായ ഹനഫി വിധേയത്വം കാരണം 95%വും ആമാശയത്തിന്മേലാണ് കൈകൾ കെട്ടുന്നത്. പക്ഷേ, കേരളത്തിൽ പലപ്പോഴും ഇവരുടെ നിലപാടുകളും വീക്ഷണങ്ങളും 'സലഫികുപ്പായം'കൊണ്ട് മൂടിയ മാതിരിയാണ്.

കേരളത്തിലെ ജമാഅത്തുകാരുടെ ഒട്ടുമിക്ക പ്രോഗ്രാമുകളും ഇന്ന് സ്ത്രീ-പുരുഷ സമ്മിശ്രമാണ്. തെങ്ങിൽ കയറി ബാനർകെട്ടാനും ചുവരെഴുത്തുനടത്താനും പോസ്റ്റർ ഒട്ടിക്കാനും കവലപ്രചാരണത്തിനും എന്തിനേറെ കൂടംകുളത്തെ ആണവവിരുദ്ധ സമരത്തിൽ ശരീരമാസകലം മണ്ണിൽ പൊതിയുന്ന നിലയിൽ കുഴിയിൽ ഇറങ്ങി മലർന്നുകിടക്കാനും പെൺകൊടികളെ ഇറക്കുമതിചെയ്യുന്നതിൽ 'സമഗ്ര ഇസ്‌ലാമിക പ്രസ്ഥാനം' വിജയിച്ചു. എന്നാൽ കേരളത്തിനു പുറത്ത് അവസ്ഥ വ്യത്യസ്തമാണ്. സ്വന്തം അയൽവാസികൾ പോലും കണ്ടാൽ തിരിച്ചറിയാത്ത നിലയിൽ കറുത്ത 'ഹിജാബി'നകത്താണ് ഇവരുടെ ജീവിതം. കേരളത്തിലെ ജമാഅത്തുകാരുടെ ഭാഷയിൽ പറഞ്ഞാൽ തികഞ്ഞ 'അറേബ്യൻ ഇറക്കുമതി, ഗൾഫ് സലഫിസം...!'

സയ്യിദ് മൗദൂദി സാഹിബിന്റെ 'പർദ'എന്ന കൃതിയിലെ വാക്കുകൾക്കും വരികൾക്കും അണുവിട പോലും ഞങ്ങൾ വ്യതിചലിക്കാൻ തയ്യാറല്ലെന്ന് അന്നുമുതൽ ഇന്നോളം അവർ പ്രായോഗികമായി തെളിയിക്കുമ്പോഴാണ് കേരള ജമാഅത്തുകാരുടെ ഈ നിലനിൽപിനുവേണ്ടിയുള്ള പോരാട്ടം. പള്ളിയുടെ മിഹ്‌റാബ് ഏതു ദിശയിലാണെന്ന് കണ്ടുമനസ്സിലാക്കാനെങ്കിലും ഒരു പ്രാവശ്യമെങ്കിലും പള്ളിയിൽ പ്രവേശിച്ചിട്ടുള്ളവരല്ല കേരളത്തിന് പുറത്തുള്ള ഒട്ടുമിക്ക ജമാഅത്തുകാരുടെ ഭാര്യമാരും പെണ്മക്കളും. വീടിന്റെ ഉള്ളിന്റെ ഉള്ളിൽതന്നെ ഒതുങ്ങിക്കൂടി തങ്ങളുടെ ഇബാദത്തുകൾ നിർവഹിക്കുന്നതിലാണ് ഇവർക്ക് താൽപര്യവും. ജമാഅത്തിന്റെ സമ്മേളന നഗരിയിലോ സ്റ്റേജിലോ, കേരളം ഒഴികെയുള്ള സ്ഥലങ്ങളിൽ കൂടിക്കലർന്നുള്ള ഒരു പ്രോഗ്രാം നമുക്ക് കാണാൻ സാധിക്കുകയില്ല. ഗോവ ജമാഅത്തെ ഇസ്‌ലാമിയുടെ ദശദിന കുടുംബ കാമ്പയ്നിന്റെ കളർ ചിത്രം ഈ കാര്യങ്ങൾ വ്യക്തമാക്കുന്നു.(1) സ്ത്രീ-പുരുഷന്മാർ പരസ്പരം ദർശിക്കാതിരിക്കാൻ സദസ്സിന്റെ ഇടയിൽ വലിച്ചുകെട്ടിയ ഉയരത്തിലുള്ള കർട്ടൻ! കേരളം ഒഴികെയുള്ള സംസ്ഥാനങ്ങളിലെ മുസ്‌ലിംകൾക്ക് 'ഫിക്ഹുൽ വാകിഇ്' തിരിയാത്തതാകും ഇതിന്റെയൊക്കെ കാരണമെന്നാകും കേരള ജമാഅത്തുകാർക്ക് പറയാനുണ്ടാവുക.

സമകാലീന കേരളീയ ജമാഅത്തുകാരുടെയും ഇതര സംസ്ഥാനങ്ങളിലെ ജമാഅത്തുകാരുടെയും സമീപനങ്ങളെ പഠനാത്മകമായി വിലയിരുത്തുന്നവർക്ക് മനസ്സിലാക്കാൻ കഴിയുക; ലജ്ജ, ആത്മാഭിമാനം, ആത്മരോഷം തുടങ്ങിയ മഹനീയ ഗുണങ്ങൾ കേരളത്തിലെ മിക്ക ജമാഅത്തുകാരും അവരുടെ മീഡിയകളും താത്ക്കാലികമായി 'മ്യൂസിയത്തിലേക്ക്'മാറ്റി സ്ഥാപിച്ചിരിക്കുന്നുവെന്നാണ്. ഇമാറത്ത് നേരിട്ട് നിയന്ത്രിക്കുന്ന മീഡിയാവൺ ചാനൽ കാട്ടിക്കൂട്ടുന്ന പേക്കൂത്തുകൾ പലപ്പോഴും ആത്മാഭിമാനമുള്ളവരെ ലജ്ജിപ്പിക്കുന്നതാണെന്ന് ആരെങ്കിലും പറഞ്ഞാൽ അവരെ കുറ്റംപറയാനാവില്ല.

> **കേരളത്തിലെ ജമാഅത്തുകാരുടെ ഒട്ടുമിക്ക പ്രോഗ്രാമുകളും ഇന്ന് സ്ത്രീ-പുരുഷ സമ്മിശ്രമാണ്. തെങ്ങിൽ കയറി ബാനർകെട്ടാനും ചുവരെഴുത്തുനടത്താനും പോസ്റ്റർ ഒട്ടിക്കാനും കവലപ്രചാരണത്തിനും എന്തിനേറെ കൂടംകുളത്തെ ആണവവിരുദ്ധ സമരത്തിൽ ശരീരമാസകലം മണ്ണിൽ പൊതിയുന്ന നിലയിൽ കുഴിയിൽ ഇറങ്ങി മലർന്നുകിടക്കാനും പെൺകൊടികളെ ഇറക്കുമതിചെയ്യുന്നതിൽ 'സമഗ്ര ഇസ്‌ലാമിക പ്രസ്ഥാനം' വിജയിച്ചു. എന്നാൽ കേരളത്തിനു പുറത്ത് അവസ്ഥ വ്യത്യസ്തമാണ്. സ്വന്തം അയൽവാസികൾ പോലും കണ്ടാൽ തിരിച്ചറിയാത്ത നിലയിൽ കറുത്ത 'ഹിജാബി'നകത്താണ് ഇവരുടെ ജീവിതം. കേരളത്തിലെ ജമാഅത്തുകാരുടെ ഭാഷയിൽ പറഞ്ഞാൽ തികഞ്ഞ 'അറേബ്യൻ ഇറക്കുമതി, ഗൾഫ് സലഫിസം...!'**

മൂല്യാധിഷ്ഠിത രാഷ്ട്രീയത്തിന്റെ പേരിൽ കടന്നുവന്ന ജമാഅത്തെ ഇസ്‌ലാമിക്ക് 'സമഗ്രത'യുടെ പൂർത്തീകരണത്തിന് അനിവാര്യമായിരുന്നു ഒരു സമ്പൂർണ ചാനൽ. പക്ഷേ, സമഗ്ര ഇസ്‌ലാമിക ചാനലെന്ന് ഇവർ പരിചയപ്പെടുത്തി സാമ്പത്തിക സമാഹരണം നടത്തിയ മീഡിയവൺ, ഇവരുടെതന്നെ ഭാഷയിൽ പറഞ്ഞാൽ 'മലയാളിപ്പെണ്ണുങ്ങൾ അടക്കംപറഞ്ഞിരുന്ന പലതും നാണമില്ലാതെ വിളിച്ചുപറയാനുള്ള' പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടും കാര്യപ്പെട്ട അമീറുമാർക്ക് അനക്കമില്ലാത്തത് അത്ഭുതകരംതന്നെ. മീഡിയാവൺ ഉദ്ഘാടന സദസ്സിൽ മുൻഅമീറും പ്രമുഖ ജമാഅത്ത് നേതാവുമായ പ്രൊഫ. സിദ്ദീഖ് ഹസ്സൻ സാഹിബ് നടത്തിയ ഒരു പരാമർശമാണ് സാന്ദർഭികമായി ഓർമവരുന്നത്. 2013 ഫെബ്രുവരി 10ന്റെ ഉദ്ഘാടനസദസ്സിൽ തനിക്ക് ലഭിച്ച 3 മിനുട്ട് സമയം ദൽഹിയിൽ ജമാഅത്തെ ഇസ്‌ലാമി നടത്തിയിരുന്ന ഉർദുപത്രമായ 'ദഅ്‌വത്ത്'ന്റെ കഥപറയാനായിരുന്നു അദ്ദേഹം വിനിയോഗിച്ചത്.

പത്രംനടത്തി പാപ്പരായ ദഅ്‌വത്തിന്റെ പത്രാധിപർ മുഹമ്മദ് മുസ്‌ലിം സാഹിബിനെ 'അൽപം ചില വിട്ടുവീഴ്കൾക്ക് തയ്യാറായാൽ എല്ലാ പ്രതിസന്ധികളും പരിഹരിച്ച് നിവർന്നുനിൽക്കാനാവുമെന്ന്' ആരോ ചിലർ ഉപദേശിച്ചുവത്രെ! തന്റെ തൂലിക കാട്ടിക്കൊണ്ട് മുസ്‌ലിം സാഹിബ് പറഞ്ഞുവത്രെ: "ഈ തൂലിക വളക്കാൻ സാധ്യമല്ല. ഒടിച്ചുകളയാം...' തുടർന്ന് സിദ്ദീഖ് ഹസ്സൻ പറഞ്ഞത് 'എനിക്ക് എന്റെ കുട്ടികളോട് പറയാനുള്ളത് ഈ പെട്ടി (മീഡിയവൺ) നേരെചൊവ്വേ നടത്താൻ കഴിയാതെവന്നാൽ പൊട്ടിച്ചുകളയണം, അങ്ങനെ ധീരരക്തസാക്ഷ്യം വഹിച്ചുകൊണ്ട് ഇന്ത്യയിലെ ഏറ്റവും ശക്തമായ മാധ്യമമായി നമുക്ക് ജീവിക്കാൻ കഴിയണം, ഇല്ലെങ്കിൽ മരിക്കണം...' എന്നായിരുന്നു.[2]

നാണവും മാനവുമില്ലാത്ത, അന്തസ്സും ആഭിജാത്യവുമില്ലാത്ത, ലജ്ജയെന്ന മഹനീയഗുണം തൊട്ടുതീണ്ടാത്ത ഒരു 'അത്യാധുനിക അടിപൊളി തലമുറ'യെ പടച്ചുവിടാനുതകുന്ന പോളിസി-പ്രോഗ്രാമുകളാണ് സമഗ്ര ഇസ്‌ലാമിന്റെ ലേബലിൽ ഇവർ അനുദിനം പുറത്തുവിട്ടുകൊണ്ടിരിക്കുന്നത്. ഈ ഗണത്തിൽ പ്രത്യേകം എടുത്തുപറയേണ്ടിവരുന്ന ഒരുചർച്ചയാണ് ഇവരുടെ ചാനലിൽ നടത്തിയ 'ആർത്തവ രാഷ്ട്രീയത്തെപ്പറ്റിയുള്ള' വഴിത്തിരിവ് ചർച്ച.

സമഗ്ര ഇസ്‌ലാമിന്റെ മൊത്തം കുത്തകാവകാശികളായി ദീനിന്റെ അഞ്ചാം നിലയിൽ വലിഞ്ഞുകയറി 'മാന്യത, സഭ്യത, ജാള്യത, പരിധിലംഘിക്കാതിരിക്കൽ' തുടങ്ങിയ മഹനീയ ഗുണങ്ങളെല്ലാം ഞങ്ങൾക്ക് മാത്രം സ്വന്തമാണെന്നും ബാക്കിയുള്ളവരെല്ലാം ഈ വിഷയത്തിൽ ഞങ്ങളുടെ മുരീദുമാർ മാത്രമാണെന്നും നാഴികക്ക് നാൽപതുവട്ടം ആണയിടുന്ന 'സമഗ്ര' ഇസ്‌ലാമിക പ്രസ്ഥാനം സ്വദകാ-സകാത്തിന്റെ പിൻബലത്തിൽ പണിതുയർത്തിയ മലയാളത്തിലെ 'ഏക ഇസ്‌ലാമിക ചാനൽ' അവതാരകന്റെ ചർച്ചയിലെ വാചകക്കസർത്തുകൾ ലജ്ജിപ്പിക്കുന്നതാണ്. നാണം പടച്ചപ്പോൾ നേരംവെളുത്തുപോയി എന്ന് ലജ്ജാവിഹീനരായി പെരുമാറുന്നവരെ വിശേഷിപ്പിക്കാറുണ്ട്. മുസ്‌ലിം ഉമ്മത്തിന്റെ സാമൂഹിക, സാംസ്‌കാരിക ജീവിതത്തിന്റെ മർമങ്ങളിൽ പ്രഹരിച്ചുകൊണ്ടുള്ള ഈ മീഡിയയുടെ സംഹാര താണ്ഡവം ആരുടെ കയ്യടിയും പൊരുത്തവും വാങ്ങിക്കൂട്ടാനാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ!

മലയാളത്തിലെ ഏതു ചാനലാണ് പലതരം അശ്ലീല പ്രകടനങ്ങളിൽനിന്നും ഒഴിവായിട്ടുള്ളത്? പിന്നെയെന്തിന് മീഡിയ വണ്ണിന്റെ പിറകിൽ മാത്രം സൈക്കിളുമായി കൂടുന്നുവെന്ന സ്വാഭാവിക ചോദ്യമാണ് സമൂഹത്തിനോട് ചോദിക്കാൻ ഇവർ പരിശീലിപ്പിക്കപ്പെട്ടിരിക്കുന്നത്. ഇസ്തിഖാറത്ത് നമസ്‌കരിച്ച് ആത്മാർഥമായി അല്ലാഹുവിനോട് 'ദുആ' ചെയ്തിട്ടാണ് ഞങ്ങൾ ഈ മഹത്തായ സംരംഭത്തിന് തുടക്കമിട്ടതെന്ന് പരസ്യമായി ദീനിന്റെ പേരിൽ പ്രഖ്യാപിച്ചവർ നിങ്ങളല്ലാതെ സമൂഹത്തിൽ മറ്റാരുമില്ലെന്ന് വ്യക്തമായതുകൊണ്ടാണ് ദീനിവിശ്വാസത്തെ മുറിവേൽപിക്കാൻ പര്യാപ്തമായ ഒരുനടപടിക്രമം നിങ്ങളിൽനിന്നും ഉണ്ടാകുമ്പോൾ ചോദ്യം ചെയ്യപ്പെടുന്നതെന്ന ലഘുവായ ഒരു ഉത്തരത്തെ സ്വീകരിക്കാനുള്ള സന്മനസ്സും വിശാലതയുമൊന്നും ഇനിയും 'ബഹുമാനപ്പെട്ട നേതാക്കൾക്ക്' ഉണ്ടായിട്ടില്ല എന്ന് പറയേണ്ടിവരുന്നതും സ്വാഭാവികം.

'ഇസ്‌ലാമിക മീഡിയ'യുടെ നിലനിൽപിനു വേണ്ടി രൂപയായി, റിയാലായി, ഡോളറായി ഓഹരിയെടുക്കുന്നവർക്ക് പരലോകത്തിന്റെ കണക്കുപുസ്തകത്തിൽ ഒരുക്കിവെക്കപ്പെട്ട സൗഭാഗ്യങ്ങൾ വാതോരാതെ ആയത്തുകളായി, ഹദീസുകളായി, ഫത്‌വകളായി ഓതിക്കൊടുത്ത് സാമ്പത്തിക സമാഹരണം നടത്തിയ 'സമഗ്ര ഇസ്‌ലാമിക പ്രസ്ഥാനത്തിന്' വിമർശനങ്ങളെ പ്രാമാണികമായി നേരിടാനുള്ള കെൽപില്ലാതെ പോകുന്നത് പരിതാപകരംതന്നെയാണ്. യൂസുഫ് നബിﷺ-സുലൈഖ സംഭവത്തെ സിനി

മക്കും മറ്റു ദൃശ്യാവിഷ്‌കാരങ്ങൾക്കും തെളിവായി ഖുത്വുബ നടത്തി സമുദായത്തെ സുഖിപ്പിച്ച് കീശ ചോർത്തിയവർക്ക് ചോദ്യശരങ്ങൾ അസഹനീയമായി തോന്നാൻ പാടില്ലല്ലൊ!

ഇസ്‌ലാമിക മൂല്യങ്ങളുടെ മറവിൽ സമഗ്രമായി ലൈവ്‌ചെയ്തുകൊണ്ടിരിക്കുന്ന തിന്മകളുടെ ഗൗരവവും അതിന്റെ പരിണിതഫലവും സമൂഹത്തെ ബോധ്യപ്പെടുത്തൽ 'ആത്മരോഷമെന്ന' മഹനീയ ഗുണം അൽപമെങ്കിലും ബാക്കിയുള്ളവരുടെ ദൗത്യമല്ലെന്ന് നിങ്ങൾക്ക് തോന്നിയിട്ടുണ്ടെങ്കിൽ അത് തിരുത്തപ്പെടേണ്ടതു തന്നെയാണ്. കേരളത്തിലെ 'ഇമ്മിണിബല്യ' ആനുകാലിക സംഭവമെന്ന ലിസ്റ്റിലാണ് 'ആർത്തവ ചർച്ച'യെ ഇവർ പരിഗണിച്ചത്. വിശ്വാസത്തിന്റെ അതിർവരമ്പുകൾക്ക് പുല്ലുവില കൽപിക്കാത്ത, പള്ളിപ്പറമ്പിലെ കേവലം ആറടിമണ്ണിന്റെ മാത്രം അവകാശം പ്രതീക്ഷിച്ച് കഴിയുന്ന, നിറയൗവനത്തിന്റെ ചോരത്തിളപ്പിൽ ആരോടും എങ്ങനെയും എന്തും പ്രതികരിക്കാൻ മടികാണിക്കാത്ത, പ്രത്യേകം പരിശീലനം സിദ്ധിച്ച ഏതാനും 'മംഗ്ലീഷ് മങ്കമാർ' ഈ പ്രോഗ്രാമിൽ നടത്തിയ കൊത്തിച്ചി തറലുകൾ ബഹുമാന്യ സാഹിബുമാരായ ജമാഅത്ത് ഇമാറത്തുകൾ കണ്ടില്ലെന്ന് ആരെങ്കിലും ധരിച്ചാൽ അവർക്ക് നെല്ലിക്കാത്തളം ചികിത്സതന്നെ നിർദേശിക്കേണ്ടിയിരിക്കുന്നു.

ശബരിമലയ്ക്കുള്ള പ്രത്യേകബസിൽനിന്നും യുവതിയെ ഇറക്കിവിട്ടതിലെ അവകാശധ്വംസനം ചർച്ചചെയ്യാനെന്ന ലേബൽ പ്രോഗ്രാമിന് മനുഷ്യാവകാശത്തിന്റെ മുഖംനൽകിയെങ്കിലും പ്രോഗ്രാമിൽ ഉയർന്നുകേട്ടതു മുഴുവനും ഇസ്‌ലാം നിന്ദയും ഇസ്‌ലാമിലെ സ്വാതന്ത്ര്യമില്ലായ്മയും അതിനെച്ചൊല്ലിയുള്ള ആവലാതികളുമായിരുന്നു. ചോദ്യത്തിന്റെയും ഉത്തരത്തിന്റെയും സകല വേലിക്കെട്ടുകളും തകർത്തെറിഞ്ഞ 'ആവിഷ്‌കാര സ്വാതന്ത്ര്യം!' ഇസ്‌ലാമിന്റെ പേരിൽ അറിയപ്പെട്ടതിനാൽ, മുസ്‌ലിം നാമധേയമുണ്ടായതിനാൽ, മുസ്‌ലിം മാതാപിതാക്കൾക്ക് ജനിച്ചതിന്റെ പേരിൽ തങ്ങൾക്ക് അനുഭവിക്കേണ്ടിവരുന്ന സാമൂഹ്യപ്രതിസന്ധികൾ ഉറക്കെപ്പറയാൻ വെമ്പൽകൊണ്ടവർക്ക് അത് ഉറക്കെപ്പറയാനുള്ള ഒരു വേദിയായി ചർച്ച പരിണമിച്ചു.

ധാർമികതയ്ക്ക് യാതൊരു നിലയും വിലയും കൽപിക്കാത്ത ഒരുവിഭാഗം മതവിരുദ്ധരെ 'ബുദ്ധിജീവികൾ-സാംസ്‌കാരിക നായകർ' പട്ടം ചുമത്തി വേണ്ടുന്നിടത്തും വേണ്ടാത്തിടത്തും എഴുന്നുള്ളിച്ച് പ്രതികരണ തൊഴിലാളികളായി കൊണ്ടുനടക്കുന്ന ജമാഅത്തുകാരിൽനിന്നും ഇതിനപ്പുറം മറ്റൊന്ന് പ്രതീക്ഷിച്ചാൽ അത് അത്ഭുതമാണ്.

ഇന്ത്യയിൽ ജനിച്ച്, തനിക്കുപോലും പ്രാവർത്തികമാക്കാൻ കഴിയാത്ത തീവ്രചിന്തകളെ താലോലിച്ച്, പിന്നീട് ഇസ്‌ലാമികരാഷ്ട്രം സ്വപ്നംകണ്ട്, പാകിസ്ഥാനിലേക്ക് ഹിജ്‌റ ചെയ്ത് അമേരിക്കയിൽ മരണമടഞ്ഞ മൗദൂദി സാഹിബിന് ഉറക്കെപ്പറയാൻ കഴിയാത്ത ചില ചിന്താവൈകല്യങ്ങൾക്കൊപ്പം ഏതാനും ചില നല്ല ചിന്തകളുമുണ്ടായിരുന്നുവെന്നത് നിഷേധിക്കുന്നില്ല. മൗദൂദി സാഹിബ് മനുഷ്യനാണെന്നും പാപസുരക്ഷിതത്വമില്ലാത്ത ആളാണെന്നും നിരീക്ഷണങ്ങളിലും പഠനങ്ങളിലും തെറ്റുകുറ്റങ്ങൾ സ്വാഭാവികമാണെന്നും അംഗീകരിക്കാനുള്ള സന്മനസ്സൊന്നും കേരളത്തിലെ ജമാഅത്ത് അവകാശികൾക്ക് ഇനിയും വന്നുചേർന്നിട്ടില്ല.

മൗദൂദി സാഹിബിന്റെ ചിന്താവൈകല്യങ്ങളെ പ്രതിരോധിക്കാൻ ജമാഅത്ത് കേന്ദ്രങ്ങൾ 'നിർവഹിക്കുന്ന' വളയമില്ലാചാട്ടങ്ങൾ പലപ്പോഴും വെളുക്കാൻ തേച്ചതിനെ പാണ്ടാക്കി മാറ്റുന്നുണ്ട്. കേരളീയ സമൂഹത്തിൽ ഉറക്കെപ്പറഞ്ഞാൽ 'ആൾക്കൂട്ടം' കയ്യൊഴിയുമെന്ന് ഭീതിയുള്ള ഒട്ടുമിക്ക വരികളും പ്രിയപ്പെട്ട നേതാവിന്റെ രചനകളിൽനിന്നും അപ്പാക്രിഫ നടത്തുന്ന വിഷയത്തിൽ ഐ.പി.എച്ചും പരിഭാഷകരും വിജയിച്ചിട്ടുണ്ട്. കാലങ്ങളായി സിമിയും പിന്നെ എൻ.ഡി.എഫും ഈ വിഷയത്തിൽ അവർക്കുള്ള പരിഭവം പ്രകടിപ്പിക്കുന്നത് ജമാഅത്തുകാർ കണ്ടില്ലെന്നു നടിക്കുന്നു. ഒസ്സാന്റെ മൂർച്ചകൂട്ടുന്ന മൂസാൻ കല്ല് തേയുന്ന മാതിരി പ്രിയപ്പെട്ട നേതാവിന്റെ ജിഹാദി രചനകളിൽ അനുദിനം മൂല്യശോഷണം സംഭവിക്കുമ്പോൾ, തേഞ്ഞ് വൈകൃതമാകുമ്പോൾ പത്താൻകോട്ടെ ദാറുൽ ഇസ്‌ലാമിൽനിന്നും തർബിയത്ത് ലഭിച്ച യഥാർഥ ജിഹാദികളുടെ ഈ വിലാപങ്ങൾ പലപ്പോഴും കേട്ടതായി പോലും നടിക്കപ്പെടാത്തത് മഹാകഷ്ടം!

മൗദൂദിയുടെ മാസ്റ്റർപീസായി അറിയപ്പെടുന്ന തഫ്ഹീമുൽ ക്വുർആനിന്റെ മലയാളം പരിഭാഷയും ഈ അപ്പാക്രിഫക്ക് വിധേയമാണ്. മാന്യതയുടെ സർവ അതിരുകളും ലംഘിച്ചുകൊണ്ട്, കേരളത്തിലെ അഖ്‌ലാനികളായ ജമാഅത്തുകാർക്ക് പിൽക്കാലത്ത് എതിരാകാൻ സാധ്യതയുള്ള അനിഷ്ടകരമായ സകലതും ഇവർ കൈക്രിയക്ക് ഇരയാക്കി. നിലനിൽപിനുവേണ്ടി പ്രമുഖനും സമുന്നതനുമായ നേതാവിന്റെ മാസ്റ്റർപീസ് രചനയെ യഹൂദന്മാരെ വെല്ലുന്ന നിലയിൽ കൈക്രിയക്ക്

ഇരയാക്കിയ 'സമഗ്ര ഇസ്‌ലാമിക പ്രസ്ഥാന'മെന്ന ഖ്യാതി ഇവർക്ക് മാത്രം സ്വന്തമെന്ന് ഇവർ സ്ഥാപിച്ചെടുത്തിരിക്കുന്നു.

നേതാവിന്റെ ക്വുർആൻ പരിഭാഷയിൽ ഇങ്ങനെയൊക്കെ കൈക്രിയ നടത്താനുള്ള അനുമതി ഇവർക്ക് ആരാണ് നൽകിയതെന്ന ചോദ്യത്തിനു മുന്നിൽ ജമാഅത്ത് മുഫ്തി ഇൽയാസ് മൗലവിപോലും മൗനംഭജിക്കുന്നു. അഭിപ്രായ വ്യത്യാസമുള്ളതോ സാധാരണയിൽനിന്നും ഭിന്നമായതോ ആയ വീക്ഷണങ്ങളെ പരിഭാഷപ്പെടുത്തുമ്പോൾ അവിടെ അടിക്കുറിപ്പ് നൽകി വിശദീകരിക്കുന്ന സ്വഭാവമാണ് അക്കാദമിക തലത്തിൽ പരിചയമുള്ള ശൈലി. എന്നാൽ അതിൽനിന്നെല്ലാം വ്യത്യസ്തമായ ഒരു ശൈലിയാണ് കേരളത്തിലെ ജമാഅത്തുകാർ സമൂഹത്തിനെ ഇതിലൂടെ പരിശീലിപ്പിക്കുന്നത്.

കേരളത്തിൽനിന്നും ആദ്യമായി പത്താൻകോട്ടെത്തി സയ്യിദ് മൗദൂദി സാഹിബിന് ബൈഅത്തുചെയ്ത് അദ്ദേഹത്തെ അടുത്തറിഞ്ഞ ഹാജി സാഹിബിനുപോലും ഇങ്ങനെയൊരനുമതി മൗദൂദിയിൽനിന്നും ലഭിച്ചതായി അറിവില്ല. അതേസമയം മലയാളത്തിൽനിന്നും മുറിച്ചുമാറ്റാൻ ശ്രമിച്ച പലതും ഉർദു, ഹിന്ദി, ഇംഗ്ലീഷ് പതിപ്പുകളിൽ അവശേഷിക്കുകയും ചെയ്യുന്നു! ഇതാണ് 'മലയാള ജമാഅത്തിന്റെ' മായാജാലം. എല്ലാറ്റിനും പണ്ഡിതോചിതമായി പ്രതികരിക്കുന്ന 'മുജീബ് മുഫ്തി' ഈ വിഷയത്തിൽ പ്രതികരിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

മലയാളത്തിലെ ഒരു പ്രമുഖ ചാനൽ ലൈവായി കാട്ടിയ 'മലയാളി ഹൗസ്' പ്രോഗ്രാമിൽ അഭിനയിച്ച എസ്.എഫ്.ഐ.നേതാവ് സിന്ദു ജോയ്, സവർണ കാവിരാഷ്ട്രീയത്തിന്റെ പ്രമുഖ നേതാവ് രാഹുൽ ഈശ്വർ തുടങ്ങിയവരെ മൂല്യാധിഷ്ഠിതത്വത്തിന്റെ അളവുകോൽകൊണ്ട് തുലനം ചെയ്ത് 'മാധ്യമം' എഡിറ്റോറിയലിലൂടെ നിറുത്തിപ്പൊരിച്ച പാരമ്പര്യമുള്ള മാധ്യമകുടുംബത്തിന്റെ വേണ്ടാതീനങ്ങൾ ഇനിയാരു വില ക്കുമെന്നതാണ് വിഷയം. പത്തുചില്ലറക്ക് മാർഗമുണ്ടെങ്കിൽ സെക്കന്റുകൾക്കൊണ്ട് ഹലാലുകളെ ഹറാമാക്കിയും മറിച്ചും, ത്വാഗൂത്തും ആലിഹത്തും ഇഷ്ടക്കാരും വേണ്ടപ്പെട്ടവരുമായിത്തീരുന്ന ഫിക്വ്ഹുകൾ ജമാഅത്തുകാരുടെ ഭണ്ടാരത്തിൽ ഏറെയാണ്.

ടാറ്റയും ബിർളയും പിന്നെ കോളയും കൈതൊട്ടാൽ പൊള്ളുന്ന ആഗോളികരണത്തിന്റെ റുകുനുകളാണെന്നു പരിചപ്പെടുത്തിയ ജമാഅത്ത് നേതാക്കൾ പത്തുചില്ലറക്കും പേരിനും പ്രശസ്തിക്കും ദീനാറിനും ദിർഹമിനും വേണ്ടി ഏതറ്റംവരെയും പോകുമെന്ന് ഇതിലൂടെ മനസ്സിലാക്കിയാൽ അത് തെറ്റല്ല. ഗൾഫിൽനിന്നും പുറത്തിറങ്ങുന്ന ഗൾഫ് മാധ്യമത്തിന്റെ 'ഗൾഫ് പതിപ്പ്' ഇക്കാര്യത്തിലേക്ക് വിരൽചൂണ്ടുന്നു.

ഗ്ലോബൽ മുതലാളിമാരുടെ ഫുൾപേജ് പരസ്യവും സപ്ലിമെന്റുമില്ലാതെ ഗൾഫ് മാധ്യമത്തിന്റെ ഒറ്റ ക്കോപ്പിപോലും ഞങ്ങൾ അച്ചടിക്കില്ലെന്ന് 'പ്രസ്സിൽ തൊട്ട്' ആണയിട്ടമാതിരിയാണ് ഗൾഫിലെ മാധ്യമ മുതലാളി. തത്ത്വത്തിൽ എതിർപ്പുമായി മുന്നിൽ നിൽക്കുകയും പ്രയോഗത്തിൽ ഒന്നാമതെത്തുകയും ചെയ്യുകയെന്ന കേരള ജമാഅത്തിന്റെ പുതിയ 'ഫിക്വ്ഹുൽ വാക്വിഅ്' അവരുടെ പരിഷ്‌ക്കരിച്ച സിലബസിൽ ഉൾപ്പെടുത്തേണ്ടുന്ന കാലം അതിക്രമിച്ചുവെന്ന് അവർക്ക് തോന്നിത്തുടങ്ങിയിട്ടുണ്ട്.

സയ്യിദ് മൗദൂദി സാഹിബ് തന്റെ രചനകളിൽ പ്രാമാണികമായി വിമർശിച്ച സംഗീത, വാദ്യ ഉപകരണങ്ങൾ ഇന്ന് ജമാഅത്ത് ശൂറയിൽ 'സുന്നത്ത് മുഅക്കദ്' പോലെയാണ്. കേരളത്തിലെ പൂർവകാല സലഫി പണ്ഡിതന്മാരുമായി വ്യക്തമായി ബന്ധമുണ്ടായിരുന്ന അബ്ദുൽ അഹദ് തങ്ങൾക്ക് സംഗീത വാദ്യോപകരണങ്ങൾ ഉപയോഗിച്ചുള്ള തട്ടുപൊളിയൻ പരിപാടികൾ ഇഷ്ടമല്ലായിരുന്നുവെന്ന് പ്രബോധനത്തിൽ അനുസ്മരിച്ചത് ആരെ ബോധ്യപ്പെടുത്താനായിരുന്നുവെന്ന് തൽക്കാലം അവരോട് ചോദിക്കുന്നതിൽ അർഥമില്ല: 'സൗമ്യ ശീലനെങ്കിലും നിലപാടുകളിൽ കണിശക്കാരനായിരുന്നു അഹദ് തങ്ങൾ. ദീനി സ്ഥാപങ്ങളുടെ സ്റ്റേജുകളിലും കലാപരിപാടിയുടെ പേരിൽ വാദ്യാഘോഷങ്ങളുടെ അകമ്പടിയോടെയുള്ള തട്ടുതകർപ്പൻ പാട്ടുഗോഷ്ഠികളും മറ്റും അദ്ദേഹം ഇഷ്ടപ്പെട്ടില്ല...'[3]

പൂരപ്പറമ്പിൽ ഉത്സവം കാണാൻപോയ തന്നെ ഉസ്താദ് അഹദ് തങ്ങൾ മാതൃകാപരമായി ശിക്ഷിച്ചസംഭവവും ഈ ലക്കത്തിൽ വായിക്കാനാകും.[4] അറിവും സൂക്ഷ്മതയുമുള്ള എല്ലാ ജമാഅത്തുകാരും ഇങ്ങനെ വകതിരിവും വിവേകവും കാട്ടിയിരുന്നു. എന്നാൽ പിന്നീട് ജമാഅത്തുകാരിൽനിന്നും വീക്ഷണ വ്യതിയാനത്തിന്റെ പേരിൽ പുറത്തേക്ക് ചാടിയ സിമിക്കാരുടെ ഭാഷയിൽ പറഞ്ഞാൽ: 'അഭിനവ അബ്ബാസി ഖിലാഫത്തിൽ'[5] എല്ലാം മാറ്റംവരുത്തി.


**റഫറൻസ്:**

1. പ്രബോധനം ഇന്റർനാഷണൽ: 2015 മാർച്ച് 06

2. Talk by Mr. Sidheek Hassan Sahib, Feb: 10, 2013, https://www.youtube.com/watch?v=Hr77LDJ8uuI

3. 2014 ഒക്ടോബർ 17, പ്രബോധനംവീക്കിലി: ടി.കെ.അബ്ദുള്ള എഴുതിയ സ്മരണ: ഏഴരപ്പതിറ്റാണ്ടിന്റെ സൗഹൃദം

4. ടി.കെ. ഇബ്‌റാഹിം ടൊറോണ്ടോ എഴുതിയ അനുസ്മരണം: 2014 ഒക്ടോബർ 17പ്രബോധനം വീക്കിലി

5. ഗൾഫ് മാധ്യമത്തിന്റെ ഉടമസ്ഥൻ ജനാബ്. ഹംസ അബ്ബാസിനെയാണോ ഈ പ്രയോഗത്തിൽ ലക്ഷ്യമിട്ടതെന്ന് സംശയം.


**(അവസാനിച്ചില്ല)**

പി.എൻ സോമൻ
mail@nerpatham.com

അനുഭവം




# ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം

എന്റെ അടുത്തിരുന്ന കൂട്ടുകാരൻ ഒരുപിടി മണൽ വാരി പൂജാകളത്തിലേക്ക് ഒറ്റ ഏറ്! മണൽ പൂജാവസ്തുക്കളിലും വേലന്റെ കാലിലും കൊണ്ട് ചിതറി. മലവേലൻ കലിതുള്ളി അട്ടഹസിക്കാൻ തുടങ്ങി: 'ഞാഹാ...ഹും...നീ എന്നോടു കളിക്കാൻ തുടങ്ങിയോ? വിടില്ല നിന്നെ ഞാൻ...'

ഈ സമയം വീട്ടുകാരെല്ലാം തൊഴുകൈകളുമായി അന്തംവിട്ടു നിൽക്കുകയാണ്. ഞാനും കൂട്ടുകാരനും ഇരുട്ടിന്റെ മറവിൽ വായ് പൊത്തിപ്പിടിച്ചു പൊട്ടിച്ചിരിക്കുകയാണ്. വില്ലാളിവീരന്റെ ശാസന മുറവിളിയായി ഉയർന്നു: 'നീ പോ... കിടാത്തിയെ ഒഴിഞ്ഞു വന്നവഴി പോ... പോ... വിട്ടുപോകാൻ...'

ഈസമയം സുഹൃത്ത് എന്റെ ശ്രദ്ധയിൽ പെടാതെ ഒരു ഉണങ്ങിയ മരക്കമ്പ് എടുത്ത് രണ്ടാമത്തെ ഏറ്! കമ്പ് വേലന്റെ കാലിൽകൊണ്ട് പൂജാവസ്തുക്കളിൽ ചിലത് തെറിച്ചുപോയി. ഇതുകൂടിയായപ്പോൾ അമ്മാവന്റെ (വേലൻ) സമനില തെറ്റി. അദ്ദേഹം അലറിക്കൊണ്ട് കരിക്ക് ഉടക്കാൻ വച്ചിരുന്ന കല്ലിലേക്ക് സർവശക്തിയുമെടുത്ത് ഒറ്റ ഏറ്. ലക്ഷ്യം തെറ്റി കരിക്ക് കല്ലിന്റെ മൂലയിൽക്കൊണ്ടു തെറിച്ചുപോയി.

> **എന്തെങ്കിലും പ്രത്യേകത തോന്നുന്ന വസ്തു കണ്ടാൽ അതിന് ദിവ്യത്വം കൽപിച്ച് ആരാധിക്കുന്ന തിനോട് എനിക്ക് യോജിക്കാൻ കഴിഞ്ഞിരുന്നില്ല. വനത്തിൽനിന്നും പാറക്കെട്ടുകളിൽ കൂടി ഉരുണ്ട് തോട്ടിൽകൂടി മലവെള്ളത്തിൽ ഒഴുകിവന്ന ഒരു കല്ല് അമ്മാവന്റെ ശ്രദ്ധയിൽപെട്ടു. ഈ കല്ലിന് മനുഷ്യന്റെ വായ, മൂക്ക്, കണ്ണ്, ചെവി എന്നിവ ഉള്ളതായി കാഴ്ചയിൽ തോന്നും. ഇതു കണ്ടയുടൻ എന്നോട് അങ്ങോട്ടു ചെല്ലാൻ പറഞ്ഞ് അമ്മാവൻ ആളയച്ചു. ഞാൻ ചെന്നു. നാലഞ്ചുപേർ കൂടി ആ കല്ല് ചാക്കിൽ കെട്ടി ചുമന്ന് കുടുംബക്ഷേത്രത്തിൽ കൊണ്ടു കുടിയിരുത്തി. ശേഷം നെയ്യ്, എണ്ണ എന്നിവകൊണ്ട് ശുദ്ധിചെയ്തു തിരിതെളിച്ചു പൂജിക്കാൻ തുടങ്ങി.**

തൊഴുകൈകളായി നിന്ന രോഗിയായ പെണ്ണിന്റെ അമ്മയുടെ കാൽമുട്ടിലാണ് അത് പതിച്ചത്. അയ്യോ, എന്റെ കാൽ ഒടിഞ്ഞേ എന്നു പറഞ്ഞ് ആ സ്ത്രീ നിലത്തുവീണു പോയി. രംഗം ഭീകരമായി. കൂട്ടനിലവിളിയും ബഹളവും!

അന്നേരം ഞാനും കൂട്ടുകാരനും വെളിച്ചത്തിൽ പ്രത്യക്ഷപ്പെട്ട് തൊഴുകൈകളുമായി നിന്നു. ഉരുണ്ടുപോയ തേങ്ങയെടുത്ത് വേലന്റെ കൈയിൽ കൊടുത്തു. അദ്ദേഹം തേങ്ങ അടിച്ചു പൊട്ടിച്ചു. പൊട്ടിയ തേങ്ങയുടെ ലക്ഷണം നോക്കി വേലൻ വീട്ടുകാരോട് ഉറഞ്ഞു തുള്ളിക്കൊണ്ടു പറഞ്ഞു 'ങേ... ങേ... ഹും .. ഹും... ഉം.. ഇവൻ നിസ്സാരനല്ല. ഉഗ്രമൂർത്തിയാണ്, സൂക്ഷിക്കണം. പേടിക്കണ്ട... മൂന്നുദിവത്തെ അടക്കം (അവധി) വയ്ക്കുകയാണ്.'

കുറെ ചാരം എടുത്ത് രോഗിയായ പെണ്ണിന്റെ നാവിൽ കൊടുത്തു; തലയിലും പൂശി. ശേഷം വീട്ടുകാരനോട് പറഞ്ഞു: 'ഉഗ്രമൂർത്തിയെ ഞാൻ തളക്കും. രക്തദാഹിയായ അവനെ തൃപ്തിപ്പെടുത്തണം. ഒരു പൂവൻ കരിങ്കോഴിയെ കൂടി കുരുതികൊള്ളണം.'

തിരിച്ചുള്ള യാത്രാമധ്യെ അമ്മാവൻ എന്നോട് പറഞ്ഞു: 'നീ ഇതെല്ലാം കണ്ട് പഠിച്ചുകൊള്ളണം. ഉഗ്രകോപിയായ രക്തദാഹി പിശാചാണ് ആ പെണ്ണിനെ ബാധിച്ചിരിക്കുന്നത്. കൈകാര്യം ചെയ്യുന്നത് സൂക്ഷിച്ചുവേണം. മലയുടെ സഹായം ഉണ്ടായതുകൊണ്ട് തലപോയില്ല. സാരമില്ല, അവനെ ഞാൻ കൈകാര്യം ചെയ്തോളാം.' ഞങ്ങൾ എല്ലാം മൂളിക്കേട്ടു. ഞങ്ങൾ ചെയ്ത കുസൃതി ഒരിക്കലും മറ്റാരും അറിയരുതെന്നും ഉറപ്പിച്ചു.

കഴിഞ്ഞുപോയ സംഭവം എന്റെ തലയ്ക്കകത്ത് പുകയാൻ തുടങ്ങി. വല്ലാത്ത അസ്വസ്ഥത. ചെയ്തുകൊണ്ടിരിക്കുന്നതും ചെയ്യാൻ പോകുന്നതുമെല്ലാം സത്യങ്ങളാണോ? മാടനും മർദയും മലയും മൂർത്തികളുമൊക്കെ ഉള്ളതാണോ? ഈവക ചിന്തയുമായി നിരാശയോടെ രണ്ടുദിവസം കഴിഞ്ഞു. രോഗിയായ പെണ്ണിന്റെ അപ്പനും അമ്മയും വീണ്ടും വന്നു. അവർ എന്നോടു ചോദിച്ചു: 'വേലസ്വാമി എവിടെയാ? മകൾക്കു വീണ്ടും അസുഖം കൂടിവരികയാണ്. ഇപ്പോൾ ഛർദിയും തുടങ്ങിയിരിക്കുന്നു.'

അൽപനേരം ആലോചിച്ച ശേഷം ഞാൻ അവരോട് പറഞ്ഞു: 'നിങ്ങൾ മകളെയും കൂട്ടി 20 കിലോമീറ്റർ ദൂരെയുള്ള സർക്കാർ ആശുപത്രിയിൽ പോയി പെണ്ണിന്റെ പേരിൽ ഒരു ചീട്ടെടുത്തു ഡോക്ടറെ കാണിക്കണം. രോഗമാണെങ്കിൽ ഡോക്ടർ മരുന്നുതരും. രോഗമൊന്നുമില്ലെങ്കിൽ നമുക്ക് ബാധയെ ഒഴിപ്പിച്ചു കളയാം.' വണ്ടിക്കൂലി ഇല്ലാത്തതിനാൽ അവർ മടിച്ചു. സാരമില്ല ഞാൻ തരാം വണ്ടിക്കൂലി എന്നു പറഞ്ഞ് ഉള്ള ചില്ലറയെല്ലാം കൂടി നുള്ളിപ്പെറുക്കി 90 രൂപ കൊടുത്തിട്ടു പറഞ്ഞു: 'ഞാൻ പറഞ്ഞിട്ടാണ് ആശുപത്രിയിൽ പോയതെന്നു അമ്മാവൻ (വേലൻ) അറിയരുത്.'

പിറ്റേദിവസം അവർ ആശുപത്രിയിൽ പോയി. മടങ്ങി വന്ന ശേഷം എന്റെയടുത്തു വന്ന് പെണ്ണിന്റെ അപ്പൻ എന്റെ രണ്ടുകൈകളിലും കൂട്ടിപ്പിടിച്ചു പൊട്ടിക്കരഞ്ഞുകൊണ്ടു പറഞ്ഞു: 'ഞങ്ങൾ ആശുപത്രിയിൽ പോയി. ഡോക്ടറെ കണ്ടു, പരിശോധിച്ചു.' 'എന്നിട്ട്?' ഞാൻ ചോദിച്ചു. ഒരു തേങ്ങലോടെ അയാൾ പറഞ്ഞു: 'എന്റെ... മകൾ... അവൾ ഗർഭിണിയാണ്. രണ്ടുമാസം കഴിഞ്ഞിരിക്കുന്നു. ഞങ്ങളെന്തു ചെയ്യും...ഇനി എന്തെല്ലാം സംഭവിക്കും...'

പുറംനാട്ടിൽനിന്നും ആദിവാസി ഭൂമിയിൽ മരച്ചീനി കൃഷിക്ക് സ്ഥിരം വരാറുണ്ടായിരുന്ന ഒരു യുവാവ് മോഹനവാഗ്ദാനം നൽകി ഗർഭം സമ്മാനിച്ചിട്ട് മുങ്ങിയതാണ്. മാസങ്ങൾക്കു ശേഷം ആ ആദിവാസിപ്പെണ്ണ് ഒരു പെൺകുഞ്ഞിന് ജന്മം നൽകി. ഊരുനിയമപ്രകാരം വ്യഭിചാരം മാപ്പർഹിക്കാത്ത കുറ്റമായതിനാൽ വീട്ടുകാരും ബന്ധുക്കളുമെല്ലാം വെറുത്തു. ഒടുവിൽ അമ്മയും മകളും കൊച്ചുമകളും ഊരുവിട്ടുപോയി. വർഷങ്ങൾ കഴിഞ്ഞു. ഇപ്പോൾ അവർ എവിടെയാണെന്നു പോലും ആർക്കുമറിയില്ല.


തീർപ്പിനു പോകേണ്ട ദിവസമായി. എന്നെ പ്രതീക്ഷിച്ച് അമ്മാവൻ ഇരിക്കുകയാണ്. കാണാതെ വന്നപ്പോൾ അന്വേഷിച്ചു വന്നു. ബഹുമാനത്താൽ അദ്ദേഹത്തിന്റെ മുമ്പിൽ നേരെ നിന്നു സംസാരിച്ചിട്ടില്ലാത്ത ഞാൻ അന്ന് അദ്ദേഹവുമായി വാക്കുതർക്കങ്ങൾ ഉണ്ടായി, പിണങ്ങേണ്ടതായി വന്നു.

'അമ്മാവാ, മനുഷ്യന് പുതിയ അറിവും തിരിച്ചറിവും ഉണ്ടായിരിക്കുന്ന കാലമാണിത്. നമ്മുടെ പൂർവികർ പഠിപ്പിച്ചുതന്നതും പിൻപറ്റുന്നതുമായ വിശ്വാസവും ആചാരങ്ങളും അതേപടി തുടരുന്നതല്ലാതെ ഇതിലെ സത്യങ്ങളും അസത്യങ്ങളും വേർതിരിച്ചു മനസ്സിലാക്കാൻ ആരും ശ്രമിക്കുന്നില്ല. അമ്മാവന് അക്ഷരജ്ഞാനമില്ല. പക്ഷേ, ചിന്താശക്തിയും ബുദ്ധിയും തിരിച്ചറിവുമില്ലേ? പൂജ അലങ്കോലപ്പെടുത്തിയ ഉഗ്രമൂർത്തിയെ അമ്മാവൻ തിരിച്ചറിഞ്ഞോ?'

'അറിയാമെടാ, അവനെ ഞാൻ തളക്കും.'

'ഇല്ലമ്മാവാ, അവനെ ഒരിക്കലും തളക്കാൻ കഴിയില്ല. അത് രക്തദാഹിയായ പിശാചല്ല. തന്ത്രശാലിയായ രണ്ട് പിശാചുക്കളാണ്. അവരെ കണ്ടുപിടിക്കാൻ അമ്മാവനു സാധ്യമല്ല. നിരപരാധികളായ മനുഷ്യമനസ്സുകളിൽ നമ്മൾ വിത്തുമുളപ്പിക്കുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഊട്ടിയുറപ്പിച്ചു മുന്നോട്ടു പോകും മുമ്പ് എനിക്ക് കുറെക്കൂടി കാര്യങ്ങൾ മനസ്സിലാക്കാനും പഠിക്കാനുമുണ്ട്. ഇതുപോലുള്ള പൂജാകർമങ്ങൾക്കൊന്നും തൽക്കാലം ഞാൻ വരില്ല.' എന്റെ സംസാരം വേലനെ അടിമുടി ചൊടിപ്പിച്ചു.

എന്തെങ്കിലും പ്രത്യേകത തോന്നുന്ന വസ്തു കണ്ടാൽ അതിന് ദിവ്യത്വം കൽപിച്ച് ആരാധിക്കുന്നതിനോട് എനിക്ക് യോജിക്കാൻ കഴിഞ്ഞിരുന്നില്ല. വനത്തിൽനിന്നും പാറക്കെട്ടുകളിൽ കൂടി ഉരുണ്ട് തോട്ടിൽകൂടി മലവെള്ളത്തിൽ ഒഴുകിവന്ന ഒരു കല്ല് അമ്മാവന്റെ ശ്രദ്ധയിൽപെട്ടു. ഈ കല്ലിന് മനുഷ്യന്റെ വായ, മൂക്ക്, കണ്ണ്, ചെവി എന്നിവ ഉള്ളതായി കാഴ്ചയിൽ തോന്നും. ഇതു കണ്ടയുടൻ എന്നോട് അങ്ങോട്ടു ചെല്ലാൻ പറഞ്ഞ് അമ്മാവൻ ആളയച്ചു. ഞാൻ ചെന്നു. നാലഞ്ചുപേർ കൂടി ആ കല്ല് ചാക്കിൽ കെട്ടി ചുമന്ന് കുടുംബക്ഷേത്രത്തിൽ കൊണ്ടു കുടിയിരുത്തി. ശേഷം നെയ്യ്, എണ്ണ എന്നിവകൊണ്ട് ശുദ്ധിചെയ്തു തിരിതെളിച്ചു പൂജിക്കാൻ തുടങ്ങി.



മറ്റൊരിക്കൽ ഞങ്ങൾ ഒരു സംഘം കൊടുംവനത്തിലൂടെ യാത്രചെയ്തു മലകയറി വിശ്രമിക്കുകയായിരുന്നു. അന്നേരം ഒരു പടുകൂറ്റൻ മരത്തിലേക്ക് വേലൻ തുറിച്ചുനോക്കുന്നതു കണ്ടു. ശേഷം ധൃതിയിൽ മരച്ചുവട്ടിലെത്തി. കൂടെയുണ്ടായിരുന്നവരെ മരച്ചുവട്ടിലേക്കു ക്ഷണിച്ചു. വേലൻ ഭാണ്ഡക്കെട്ടുകൾ അഴിച്ച് പൂജാകർമങ്ങൾ ചെയ്യാൻ ആരംഭിക്കുകയാണ്. എന്താണ് സംഭവിച്ചതെന്നറിയാൻ എല്ലാവരും ജിജ്ഞാസയോടെ നിൽക്കുമ്പോൾ മരമുകളിലേക്ക് വിരൽചൂണ്ടി കാണിച്ചു. വളഞ്ഞുനിൽക്കുന്ന മരത്തടിയുടെ വളവുള്ള ഭാഗത്ത് ഒരു വലിയ മുഴ. മനുഷ്യത്തലയോളം വലിപ്പമുള്ള മുഴക്ക് കാഴ്ചയിൽ കണ്ണ്, മൂക്ക്, വായ, ചെവി എന്നിവയുള്ളതായി തോന്നും. മരമുഴക്ക് എന്തോ ദിവ്യത്വമുണ്ടെന്ന വേലന്റെ വിശ്വാസത്തെ അംഗീകരിക്കുകയല്ലാതെ രക്ഷയില്ല. അവിടെ പൂജാകർമങ്ങൾ ചെയ്ത ശേഷമാണ് യാത്ര തുടർന്നത്. പിന്നീട് വർഷങ്ങൾക്കു ശേഷം ആ വഴി പോകേണ്ടിവന്നപ്പോൾ കണ്ടത് ആ മരം കടപുഴകി വീണ് ഉണങ്ങി ദ്രവിച്ചു കിടക്കുന്നതാണ്.

ഈ വിശ്വാസങ്ങളിലും ആചാരങ്ങളിലും എനിക്ക് പൂർണ തൃപ്തിയില്ലെങ്കിലും കൂടെ കൂടുകയല്ലാതെ നിവൃത്തിയില്ലായിരുന്നു. മുമ്പ് മുത്തുസ്വാമി പഠിപ്പിച്ചുതന്ന ഇശ്വരവിശ്വാസം ഇതാണ്: ഈശ്വരൻ ജലം പോലെയാണ്. ജലം ഏതൊന്നിൽ നിറക്കുന്നുവോ നിറക്കപ്പെടുന്ന രൂപത്തിലാണ് ഈശ്വരരൂപം. മരത്തിലോ മലയിലോ കല്ലിലോ കരയിലോ കടലിലോ തുടങ്ങി എന്തിലാണോ നാം ഹൃദയത്തിൽ ഉറപ്പിച്ചു വിശ്വസിക്കുന്നത് ആ വസ്തുവിന്റെ രൂപമാണ് ഈശ്വരൻ. അപ്പോൾ പിന്നെ കല്ലിലും മരമുഴയിലും ദിവ്യത്വം കാണുന്നതിൽ അവിശ്വാസം പ്രകടിപ്പിക്കേണ്ടതില്ലല്ലോ! **(തുടരും)**

ബാലപഥം



# പൂക്കാലം വന്ന...!

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

പൂക്കാലം വന്നുകഴിഞ്ഞു-എങ്ങും
പൂക്കൾ ചിരിച്ചു തുടങ്ങി.
കോവിഡുവന്നതിൽ പിന്നെ-നമ്മൾ
ചെടികൾക്കു പിന്നാലെ കൂടി.
മുറ്റത്തു നിരനിരയായി-ചെടി-
ച്ചട്ടികൾ കാണുവാനായി.
മുറ്റത്തുമാത്രമല്ലിന്നു-പല
വീടുകൾക്കുള്ളിലും കാണാം.
പലവർണമുള്ള ഇലകൾ-കണ്ടാൽ
പൂക്കളെക്കാളെന്തു ഭംഗി!
കരളിലും പൂക്കൾ വിരിയും-കണ്ടാൽ
ആനന്ദമേകുമിക്കാഴ്ച!
എന്തെല്ലാം ഏതെല്ലാം പൂക്കൾ-കൊച്ചു
തുമ്പ മുതൽ പനിനീരും,
ജമന്തിയും മല്ലികയും-ശംഖു
പുഷ്പവും തെച്ചിയുമുണ്ട്.
പലപല വർണമെഴുമീ-പൂക്കൾ
ആരാണിതിൻ കലാകാരൻ?
എന്തൊരു സൗരഭ്യമേറും പൂക്കൾ
ആരിതിൻ പിന്നിലെ ശക്തി?
ഏകനാം ദൈവമാണല്ലോ-എല്ലാം
സൃഷ്ടിക്കുമക്കലാകാരൻ!

# മാനസിക സമ്മർദങ്ങൾക്ക് സ്നേഹ സാന്ത്വനം

WISDOM YOUTH

WISDOM HEALTHCARE

wisdomyouth

---

WISDOM

## alive

### COUNSELLING DESK

**കൊറന്റൈൻ ചെയ്യപ്പെട്ടവർക്ക് സമാശ്വാസം**

- മാനസിക ശാരീരിക പ്രതിസന്ധികൾക്ക് പരിഹാരം
- വിളിക്കേണ്ട സമയം : 9AM to 5PM
- വിദഗ്ദ്ധ ഡോക്ടർമാർ, മാനസികരോഗ വിദഗ്ദ്ധർ, ഫാമിലി കൗൺസിലർമാർ, പണ്ഡിതൻമാർ തുടങ്ങിയവരുടെ സേവനം.

TRIVANDRUM: +919961607451, +919747393614, +91 9526524467, +91 9846111569, +919846111569
KOLLAM: +919847115662, +919496328778, +91 9846843174, +91 79077 76442, +91 94474 37338, +91 9947802460, +91 9961493999
ALAPPUZHA: +919996310518, +918943464478, +91 7593944659, +91 95394 22947
IDUKKI: +919946545193, +9199950 25976, +9197462 36553, +9190376 40858
ERNAKULAM: +917902470463, +91082898 80889, +9195445 00993, +9198460 45037, +9199463 48085, +9195441 36813, +9198462 54531
THRISSUR: +919446737160, +919961037934, +919946222282, +917510580834, +9198958130490, +916282230820
PALAKKAD: +919847939173, +919656118833, +919447623139, +919995222000, +919847748685, +919495467259
MALAPPURAM WEST: +919895953579, +919037159419, +917012095123, +919744229447, +919656533301
MALAPPURAM NORTH: +919946199288, +91 90379 29121, +919495889689, +916282276726, +917012803394, +919947298978
MALAPPURAM EAST: +919447749005, +91 9747600123, +91 9995662305, +91 9446993783, +919446243017, +919544712061
KOZHIKODE NORTH: +919895626691, +919961037934, +919567858078, +919847536497, +919995222000, +919400875558, +919447543832
KOZHIKODE SOUTH: +919895356111, +918547853036, +91 9447753369, +919895311428, +919746560146
WAYANAD: +91 94469 90991, +91 99612 84586, +91 97448 80711, +91 99612 15816, +91 96569 85505
KANNUR: +91 95676 21604, +91 98473 85524, +91 99951 81788, +919567678026, +968 9187 2007, +91 94474 11307, +919746559284
KASARAGOD: +919526749667, +919656322000, +919745438099, +918075011566, +917012577245

Wisdom Islamic Youth Organization, CV Complex, PV Swami Road - Calicut

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 JANUARY 02

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 9207525244

## പുതിയ പുസ്തകങ്ങൾ

| | | |
|---|---|---|
| 1. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി | ₹ 180 |
| 2. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ | ₹ 40 |
| 3. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി | ₹ 150 |
| 4. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി | ₹ 100 |
| 5. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി | ₹ 60 |
| 6. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ | ₹ 65 |
| 7. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി | ₹ 75 |
| 8. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് | ₹ 50 |
| 9. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി | ₹ 100 |
| 10. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി | ₹ 200 |
| 11. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി | ₹ 250 |
| 12. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി | ₹ 170 |

